2016 മാർച്ച് 10 മുതൽ ഏപ്രിൽ 9 വരെ

വില 10 രൂപ

മാസിക

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

**Cinema, Sports, Arts & Literature**

**ഏഴാം വാർഷികാഘോഷം**
**സ്പെഷ്യൽ**


















നക്ഷത്രരാജ്യം അവാർഡ് സമർപ്പണം 2015
കോഴിക്കോട് ടൗൺഹാൾ




മുഖചിത്രം
**നക്ഷത്രരാജ്യം അവാർഡ് സമർപ്പണം 2015**


Since : 2008
Nakshathra Rajyam
(Monthly Magazine)
2016 March 10
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 53 Volume 6
Managing Editor, Publisher &
Owned by
**Nakshathrarajyam** E. Radhakrishnan
Edoli House, Kommeri P.O.
Kozhikode - 673007
Address
Managing Editor
NAKSHATHRA RAJYAM
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email:nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Redefine Graphics
Price 10.00


**എഡിറ്റോറിയൽ**



# ദേശീയഗാനം


രവീന്ദ്രനാഥ ടാഗോർ രചിച്ച "ജനഗണമന" ഭാരതത്തിന്റെ സ്വാതന്ത്ര്യാനന്തര കാലം മുതൽ രാജ്യത്ത് ദേശീയ ഗാനമായി ആലപിക്കുന്നു. സ്കൂളുകളിലും, കോളേജുകളിലും ഉൾപ്പെടെ യുവതലമുറയെ രാജ്യസ്നേഹികളായി വാർത്തെടുക്കുന്നതിന് വേി നിത്യവും അധ്യായനസമയം കഴിയുമ്പോഴും അസംബ്ലി അവസാനിക്കുമ്പോഴും നിർബന്ധമായും "ജനഗണ മന" വിദ്യാർത്ഥികളെകൊ് ചൊല്ലിക്കാറുള്ളതായി അല്ലെങ്കിൽ ഉച്ചഭാഷിണിയിലൂടെ കേൾപ്പിക്കാറുള്ളതായി നമുക്ക് അനുഭവമു്. പൗരന്മാർക്ക് ഭയ ഭക്തി ബഹുമാനവും രാജ്യസ്നേഹവും ശിരകളിൽ ഉണരുന്ന ദേശീയഗാനം തുടങ്ങുമ്പോൾ കേട്ടുകൊിരിക്കുന്ന അവിടെയുള്ള മുഴുവൻ പൗരന്മാരും എഴുന്നേറ്റ്നിന്ന് ദേശീയഗാനത്തെ ആദരിക്കണമെന്നതാണ് ചട്ടം. എന്നാൽ ഇക്കാലങ്ങളിൽ വിനോദത്തിനായി ക്ലബ്ബുകളും, കലാസംഘടനകളും സംഘടിപ്പിക്കുന്ന ഗാനമേളകളിലും, മിമിക്സ് പരേഡുകളിലും മൈക്ക് പിടിച്ച് മിമിക്സ് അവതരിപ്പിക്കുന്ന കലാകാരും ഗാനമേള അവതരിപ്പിക്കുന്ന ഗായകരും കലാപരിപാടികളിൽ "ജനഗണ മന" പാടുന്നത് ശരിയാണോ? ഗാനാമേള കാണാനെത്തിയവരോ, മിമിക്സ് പരേഡ് കാണാനെത്തിയവരോ കലാകാരന്മാരുടെ അന്നത്തിനു വേി നിർവ്വഹിക്കുന്ന കോമഡി, പാരഡി തൊഴിലിനോടനുബന്ധിച്ചുള്ള ദേശീയഗാനം കേട്ട് എഴുന്നേറ്റ് നിൽക്കാറുാേ? അല്ലെങ്കിൽ നിൽക്കണമോ? "ജനഗണ മന" എന്ന ദേശീയഗാനം ഏതെങ്കിലും പരിപാടികൾ അവസാനിപ്പിക്കാൻ വേി മാത്രം രൂപപ്പെടുത്തിയതാണെന്ന് കരുതുന്നവരില്ലേ? കലാ ആസ്വാദകരെ രസിപ്പിക്കുവാൻ വന്നവരുടെ ഓരോ നമ്പറുകളിൽ "ജനഗണ മന" ഉൾപ്പെടുത്തിയാൽ കല ആസ്വദിച്ചു കൊിരിക്കുന്ന കാണികൾ ദേശീയഗാനത്തെ ഭയ ഭക്തി ബഹുമാനത്തോടെയും രാജ്യസ്നേഹമനസ്സോടെയും അംഗീകരിക്കുമോ?. പണം വാങ്ങി കലാപരിപാടികൾ അവതരിപ്പിക്കാൻ വരുന്നവർ കലാപരിപാടിയുടെ വിജയത്തിന് "ജനഗണ മന" ഉൾപ്പെടുത്താതിരിക്കുന്നതല്ലേ സന്ദർഭോചിതമായ ബുദ്ധി. കോഴിക്കോട് വെച്ച നടന്ന ഒരു ഗാനമേളയിൽ ഗായകരുടെ ഇത്തരം "ജനഗണ മന"യെ അനാദരിക്കൽ കതായി ഓർമ്മയിലു്. ആരെല്ലാം സംഘടിപ്പിക്കുന്ന ഏതെല്ലാം പരിപാടികളിൽ "ജനഗണ മന" ഉൾപ്പെടുത്താം എന്ന ഒരു ചട്ടവും സംസ്ക്കാരവും ഭാരതത്തിനില്ലേ? അതെല്ലാം ഭാരത പൗരന്മാരെ ഉദ്ബോധിപ്പിക്കുവാനുള്ള ബാദ്ധ്യത ഭാരതത്തിലെ നിയമ സംവിധാനത്തിലുല്ലോ! "പതാക ഉയർത്താൻ ഏതെങ്കിലും ഒരു വടിയെട് '' എന്ന് പറയുന്നവരോട് ഒരു വാക്ക്. എല്ലാ പതാകകൾക്കും, ദേശീയപതാകകൾക്കും, ദേശീയ ഗാനത്തിനും ദേശീയത്തിനുമൊരു ചരിത്രവും വർത്തമാനവും. മാറിവരുന്ന കാലഘട്ടത്തിൽ ഭാരതത്തിലെ പൗരന്മാരെ ദേശീയ ഗാനത്തേയും, ദേശീയ പതാക ഉപയോഗത്തേയും ദേശീയ പതാക ഉയർത്തുന്ന രീതിയെ കുറിച്ചും ഉദ്ബോധിപ്പിക്കുവാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാൻ ഭരണകൂടങ്ങൾ അമാന്തിച്ചുകൂടാ.

മാനേജിംഗ് എഡിറ്റർ

# ജനകീയമുക്ക് അങ്ങാടി



യു.ഏ.ഖാദർ



അങ്ങാടിയാകെ മാറിയിട്ടു്. കാലം ഏറെകഴിഞ്ഞ് കടന്നുപോയതിനാൽ പു കുവെച്ചിരുന്ന അടയാള ചിഹ്നങ്ങൾ സകലതും കാലം അടർത്തിമാറ്റിയിട്ടു്. ബജാറിന്റെ ഒത്തനടുക്കായിരുന്നു കിഴക്കോട്ടേക്ക് പോകുന്ന പഴയ നിരത്ത്. തെക്ക് വടക്കായുള്ള സർക്കാർ നിരത്തും അന്നത്തേതു തന്നെ. എന്നാൽ ഇരുപുറമുായിരുന്ന പീടികകൾക്കെല്ലാം മാറ്റമുായിട്ടു്. പൊതുനിരത്തിന്ന് വീതികൂട്ടിയതിനാൽ പത്തെ ഓലപ്പീടികകൾ ഒന്നും ബാക്കിയില്ല. നിരത്തോരത്തിൽ തങ്ങിനിന്നിരുന്ന പീടികകൾ മുൻഭാഗം പൊളിച്ചുമാറ്റി. അവശേഷിച്ച പിന്നാമ്പുറത്തെ ചുമരുകൾ കെട്ടിപ്പൊക്കി രും മൂന്നും നിലകളിൽ വിലസുന്ന പുതിയ തരം വെൺമാളികകളാക്കി രൂപാന്തരംവരുത്തിയിട്ടു്. ടൗണിന്റെ മുഖഛായ മാറിപ്പോയി എന്ന് മുൻകൂറായി അനിയൻ പറഞ്ഞിരുന്നു.അവൻ പറഞ്ഞതൊക്കെയും മനസ്സിലു്. ഏട്ടന്ന് കാണാനുള്ളത് വിശേഷിച്ചും കിഴക്കോട്ടുപോകുന്ന പാതയുടെ അരികിലുള്ള ആ ബീഡിപ്പീടികയാണല്ലോ. അതവിടെയില്ല. നിരത്ത് വീതിക്കൂട്ടിയപ്പോൾ ആദ്യംപ്പൊളിച്ചത് ആ പീടികയാണ്. അങ്ങാടിയിലെ കച്ചറ പിച്ചറ ചെക്കന്മാർ വിലസിയിരുന്ന ബീഡിപ്പീടികയും, സഖാക്കന്മാർ കൂടിയിരുന്ന സൊറപറഞ്ഞ് സമയം കൊന്നിരുന്ന രാമോട്ടിയുടെ പിഞ്ഞാണപ്പീടികയും, ബാർബർ നാണുവിന്റെ തിണ്ണയും എന്നുവേ ജനകീയമുക്ക് എന്നറിയപ്പെട്ടിരുന്ന അങ്ങാടിയുടെ ചങ്കിലെ മുഴയും മുള്ളും അങ്ങിനെസകലവിധമായ കുാമികളും തൂത്തുവെടിപ്പാക്കി നഗരം ക്ലീനാക്കിമാറ്റിയല്ലോ. അനിയന്റെ വർത്തമാനങ്ങളിലെ കല്ലുകൾ മനസ്സിലാവുന്നു്. ഞാൻ നോക്കിയത്, എന്റെ പഴയ നാട്ടുപ്പുറം അങ്ങാടിക്കുായ എന്തെന്നില്ലാത്ത തിക്കും തിരക്കും ആർഭാടപ്പൊലിമകളുമായിരുന്നില്ല. അനിയൻ പറയുന്നുായിരുന്നു. ടൗണിപ്പോൾ പത്തെമാതിരി ഉണങ്ങിയ ഉറക്കംതൂങ്ങുന്ന സ്ഥലമൊന്നുമല്ല. ആളും അവസ്ഥയും വെളിച്ചവുംമെല്ലാം തികഞ്ഞ നഗരമാണ്. മുൻസിപ്പാലിറ്റിയുടെ ആസ്ഥാനമായ കച്ചവടകേന്ദ്രം. ഒരുപക്ഷേ കോർപ്പറേഷന്റെ ഭാഗമായേക്കാവുന്ന ഇടം. മനസ്സിൽ നുരഞ്ഞ ചിന്തകൾ അവനുമായി പങ്കുവെക്കാൻ എനിക്ക് തോന്നിയതേയില്ല. ഞാനും അവനുമായി മനസ്സ് അത്രയേറെ അകലം വന്നിട്ടു് എന്നു പറഞ്ഞാലും അവന് ദഹിയ്ക്കുകയില്ല. നിങ്ങളൊക്കെ പഴയ ആൾക്കാർ. പഴകിയ പുറംതോടുകളിൽനിന്ന് ഇനിയും ഊരിപ്പോരാൻ കൂട്ടാക്കത്തവർ. പഴയ കുപ്പായങ്ങൾ അഴിക്കാത്തവർ. അങ്ങിനെയൊക്കെയേ അവന് പറയാനറിയൂ. ഞാനങ്ങോട്ടു പറഞ്ഞു: "നീ പൊയ്ക്കോളൂ. ഞാനിവിടെ ഒറ്റക്ക് ഒന്ന് കറങ്ങിനടക്കട്ടെ. റോഡ് റബ്ബറൈസ് ചെയ്തിട്ടുങ്കിലും പഴയചരൽപ്പാതയുടെ ഓർമ്മവെച്ചു നടക്കാൻ ഒരു സുഖമു്. നിന്റെ പുതിയ വീടിന്റെ പാലുക്കാച്ചിന്റെ സമയമാവുമ്പോൾ ഞാനവിടെയുാവും. എനിക്കിവിടങ്ങളിലൊക്കെ പഴയ പരിചയക്കാരിൽ ചിലരെക്കാണേതു്. ജീവിച്ചിരിപ്പുള്ളവരെ. അങ്ങിനെയൊരാളിനെയാണല്ലോ നമ്മൾ ഇന്നലെ ചെന്നുകത്:-

"ശരിയാണല്ലോ"

അത്രയും പറഞ്ഞ് അവനവിടെനിന്നു. എന്തേ നില്ക്കുന്നതെന്ന് ചോദിച്ചില്ല. അങ്ങാടിയിലെ വാഹനത്തിരക്കിൽനിന്നുമാറി കിഴക്കോട്ടേക്ക് നീങ്ങുന്ന നിരത്തിന്റെ ഓരത്തിലായിരുന്നു ഞങ്ങളുടെ നിൽപ്പ്. അവൻ ആക്ഷേപസ്വരത്തിൽ അല്പം മുമ്പേ പറഞ്ഞ "ജനകീയമുക്കിൽ" "ജനകീയമുക്കിലെ ബീഡിപ്പീടികയുടെ ഉടമസ്ഥനെയായിരുന്നു ഇന്നലെ കത്. കക്ഷി ഇപ്പോഴും കുടുംബനാഥനായി ആരോഗ്യവാനായി ു്. മടിയിൽ

ELECTRICALS

# PEE KAY ELECTRICALS

**WHOLESALE & RETAIL**

**City Tower, Mavoor Road, Calicut**

Ph: 0495 2560330,Mob: 9447393749, 9061884419
E-mail: pkelectricals.clt@gmail.com
www.pkelectrical.in

Finolex
WIPRO Applying Thought
legrand®
BAJAJ Bajaj Electricals Ltd. Inspiring Trust
KUNDAN CAB
HAVELLS

മുറംവെച്ച് ബീഡിതെറുക്കുന്ന മമ്മദ്ക്കായുടെ തൊട്ടുമുമ്പിൽ മടിയിൽ മുഖം ഒതുക്കിതെറുത്ത് തൊട്ടുമുന്നിലിരിയ്ക്കുന്ന പയ്യന്റെ നേരെനീട്ടുന്ന സീയ്യാലിക്ക. മുന്നോട്ടു നീട്ടുന്ന കീറ്റിചുരുൾവാങ്ങി അറ്റം നിവർത്തി വാലടച്ച് നൂലുകെട്ടുന്ന കുട്ട്യേമിയെന്ന ചെറുപ്പക്കാരൻ. തൊട്ടപ്പുറത്തെ നാൽക്കാലിയിലിരുന്ന് ബീഡി തെറുക്കുന്ന മറ്റൊരു യുവാവ് കാതൃക്കുട്ടി. അതിനപ്പുറത്തെ ചായ്പ്പിൽ പീടികയിറയത്ത് ബീഡിതെറുക്കുന്നവർ. മമ്മദ്ക്കായുടെ കുട്ടയിൽ ഒഴിഞ്ഞുകാണുന്നപ്പെട്ടികളിൽ കയറിയിരുന്ന് നാട്ടുവർത്തമാനങ്ങൾ പറയാറുള്ള സഖാക്കൾ ശങ്കരൻ നായരും ചാത്തുക്കുട്ടിയും കൃഷ്ണൻമാസ്റ്ററും കുഞ്ഞിരാമേട്ടനും. അങ്ങാടി നടുവിലെ മൂന്നും കൂടിയ നിരത്തിന്റെ മുക്കിലെ ബീഡിപ്പീടിക കേന്ദ്രീകരിച്ച് ഒത്തുകൂടുന്ന ചെറുപ്പക്കാരുടെ സംഘം ഒരിടം തീരുമാനിച്ച് കിഴക്കോട്ടേക്ക് നീങ്ങി റെയിൽവേ ഗെയ്റ്റ് കടന്ന് പാർട്ടിയാപ്പിസിന്റെ പുറംകോലായിൽ എത്തുന്നു. ബീഡിക്കടയുടെ ഉടമയും എത്തുന്നതോടെ രൂപംകൊള്ളുന്ന ചർച്ചാക്ലാസ്സുകൾ. ചെറുപ്പക്കാരുടെ സദസ്സുകൾ. ഇന്നലെ കപ്പോൾ പഴയ ശൗര്യം സ്ഫുരിക്കുന്ന കണ്ണുകൾക്ക് തിളക്കം വറ്റിയിട്ടില്ല. പ്രായം ശരീരത്തെ തളർത്തിയെന്നു പറയാനാവില്ല. കുളടനെ ചോദിച്ചത്, ടൗണിൽ തന്നെയാക്കി കുടംബത്തോടൊന്നിച്ച് താമസം അല്ലേ എന്നായിരുന്നല്ലോ. കാലവും പ്രവർത്തകരും പ്രവർത്തനരീതിയും മാറിയെങ്കിലും താനിപ്പോഴും? എന്നു ചോദിച്ചിരുന്നു. എന്റെ മറുപടിയ്ക്ക് മമ്മദ്ക്ക കാത്തുനിന്നില്ല. എപ്പോഴും തന്റേതായ വിശ്വാസപ്രമാണങ്ങൾക്ക് ഇളക്കം തട്ടാതെ നില്പ്പ് എന്ന് മമ്മദ്ക്കാ അല്പം വിറയാർന്ന ശബ്ദത്തിൽ പറയുകയും ചെയ്തു. ഏറെകാലത്തിനുശേഷമുമായ കൂടികാഴ്ചയാണെങ്കിലും ഓർമ്മ വറ്റാത്ത മനസ്സിൽ അപ്പോഴും ബാക്കി നില്ക്കുന്ന പഴയ കാലഘട്ടം അതിന്റെ ശൗര്യങ്ങളോടെ കാണാനെനിക്കാകുന്നു. ഞാൻ വെറുതെ ചോദിച്ചു: "ബീഡിപ്പീടിക-?"

ഓ അതൊന്നുമില്ല. ടൌണിൽ ഞാനൊരു പീടിക രാമതും ആരംഭിച്ചിരുന്നു. പഴയ സഖാൾക്ക് എത്തിപ്പെടാനും പുതിയ ചെറുപ്പക്കാർക്ക് ഒത്തുക്കൂടാനും. കുറച്ചുകാലം പഴയ ഓർമ്മകളുള്ളവർ ഒത്തകൂടി. പിന്നെ സകലർക്കും തിരക്കായി. ആ തിരക്കുകളും എനിക്ക് ഊഹിക്കാനാവും: തനിക്കറിയാമല്ലോ. സംഭാഷണം ഇടക്കിടെ മുറിയുന്നല്ലോ എന്നായപ്പോൾ യാത്രപറഞ്ഞിറങ്ങിയതാണ്. ഇറങ്ങുമ്പോൾ പടിക്കലോളം വന്നത് കൺമുമ്പിൽ സംഭവിക്കുന്ന മാറ്റങ്ങളെപ്പറ്റി പറയാനായിരുന്നു. കൂട്ടത്തിൽ നല്ല തെളിവുറുന്ന ശബ്ദത്തിൽ പറഞ്ഞു. എടോ നമ്മൾ അഞ്ചാം വാർഡിൽ ഒരുയോഗം ചേരാൻ നിശ്ചയിച്ചു ചെന്നപ്പോൾ ഏറ്കൊ് മേശയും കസേലയും പെറക്കിപ്പോന്നത് ഓർമ്മയില്ലേ? അഞ്ചാം വാർഡിൽ കൗൺസിലർ നമ്മളെ ആളാ. അതും മുസ്ലിം കുട്ടി; പെൺക്കുട്ടി. എന്റെ ബന്ധുവിന്റെ കാര്യമാണ് സഖാവ് മമ്മദിക്ക ആവേശപൂർവ്വം പറയുതെന്നറിയാം. പഴയ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിക്കാൻ നിന്ന സഖാവ് ബീവിയേയും കൂട്ടരേയും എറിഞ്ഞോടിച്ച വാർഡ് ഏതാണെന്ന് എനിക്കറിയാ. മാറ്റമാണല്ലോ. മമ്മദ്ക്കാ ആ കാര്യങ്ങൾ പറയുമ്പോൾ അനിയൻ എന്റെയൊപ്പം കേട്ടു നില്പ്പുായിരുന്നു. അവനൊന്നും അന്നേരം പറഞ്ഞില്ല. പഴയകൂട്ടുകാരെത്തേടി നടക്കാൻ മുതിർന്നിറങ്ങിയ എന്നെ ഭജാറിന്റെ മുക്കിൽ, പഴയ അങ്ങാടിയിലെ ജനകീയമുക്കിൽ വിട്ടേച്ച് പോകുമ്പോൾ അവൻ പറഞ്ഞ കുത്തുവാക്കുകൾ എന്റെ മനസ്സിനെഇപ്പോഴും വേദനിപ്പിക്കുന്നവയാണെന്നത് അവൻ മനസ്സിലാക്കിയില്ല. അവൻ പഴയ പ്രകൃതക്കാരൻത്തന്നെ. ഏട്ടനെനിരന്തരം വേട്ടയാടുന്നവൻ.

അവൻ പറയുന്നത് കേട്ടു. നടത്തം പഴയ ചരൽപ്പാതയിലൂടെയാണന്ന ചിന്തയിൽ നടന്ന് നടന്ന് കോതത്തറ കയറ്റത്തിലെത്തി. അവിടെ പഴയ ആൾക്കാരൊന്നും ഇപ്പോഴില്ല. അച്ഛനും അമ്മയും സേലത്തേക്ക് മടങ്ങിയോ എന്തോ! ചിലപ്പോൾ അവർ സേലത്തെത്തുന്നതിന് പകരം സിഖാകൂടിയിട്ടുാവും. ഏട്ടനൊരാൾ ഉായിരുന്നല്ലോ. മൂപ്പരും എങ്ങോട്ടോ പോയി. ചെട്ടിക്കൂട്ടങ്ങളൊക്കെയും ഒഴിഞ്ഞുപോയി. വളവില്പ്പനക്കാരും നാദസ്വരം വായിക്കുന്നവരും ഒക്കെ പുതിയ ക്കൂട്ടുകാരായി. അവർ പാർത്ത പുരയും അതിന്നപ്പുറത്തെ പാർട്ടിയാപ്പീസ് നിന്ന പറമ്പും വീടും എല്ലാം പുതിയ പാല ത്തിന്ന് സ്ഥലമെടുത്തപ്പോൾ സകലതും പൊളിച്ചുമാറ്റി. കോതത്തറക്കയറ്റം തന്നെ കാലറിയാതായി –:

അവൻ ഉറക്കേയുറക്കേ ചിരിച്ചു. ചിരിയ്ക്കാനുള്ള വകയൊന്നും എനിക്കവന്റെ വർത്തമാനത്തിൽനിന്നും കിട്ടിയില്ല. ഒടുവിൽ, ഞാൻ കേൾക്കരുതെന്ന് ചിചാരിച്ച് അവൻ തന്നത്താൻ പിറുപിരുത്തതും ഞാൻ കേട്ടു. "കോതത്തറക്കയറ്റത്തിലെ ചെട്ടിച്ചിയുടെ മടിയിൽ ചെന്ന്..."

പഴയകഥയുടെ പെരുംചുഴിയിൽ ഏട്ടൻ ഇപ്പോഴും അകപ്പെട്ടുപോകരുതെന്നാവും അനിയന്റെ മനസ്സിലിരിപ്പ്.


അങ്ങാടിയുടെ നെഞ്ചത്ത് തനിച്ച് നിർത്തിയിട്ടുള്ള അവന്റെ ആ പോക്ക് ഇഷ്ടപ്പെടാൻ സാദ്ധ്യമല്ലല്ലോ.

അവനും അവനെപ്പോലെ മറ്റുപലരുടേയും നാവിൽ കിളിർത്ത കഥകൾ. ഞാനതിന്നക്കാലം ഏൽക്കേിവന്ന പഴിവാക്കുകൾ. കുറ്റപ്പെടുത്തലുകൾ. ശിക്ഷണനടപടികൾ.

പാർട്ടിയാപ്പീസ്സ് നില്ക്കുന്ന പറമ്പിന്റെ താഴത്തെ ഇടവഴിയ്ക്കഭിമുഖമായ ചെറിയ വീട്ടിലെ അംഗങ്ങൾ. അച്ഛൻ നാദസ്വരവാദ്യക്കാരനായ മുനിയാി. അമ്മ വള വില്പനക്കാരി കാമാക്ഷിയമ്മ. ഒരു മകന്. കോയമ്പത്തൂരിലെ തുണിമില്ലിലെ തൊഴിലാളിയായിരുന്നു. അക്കാലത്ത് ഭേനപ്പളി സാനിട്ടോറിയത്തിൽ നിന്നും രോഗം മാറി അച്ഛനമ്മമാരുടെയടുത്തെത്തിയവൻ. ടൗണിൽ ഒരു ടെയിലറിംഗ് ഷാപ്പിൽ ജോലിയായി. പാർട്ടിയാപ്പിസിന്ന് തൊട്ടു മുകളിലെ വീട്ടിൽ പാർക്കുന്നവർ പാർട്ടിയെ സ്നേഹിക്കുന്നവരായിരുന്നു. നാദസ്വരംവായിക്കുന്ന മുനിയാി കലാപ്രവർത്തനങ്ങൾക്കൊപ്പം പാർട്ടിയാപ്പീസിൽ വരാറ്. ആപ്പിസിലെത്താറുള്ള കുഞ്ഞിരാമൻ സഖാവിനെകു സംസാരിക്കാറ്. തമിഴ്നാട്ടിൽ ഇട്ടേച്ചുപോന്ന കുടുബവേരുകളെകുറിച്ചാണ് സംസാരങ്ങൾ. കുഞ്ഞിരാമൻ സഖാവിന്ന് തമിഴ്നാട്ടിലെ പാർട്ടി പ്രവർത്തകരെ പരിചയമു

(ശേഷം പേജ് 42 ൽ)

# മലമുകളിലെ ദൈവം



അശോകൻ ചരുവിൽ



ആറു സെല്ലിന്റെ പിച്ചളടോർച്ച് കക്ഷത്ത് വെച്ച്, നരച്ച മീശയുടെ താഴെ ബീഡിക്കറപിടിച്ച പല്ലുകൾ കാണിച്ചു ചന്തുക്കുട്ടി യാത്ര ചോദിച്ചു

“അപ്പോ വരട്ടെ സഖാവെ, പിന്നെ കാണാം.”

പരുപരുത്ത കാക്കി ഷർട്ടിന്റെ മേലേക്ക് കൈലിമുണ്ട് മടക്കിക്കുത്തി ഗേറ്റ് തുറന്ന് അവൻ നടന്നുപോയി. അപ്പോഴാണ് എന്റെ ശ്വാസം നേരെ വീണത്. ശമ്പളബാക്കി തീർത്ത് കൊടുത്തു പിരിച്ചയയ്ക്കുമ്പോൾ അവൻ എതിർക്കുമെന്നാണ് ഞാൻ കരുതിയത്. ചുരുങ്ങിയ പക്ഷം ഒന്നു മുറുമുറുക്കുകയെങ്കിലും ചെയ്യും. അതുപോലും താങ്ങാനുള്ള മാനസികാവസ്ഥ എനിക്കില്ല.

പക്ഷേ ചന്തുക്കുട്ടി എതിർത്തില്ല. .

കാലത്ത്തൊട്ട് ഞാൻ വലിയ ടെൻഷനിലായിരുന്നു. ഇന്നലെ രാത്രിയിലാണ് ഡൈനിങ്ങ് ടേബിളിലെ വലിയ ചർച്ചയ്ക്ക് ശേഷം അവനെപിരിച്ചയയ്ക്കുന്ന കാര്യം തീരുമാനമായത്. പിരിഞ്ഞുപോവേ കാര്യം അവനോട് ഏതു പ്രകാരം അവതരിപ്പിക്കും എന്ന് തലങ്ങും വിലങ്ങും ആലോചിച്ചു. കാലത്ത് ചായ പോലും കഴിച്ചില്ല പത്രം വായിച്ചില്ല. കക്കൂസിൽ പോയില്ല.

ഗീതമ്മ പറഞ്ഞു :”ഒരു വീട്ടു ഡ്രൈവറെ പറഞ്ഞു വിടുന്നത് ഇക്കാലത്ത് ആനക്കാര്യമൊന്നുമല്ല“

“പക്ഷേ എന്താണ് കാരണം പറയുക?

“ഒരു കാരണവും പറയ. ഇനി വരാന്ന് ഒരു വാക്കങ്ങട് പറഞ്ഞാമതി. അയാള് പോണം. അതാ മര്യാദ. എപ്പഴും ന്യായം പറയണ ആളല്ലേ അയാള്.“

ഗീതമ്മക്ക് അരിശം വന്നു.

“ഇതുപോലെ ഒരു ഡ്രൈവറ് ഉാവണേലും ഭേദം ഉാവാരിക്കലാണ്. കാറും ആവശ്യല്യ. മനുഷന് ഒരു സൗകര്യത്തിനും സുഖത്തിനും വേീട്ടാണ് കാറും ഡ്രൈവറും. സാരോപദേശത്തിനും സന്മാർഗ്ഗ പരിപാലനത്തിനും അല്ല.”

“കാലത്ത് പതിവു പോലെ ചന്തുക്കുട്ടി വീട്ടുമുറ്റത്തു ഹാജരായി. താക്കോൽ കിട്ടാനായി കാത്തു നിന്നു. ഞാൻ ഉമ്മറത്തേക്കു വന്നിട്ടു പറഞ്ഞു. ഒര സൗകര്യം വന്നുപെട്ടു ചന്തുക്കുട്ടി. കാറിന് ഇനി പ്രത്യേകിച്ച് ഒരു ഡ്രൈവറ് വോന്നാ തീരുമാനിച്ചേട്ക്കണത്. അത്യാവശ്യം വരുമ്പൊ ഞങ്ങള് എങ്ങനേങ്കിലും തട്ടി ഉരുട്ടി കൊായ്ക്കോളാം.”

ചന്തുക്കുട്ടിയുടെ

കറുത്ത മുഖം ലേശംകൂടി ഇരുു. പക്ഷേ വേഗമതു വീും പ്രകാശിച്ചു. അവൻ ചിരിച്ചു:

"അതു നല്ലതാ. സ്വന്തം വി സ്വയം ഓടിക്കണതാ അതിന്റെ ശരി. ഇന്റെ കാര്യം പ്രസ്നാക്ക."

ഉമ്മറത്തെ ടീപ്പോയിൽ കിടന്നിരുന്ന പത്രമെടുത്ത് നിന്നു കൊതന്നെ അവൻ ഓടിച്ചൊന്നു നോക്കി എന്നിട്ടു പറഞ്ഞു.

"റഷ്യേലെ ഈ പുതിയ വ്ളാഡിമിർ പുടിൻ ആരാന്ന് മനസ്സിലായോ സഖാവിന്? പഴയ വെറുമൊരു കെ. ജി. ബി ഏജന്റാണ്. പെൻഷണറ്. യൽസിന്റെ കളിയല്ലേ ഇദ്."

പത്രം മടക്കിവെച്ച് അവൻ യാത്ര പറഞ്ഞു.

ചുമലിൽനിന്നു വലിയൊരു ഭാരം ഇറക്കിവെച്ചതുപോലെ എനിക്ക് അനുഭവപ്പെട്ടു. മനസ്സിനു വല്ലാത്ത ലാഘവം തോന്നി. മാർച്ചുമാസമായതുകൊ് പൂത്തു നിൽക്കുന്ന കൊന്നമരങ്ങൾ കാണാം. കാറുമെടുത്ത് ഒരു ദൂരയാത്ര പോയാലോ?

ഉച്ചയ്ക്കു മുമ്പ് പുതിയ ഡ്രൈവർ വന്നപ്പോൾ ഞാനയാളോടു പറഞ്ഞു ;

"നമുക്കിന്ന് ഒരു ഇന്റർസ്റ്റേറ്റ് ഓട്ടമു്. പഴനി, ഒരു പക്ഷേ മധുരവരെ. ബുദ്ധിമുട്ടില്ലല്ലോ."

"എന്റെ ഭാഗ്യം സാർ. പഴനിയില് എന്റെ അമ്മ കഴിഞ്ഞയാഴ്ച നേർന്ന ഒരു വഴിപാടുായിരുന്നു. അതു സാധിക്കാലോ"

ഗീതമ്മയുടെ ഒരു ബന്ധു ഏർപ്പാടാക്കി തന്നതാണ് ഇയാളെ. സുധാകരൻ എന്നാണ് പേര്. ചെറുപ്പമാണ്. താക്കോൽ കൊടുത്തപ്പോൾ ഡോർ തുറക്കും മുമ്പേ അയാൾ കാറിനെതൊട്ടു വണങ്ങി. സീറ്റിലിരുന്ന് അല്പ സമയം കണ്ണടച്ചു പ്രാർത്ഥിച്ച ശേഷമാണ് സ്റ്റാർട്ടാക്കിയത്.

"പഴനിക്ക് മാഡത്തിനെകൂട്ടായിരുന്നില്ലേ സാർ?"

അവൻ തിരിഞ്ഞ് എന്നോടു ചോദിച്ചു.

"ഒന്നിച്ചു ജീവിക്കുന്നവർ ഒറ്റയ്ക്കു യാത്ര ചെയ്യുന്നതല്ലേടോ ശരി."

ഞാൻ ഒരു തത്വജ്ഞാനം പോലെ അവനോടു പറഞ്ഞു.

"നമുക്ക് ഗോവിന്ദാപുരം പൊള്ളാച്ചി വഴി കടക്കാം, അല്ലേ സാർ? പൊള്ളാച്ചിയില് ഹോൾട്ടായാലോ?"

"വേ, പഴനി അടിവാരത്തെത്തട്ടെ. എന്നിട്ടു മുറിയെടുക്കാം."

സുധാകരൻ കാറിലെ സ്റ്റീരിയോ ഓൺ ചെയ്തു. പഴയകാല മലയാള സിനിമയിലെ പാട്ടുകൾ കേൾക്കാൻ തുടങ്ങി. യേശുദാസ്: ഇന്ദ്രനീലംകൊു മാനത്തു തീർത്തൊരു? പി. ലീല: മാനത്തു തീർത്തൊരു? ഗന്ധർവ്വ രാജാങ്കണത്തിൽ, ചന്ദ്രിക പൊൻ താഴികക്കുടം ചാർത്തുന്ന ഗന്ധർവ്വ രാജാങ്കണത്തിൽ, അപ്സരകന്യകൾ പെറ്റു വളർത്തുന്ന ചിത്രശലഭങ്ങൾ നിങ്ങൾ.

ഞാൻ വല്ലപ്പോഴും ഇതുപോലെ ദൂരസ്ഥലങ്ങളിലെ ക്ഷേത്രങ്ങളിൽപോകാറു്. എനിക്ക് ഈശ്വരവിശ്വാസം ഇല്ല. ക്ഷേത്രങ്ങളിൽ ചെന്നാൽ അകത്ത്കടന്ന് തൊഴുകയും പതിവില്ല. പക്ഷേ, ക്ഷേത്രപരിസരത്തു നില്ക്കുമ്പോൾ മനസ്സിനു വല്ലാത്ത ആശ്വാസം ലഭിക്കാറു്. വീട്ടുകാര്യങ്ങളും ജോലിയും തിരക്കും മനസ്സിൽനിന്നു വിട്ടു നിൽക്കും. പ്രിയപ്പെട്ട ആരുടേയോ അടുത്തു നില്ക്കുന്നതുപോലെ തോന്നലുാകും.

കുട്ടിക്കാലത്ത് അമ്മയുടെകൂടെയാണു ഞാൻ ക്ഷേത്രങ്ങളിൽ പോകാറുള്ളത്. കുമരംചിറ ഭഗവതിയാണു ഞങ്ങളുടെ പരദേവത. എല്ലാമാസവും ആദ്യത്തെ തിങ്കളാഴ്ച പുലർച്ചയ്ക്ക് പുറപ്പെടും. കുന്നുംപാടവും കയറി മറിഞ്ഞ് അഞ്ചുമൈൽ നടത്തമു്. വെറും വയറോടെയാണു നടത്തം. ആ യാത്രയിലാണ് അമ്മയെ എനിക്ക് സ്വന്തമായി കിട്ടിയിരുന്നത്, അമ്മ അലക്കിവെളുപ്പിച്ച വൃത്തിയുള്ള പുടവ ഉടുത്തിരിക്കും. ഒട്ടും ദേഷ്യപ്പെടില്ല. സൗന്ദര്യമുള്ള ആ മുഖത്ത് കുട്ടിക്കു വിശക്കുന്നുല്ലോ എന്ന വിഷമം ഉാകുകയും ചെയ്യും.

"ഓടിഓടി നടന്നാല് അമ്പലം ദാ എത്ത്വായില്ലേ?"

ഒരിറക്കം ഇറങ്ങി വയലിലാണു ക്ഷേത്രം. വഴിപാടു കഴിച്ച് തിരിച്ചു കയറിയാൽ ഉണ്ണിനമ്പീശന്റെ ഭഗവതി വിലാസം ആന്റ് കാപ്പി ക്ലബ്ബായി. സാധാരണനിലയ്ക്ക് ഞങ്ങളുടെ വീട്ടിലെ സ്ത്രീകൾ ഹോട്ടലുകളിൽ കയറുക പതിവില്ല. പക്ഷേ, ഉണ്ണിനമ്പീശന്റെ ഹോട്ടൽ വെറുമൊരു ഹോട്ടലല്ല. അവിടത്തെ വിഭവങ്ങൾ ഭഗവതിയുടെ പ്രസാദമായിട്ടാണു കണക്കാക്കിയിരുന്നത്.

നന്നായി മൊരിഞ്ഞ ദോശയും ചായയുമാണു

## മഹാദേവൻ നൃത്തശിൽപ്പം അരങ്ങേറി

നടനശ്രീ കലാക്ഷേത്ര കോഴിക്കോടിന്റെ രാം നൃത്ത ശിലപ്പ പരമ്പര മഹാദേവ ആദ്യഭാഗം ടൗൺഹാളിൽ അരങ്ങേറി. നടനശ്രീ കലാക്ഷേത്ര സെക്രട്ടറിയായ ടി.എസ്. അനിയനാണ് കേന്ദ്രകഥാപാത്രത്തേയും മഹാദേവനേയും ദക്ഷനേയും ഒരേസമയം അവതരിപ്പിച്ചത്. ആര്യ ആർ. കൃഷ്ണ, കലാമണ്ഡലം സച്ചിൻ എന്നിവർ വിവിധ വേഷങ്ങൾ അവതരിപ്പിച്ചു. പരമശിവന്റെ ജീവിതകഥ നൃത്ത രൂപത്തിൽ അഞ്ച് ഭാഗങ്ങളായാണ് അരങ്ങിലെത്തിക്കുന്നത്. ഇതിൽ ആദ്യഭാഗമാണ് അരങ്ങിലെത്തിയത്. കലാക്ഷേത്രയുടെ പ്രഥമ നൃത്ത ശിൽപ്പ പരമ്പര രാവണൻ ഏറെ ജനശ്രദ്ധ നേടിയിരുന്നു.



ഞങ്ങൾ അവിടെനിന്നു കഴിക്കുക. അക്കാലത്ത് വീടുകളിൽ ചായ ഉാക്കുക പതിവില്ല. ഒരു ദോശ വെളിച്ചെണ്ണയിൽ കുതിർത്ത ചമ്മന്തിപ്പൊടിയിൽ മുക്കിത്തിന്നും ഒരു ദോശ നാളികേരചട്നിയിൽ മുക്കിത്തിന്നും. കോണവും അതിന്റെ മുകളിൽ മുഷിഞ്ഞ് കൂറയായ ഒരു തോർത്തും ഉടുത്ത് വന്ന് ഉണ്ണിനമ്പീശൻ ലോഹ്യങ്ങൾ പറയും.

പഴനിയിൽ ചെന്നാൽ ഞാൻ സത്രത്തിലാണ് മുറിയെടുക്കാറ്.കുളിച്ചശേഷം അടിവാരത്തെ വഴികളിലൂടെ ചുറ്റിനടക്കും. കുതിരവിയിൽ കുറച്ചുദൂരം സഞ്ചരിക്കും. നടയിൽ കുറച്ചു സമയം നില്ക്കും. ചിലപ്പോൾ കുറെ പടികൾ വെറുതെ കയറും. കിതയ്ക്കുമ്പേൾ ഇറങ്ങിപ്പോരും.

രുമാസം മുമ്പ് പഴനിയിൽ പോകണമെന്നു ഞാൻ ചന്തുക്കുട്ടിയോട് പറഞ്ഞിരുന്നു. കേട്ടപാടെ അവൻ പൊട്ടിച്ചിരിച്ചു.

"എന്താപ്പോ, പഴനിക്ക്?"

അവൻ ചോദിച്ചു. അതു കേട്ട് എനിക്കു വല്ലാതെ ദേഷ്യം വന്നു. ഞാൻ ഒന്നും മിയില്ല. അവൻ പറഞ്ഞു:

"ലോകത്തില് ഇത്ര വൃത്തിക്കെട്ട സ്ഥലം വേറെ ഇല്യ സഖാവെ. ഒരിക്കെ, ഞാൻ നമ്മുടെ ചാരായ മൊതലാളിനീം കുടുബത്തിനേം കൊു പോയി. ആ വെല്യ ശകടാണ്. ഞാനത് ഇടുക്ക പതിവില്ല. ഈ ചാരായ മൊതലാളിമാരെടെ സ്വഭാവം എനിക്കു പിടിക്കില്യ. അവരുടെ പെണ്ണുങ്ങളാന്നുവെച്ചാ വെറും മാംസകഷണങ്ങളാ. ബോധല്യ. ഇനിക്കത് പിടിക്കില്യ.

"അകലേന്നു നോക്കുമ്പോ മലേം അമ്പലോം കാണാൻ കൊഴപ്പല്യ. നല്ലശേലാ. അടുത്തു ചെന്നാലല്ലേ സംഗതി. അടിവാരത്തെ റോട്ടിലൊക്കെ മനുഷര് അപ്പിയിട്ടു വെച്ചിരിക്യ. മലം, മൂത്രം, കുതിരച്ചാണം, ചന്ദനത്തിരി കളഭം, നെയ്യ് ഒക്കത്തിന്റെംകൂടി ഒരു കെട്ട നാറ്റം. കാല് നെലത്ത് വെക്കാമ്പറ്റില്യ."

"മോളിലിക്ക് കേറ്യാലോ പിടിച്ചുപറീം തട്ടിപ്പും. നമ്മുടെ രജിസ്ട്രാപ്പീസിലിാകില്ല ഇത്രകൈക്കൂലി"

"നവജീവൻ കലാസമിതിക്കു പ്രസംഗിക്കാൻ വന്നപ്പോ സഖാവു പറഞ്ഞില്ലേ, ആരോ പറഞ്ഞൂന്ന്, ഒരമ്പലം കത്തിപ്പോയാ അത്രേം നന്നായീന്ന് ആരാ അത് പറഞ്ഞത്?"

ഞാൻ മറുപടി പറഞ്ഞില്ല.

ഇങ്ങനെയാണ് ചന്തുക്കുട്ടി കുഴപ്പങ്ങൾ ഉാക്കുന്നത്. വാക്കുകൾകൊ് അവൻ മനസ്സിനെമുറിവേല്പ്പിക്കും. ഹൃദയത്തിൽ എവിടെയോ ഉാവുന്ന ചോദനകളാണു യാത്രകളായി രൂപപ്പെടുന്നത്. ചന്തുക്കുട്ടിയുടെ ഇടപെടൽ ഉാവുന്നതോടെ ആ ആഗ്രഹം കെട്ടുപോകും.

ഗീതമ്മ എന്റെ ചെവിയിൽ പിറുപിരുക്കും:

"ഇയ്യാള് ഡ്രൈവിങ്ങ് സീറ്റിലാണോ അതോ പാർട്ടി ഓഫിസിലാണോ ഇരിക്കുന്നത്?"

കഷ്ടിച്ചു രുകൊല്ലം മുമ്പാണ് ചന്തുക്കുട്ടി ഞങ്ങളുടെ കാറിൽ ഡ്രൈവറായി എത്തിയത്. എനിക്കു നല്ല ഓർമ്മയു്. ഞാൻ കാറു വാങ്ങിച്ച വിവരം അറിഞ്ഞപ്പോൾ യൂണിയൻ ആപ്പിസിന്റെ സെക്രട്ടറി ഡി. കെ. ആചാരി എന്നെ കാണാൻ വന്നു. എന്റെ കീഴിൽ സെക്ക്ഷൻ സൂപ്രായി നേരത്തെ റിട്ടയർചെയ്ത ആളാണ് ആചാരി.

"ഒരു ശിപാർസയ്ക്കാണ്."

ആചാരി തുണിസഞ്ചിയിൽനിന്ന് സ്റ്റീൽചെപ്പെടുത്തു മുറുക്കാൻ നിർമ്മിച്ചു തുടങ്ങി.

"നമ്മുടെ ആൾക്കാര് മിക്കവാറും ഇപ്പോ സ്വന്തം കാറു വാങ്ങിച്ചു. ഡി. സി. ആപ്പിസിന്റെ കോമ്പൗില് കാറ് ഇടാൻ സ്ഥലല്യാായി. റോട്ടില് കാറ് ഇട്ട്ട്ട് ഇപ്പോ സ്ഥിരം ബ്ലോക്കാ അവടെ."

ആചാരി പൊട്ടിച്ചിരിച്ചു.

"നമ്മുടെ ചന്തുക്കുട്ടിനെഅറിയില്ലേ? പറഞ്ഞാൽ അറിയില്ലെങ്കിൽ കാൽ അറിയും. ജാഥേല് മുദ്രാവാക്യം പാടണ ചന്തുക്കുട്ടി. ടൗണിൽ അവനില്ലാത്ത സംഗതിയില്ല. ചുക്കില്ലാത്ത കഷായം ഇല്ലല്ലോ. നമ്മുടെ പഴയ ആളാ. പഴേകാലത്തെ ഒരു ഷെൽട്ടറാ അവന്റെ വീട്.

"എക്സ്പർട്ട് ഡ്രൈവറാ. പ് പി. എസ്. എൻ. മോട്ടോഴ്സിലുാർന്നു. പിന്നെ അതു വിട്ട് ചാരായ കമ്പനീടെ ജീപ്പില് കയറി. ചാരായം പൂട്ടീലോ. അയാക്കു പണിയില്ല. മക്കളൊക്കെ വെലുതായി. അവരുക്കും പണിയില്ല. അയാൾടെ ഭാര്യക്ക് സുഖല്യ. ഹാർട്ടിത്തിരി വീക്കാ. ഒന്നു മനസ്സുവെച്ചാ വെല്യ ഉപകാരാവും."

"എ. സി. സഖാവിനെഅവന് വെല്യകാര്യാണ്. എപ്പഴും പറയും ഒരു ആരാധകൻ ഡ്രൈവറാകുന്നതു നല്ല കാര്യമല്ലേ?"

റിട്ടയർ ചെയ്തപ്പോഴാണ് ഞാൻ കാറു വാങ്ങിയത്. ജോലിയിലിരിക്കുമ്പോൾ സ്വന്തം വാഹനത്തിന്റെ ആവശ്യം തോന്നിയിരുന്നില്ല. ആപ്പീസു കാര്യത്തിന് സർക്കാർ ജീപ്പു്. അതു സ്വകാര്യാവശ്യത്തിന് ഞാൻ ഉപയോഗിക്കാറില്ല. അത്യാവശ്യം വരുമ്പോൾ സുഹൃത്തുക്കൾ അവരുടെ വി അയച്ചുതരും.

ആചാരി പറഞ്ഞതുപോലെ ചന്തുക്കുട്ടിയെക്കപ്പോൾ എനിക്കു മനസ്സിലായി. പലതവണ കാണുകയും സംസാരിക്കുകയം ചെയ്തിട്ടു്. പേര് പറഞ്ഞിരുന്നെങ്കിലും എന്റെ ഓർമ്മയിൽനിന്നു വിട്ടുപോയതാണ്. ആൾ നന്നായി കറുത്ത് ലേശം തടിച്ചിട്ടാണ്. ഉയരം കുറവു്. തലമുടിയും മീശയും നരച്ചു വെളുത്തു. എനിക്ക് കൂടുതൽ പരിചയം ആ ചിരിയാണ്. അവൻ ചിരിക്കുമ്പോൾ കണ്ണുകളും ചിരിക്കും

റിട്ടയർ ചെയ്യുന്നതിനു മുമ്പുംശേഷവും ഞാൻ പട്ടണത്തിലെ ഇടതുപക്ഷ സാംസ്ക്കാരിക സദസ്സുകളിൽ പ്രസംഗിക്കാറ്. പ്രസംഗം ആത്മാവിന്റെ വെളിപ്പെടുത്തലായി ഞാൻ കരുതുന്നു. മൈതാനപ്രസംഗം അത്ര കാര്യമാക്കാറില്ല. കല, സാഹിത്യം, തത്ത്വചിന്ത, ചരിത്രം, സംഗീതം, സിനിമ എന്നിവയെക്കുറിച്ചുള്ള പ്രസംഗങ്ങൾ സദസ്സിന്റെ മനോഭാവമനുസരിച്ചാണ് നന്നാവുകയോ ചീത്തയാവുകയോ ചെയ്യുക.

സമാനഹൃദയമുള്ള ഒരു സദസ്സുവേണമെന്നു സാരം ഒരു

ഹാളിൽ പ്രസംഗിക്കുമ്പോൾ വാക്കുകൾക്കു കണ്ണും കാതും ഓർത്തിരിക്കുന്ന അപൂർവ്വം ചില മുഖങ്ങൾ നമുക്കു കാണാനാവും. അതിലൊന്ന് ചന്തുക്കുട്ടിയുടേതാണ്. നാം പറയുന്ന ഓരോവാക്കും ആശയവും അതതിന്റെ വൈകാരികതയോടെ അവന്റെ മുഖം ഏറ്റുവാങ്ങും. ചിലസമയം അവന്റെ കണ്ണുകൾ നനവുകൊുതിളങ്ങുന്നത് ഞാൻ ശ്രദ്ധിച്ചിട്ടു്.

പ്രസംഗം കഴിഞ്ഞു പുറത്തു കടക്കുമ്പോൾ ചന്തുക്കുട്ടി വേഗത്തിൽ അടുത്തുവരും.

കലക്കി സഖാവെ. ഇനി അവർക്ക് എന്താ ഇതിന് മറുപടി പറയാനുാവ്വാ? ഒന്നുല്യ!

ഇതൊക്കെ സഖാവ് എഴുതണം. ഇതിപ്പൊ ഈ ഹാളിലെ നൂറുപേരല്ലേ കേക്കണള്ളൂ. നാടുമുഴുവൻ ഇതറിയണം. ഇപ്പഴത്തെ നമ്മുടെ നേതാക്കൾക്ക് എഴുത്തു വശല്യായി.

ജോലികെ ത്തിയ ദിവസം ചന്തുക്കുട്ടി പറഞ്ഞു:

" ചാരായം നിർത്ത്യേപ്പൊ ജോലി പോയി. എന്നാല് ഇപ്പൊ അതൊരു ഭാഗ്യായിട്ടാ കണക്കാക്കണ് ഏ.സി. സഖാവിന്റെ കൂടെ ഇങ്ങനെ ചുറ്റിത്തിരിയാലോ, വർത്താനോം പറഞ്ഞ്. ശമ്പളന്നും പ്രശ്നല്ല.

അത് ഗീതമ്മ കേട്ടു. അവൾ ചോദിച്ചു:

" സഖാവോ? അതെന്താ അങ്ങനെഒരു വിളി. അയാക്കെന്താ സാറെന്നു വിളിച്ചാല്?"

ഞാൻ മിയില്ല. എനിക്ക് അവളോടു നീരസം തോന്നി. വളരെ പ് നാട്ടിലെ മൈതീൻകുഞ്ഞാണ് എന്നെ ആദ്യം അങ്ങനെവിളിച്ചിട്ടുള്ളത്. 1950–ൽ മൈതീൻകുഞ്ഞിന് അന്ന് അറുപത് വയസ്സ്. എനിക്ക് പന്ത്രും.

"സഖാവ് വിവരം അറിഞ്ഞോ?"

സ്വകാര്യമായിട്ടാണു ചോദിക്കുന്നത്. പക്ഷെ, മൈതീൻകുഞ്ഞ് സ്വകാര്യം പറഞ്ഞാലും അതു ചുറ്റുപാടും കേൾക്കും.

"സേലം ജയിലില് വെടിവെപ്പ് നടന്നു. ഇരുപത്തി ര് സഖാക്കള് മരിച്ചു."

കാട്ടൂർകടവത്തെ ബീഡിപ്പീടികയിലെ പ്രധാന തെരുപ്പുകാരനായിരുന്നു മൈതീൻകുഞ്ഞ്. ഏഴെട്ടു തെരുപ്പുകാരുായിരുന്നു അവിടെ. ബീഡിതെരുപ്പും പത്രം വായനയും ഒന്നിച്ചു നടക്കും. സ്ക്കൂൾ വിട്ടു മടങ്ങുമ്പോൾ നടന്നു ക്ഷീണിച്ചു ഞാൻ ബീഡിപ്പീടികയിൽ കയറും. ഞാൻ ചെല്ലുമ്പോൾ മൈതീൻ കുഞ്ഞ് ചായക്കടയിലേക്കു വിളിച്ച് ഓർഡർ ചെയ്യും.

" സഖാവിന് ഒരു ചായ, കടുപ്പല്യാത്തത്. ഒരു സുഖിയനും."

ഭാഗം കഴിഞ്ഞ തറവാടുകളിലെ സ്ക്കൂൾകുട്ടികൾക്ക് അക്കാലത്ത് ഉച്ച ഭക്ഷണം പതിവില്ല.

പ്രധാനമായും ഗീതമ്മയ്ക്കാണ് കാറിന്റെ ആവശ്യം. അധ്യാപികയായ അവൾക്കു കോളേജിൽ പോകണം, വരണം. ഭാരതീയ വിദ്യാഭവനിൽ പഠിക്കുന്ന മകളെ ആഴ്ചയിലൊരിക്കൽ ഹോസ്റ്റലിൽ നിന്നു കൊുവരണം. ഞങ്ങളുടെ മകൻ പഠിക്കുന്നത് മണിപ്പാലിലാണ്.

പക്ഷേ, ഗീതമ്മയ്ക്ക് ചന്തുക്കുട്ടിയെ കതുമുതൽ ബോധിച്ചില്ല. പ്രായക്കൂടുതലിന്റെ ഒരു ഗർവ്വ് അവനുന്ന് അവൾ കുപിടിച്ചു. വിയർപ്പിന്റെയും ബീഡിയുടെയും നാറ്റമ്. എത്ര പെർഫ്യൂം സ്പ്രേചെയ്താലും കാറിന്റെ അകത്ത് ഈ മണമാണ്. അവൾ പറഞ്ഞു:

" എന്റെ അച്ഛൻ ഒരു സ്വാതന്ത്ര്യസമര സേനാനിയായിരുന്നു. അറിയാലോ? ജെയിലിലും കിടന്നിട്ടു്. കീഴ്ജാതിക്കാരോട് നല്ല ഇഷ്ടോം ഉാർന്നു. ഹരിജൻ നായര്ന്നാ അച്ഛന്റെ കുറ്റപ്പേര്. ന്നാല് അവരെ നിർത്തോടത്തെ നിർത്താറുള്ളൂ."

മറ്റു ജോലിക്കാരെപ്പോലെയല്ല. ചന്തുക്കുട്ടി. അവൻ വീട്ടിനകത്ത് അല്പം സ്വാതന്ത്ര്യം കൂടുതലെടുക്കും. എന്തെങ്കിലും ഭക്ഷണം കൊടുത്താൽ അത് ഊണ്മുറിയിലെ തീൻമേശമേൽ വെച്ചാണ് കഴിക്കുക. അകത്തെ വാഷ്ബേസിനും ടോയ്ലറ്റും ഉപയോഗിക്കും. സ്വീകരണമുറിയിൽ കടന്നിരുന്നു പത്രം വായിക്കും. പഠനമുറിയിൽ ചെന്ന് അലമാരയിൽനിന്നു പുസ്തകമെടുക്കും.

" ചാരായ മുതലാളീടെ കൂടെ ആയിരുന്നപ്പൊ ഞാനവരുടെ വീട്ടിനകത്തൊന്നും കയറാറില്ല സഖാവേ.
പണ്, വെല്യ വീടാന്ന് വെച്ചിട്ടെന്താ കാര്യം സംസ്കാരം ഇല്ല. കൊറച്ച് തടിച്ച ഇംഗ്ലീഷ് പുസ്തകങ്ങള് ഷോക്കേസില് വെച്ചിട്ടു്. അത് ആരും തൊറക്കാറില്ല. കുടിക്യാ, തിന്ന്വാ, ഒറങ്ങ്വാ, എണീക്ക്യ. അതല്ലാ് അവറ്റോൾക്ക് എന്തു ജീവിതം?"

ഓട്ടമില്ലാത്ത സമയങ്ങളിൽ മുഴുവൻ തന്റെ വട്ടക്കണ്ണടവെച്ച് കുനിഞ്ഞിരുന്ന് ചന്തുക്കുട്ടി വായനതന്നെയാണ്. മലയാളത്തിൽ കിട്ടുന്ന സകലതും വായിക്കും.

" അധികാരാണ് സഖാവേ മനുഷ്യന്റെ മുന്നിലെ ഏറ്റവും വലിയ വൈതരണി. ആര് അധികാരി ആയാലും അവൻ ആയുധം എടുക്കും. ആര് ആയുധം എടുത്താലും അവൻ അധികാരി ആവും. അധികാരം ഒള്ളവർ അഴിമതി നടത്തണേല് ആശ്ചര്യല്യ. അധികാരം തന്നെ ഒരഴിമതിയാണ്.

" ഗോവർധന്റെ കഥ വായിച്ചപ്പൊ പ് പോലീസുകാര് ലോക്കപ്പിലിട്ട് കാലിന്റെ അടീല് തല്ല്യേപ്പഴത്തെ വേദനഇനിക്ക് ഓർമ്മ വന്നു. മനുഷ്യനെകൊല്ലാ് കൊല്ലണ ടെക്നോളജി ആയിരം കൊല്ലം മുമ്പും ഇപ്പഴും ഒരുപോല്യാണ്. അതേ പോലീസ്."

" വെശപ്പ്, തണുപ്പ്, മേലിടാൻ ഒരു തുണിക്കഷണം ഇല്യ് കടത്തിണ്ണേല് കെടന്നൊള്ള ഒറക്കം, ലോക്കപ്പിലെ ഇടി. ഇതൊന്നും നമ്മുടെ എഴുത്തുകാർക്ക് ഇപ്പൊ വിഷയല്ല."

ഗീതമ്മ പുച്ഛിക്കും.

" എന്താ ഒരു ഭാവം. യൂണിവേഴ്സിറ്റി എക്സാമിനേഷൻ എഴുതാൻ പൂവ്വ്ല്ലേ ഇയാള്, ഇപ്പൊ വായിച്ചിട്ട്.

" ഈ കെഴവന്റെ ഭാരം ചുമക്കേ കാര്യോന്നുല്ല നമ്മക്. പാർട്ടിക്കാര് പറഞ്ഞൂന്നെച്ചിട്ട്. ചെറുപ്പത്തിലെ പാർട്ടിക്കുവേി കൊറെ കഷ്ടപ്പെട്ടില്ലെ നിങ്ങള്?

പ്രിൻസിപ്പൾ വിചാരിച്ചിട്ട് ഉദ്യോഗകാലത്ത് മുഴുവൻ കൈക്കൂലി വാങ്ങാ് ജീവിച്ചു. പി. ഡബ്ല്യൂഡീലെ ഏത് എൻജീനീയറാ അങ്ങനെചെയ്തേട് ക്ക്ണ്?

കോൺട്രാക്ടർമാരുടെ കൈയീന്ന് സംഭാവനമേടിച്ച് പാർട്ടിക്കു കൊടുത്തു. പാർട്ടി പറയണോടത്തൊക്കെ ചെന്നു പ്രസംഗിച്ചു. നമ്മള് കുടുംബം മുഴുവൻ മനുഷ്യച്ചങ്ങലേല് നിന്നുകൊടുത്തില്ലേ? സ്റ്റുഡൻസിന്റെ മുന്നിൽ ഞാൻ നാണം കെട്ടു. ന്നട്ട് പാർട്ടി എന്താ തന്നത്?"

എന്നും കാലത്ത് എട്ടുമണിക്കാണ് ചന്തുക്കുട്ടിയുടെ വരവ്. ദൂരയാത്രയുണ്ടെങ്കിൽ പുലർച്ചയ്ക്കു മുമ്പുവരും. അപ്പോൾ വെളുത്ത മുും ഷർട്ടും ധരിച്ചിരിക്കും. വരുന്നത് പകലായാലും രാത്രിയായാലും ടോർച്ച് കക്ഷത്തിലുായിരിക്കും.

" ഇയ്യളാരാ, ഡയോജനനിസ്സോ, പകല് ടോർച്ചുംകൊു നടക്കാൻ?"

ഗീതമ്മ അടക്കിപ്പിടിച്ചു പറയും. പ് പകൽനേരത്തെ യോഗങ്ങളിൽ വരുമ്പോൾ ചന്തുക്കുട്ടിയുടെ പക്കൽ ഒരു പോക്കറ്റ് ലാമ്പ് കാണാറ്. കീശയിൽ ഒതുങ്ങാതെ അതു പുറത്തുകാണും.

" പെരേലിക്കൊള്ള എടവഴി ലേശം പെശകാണ് സഖാവേ. ഇത്തിരി ഇരുട്ട്യാല് എഴജന്തുക്കളുടെ വിലാസം. വിഷപ്പാമ്പുകളെ വിരുദ്ധന്മാരേക്കാൾ സൂക്ഷിക്കണം. കൃഷ്ണപ്പിള്ളേനെകൊത്തികൊന്നില്ലേ? പ് ഞങ്ങടെ എടവഴീല് വെച്ച്. ഇ. ഗോപാലകൃഷ്ണമേനോനെപാമ്പ് കടിക്കതാർന്നു. ഞാനന്ന് ചെറിയ കുട്ട്യാ.

" ആ എടവഴി ഇപ്പഴും ശര്യാക്കില്ലാ പഞ്ചായത്തുകാർ. രടി വീത്യാ ഒള്ളത്. മഴക്കാലായാ അത് തോടാണ്. പ് കാലത്ത് അതൊരു സൗകര്യായിരുന്നു. പോലീസ്ജീപ്പ് കടക്കില്ലല്ലൊ. ആരൊക്കെ നടന്നാ വഴ്യാ അത്? ഏക്കേജി, ഇ.എം.എസ്., ഭാസ്ക്കരപണിക്കര്, അച്ചുതമേനോൻ. എന്റെ പെരേല് ഒളിവിലാർന്നു അവര്. പെരക്ക് ഇപ്പഴും ഒരു മാറ്റല്യ. മണ്ണുപിടിച്ച പകുതിച്ചൊമരാ. ഒരു മുറീം ഒരു ചായ്പ്പും. അടുപ്പ് മിറ്റത്താ. ഒരു പോയ്ന്റിന് വയറിങ്ങു ചെയ്തിട്ട് അഞ്ചു കൊല്ലായി. കണക്ഷൻ ഇതുവരെ കിട്ടീല്യ. സഖാവ് ഒരു ദിവസം വരണം. ഇ. എം. എസ്. കെടന്ന് വായിച്ച ചായ്പ്പുമുറി കാണിച്ചുതരാം."

" ഒരു ദിവസം വരുന്ന്. ഞാൻ ഉറപ്പിച്ചു പറഞ്ഞു.

പക്ഷെ, ചന്തുക്കുട്ടിയുടെ വീട്ടിൽ പോകാൻകഴിഞ്ഞില്ല. മനുഷ്യന്റെ ആഗ്രഹങ്ങൾക്കും സ്വപ്നങ്ങൾക്കും ജീവിതത്തിൽ എന്തു വിലയാണുള്ളത്? നാം കരുതലോടെ പ്ലാൻ ചെയ്യുന്നു. അതു തകിടം മറയുന്നു. മറ്റാരോ ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നു്. പാവനാടകം പോലെയാണ്. ചരട് ആരുടെ കൈയിലാണ്?

ചന്തുക്കുട്ടി തിരിച്ച് യൂണിയൻ ആപ്പീസിലേക്കു ചെല്ലും. അപ്പോൾ ആചാരി വെറ്റിലയിൽ ചുണ്ണാമ്പുപുരട്ടി അടയ്ക്ക കഷണങ്ങൾവെച്ച് ചുരുട്ടി, കുറച്ചുനേരം ചവച്ച് ഒന്നു തുപ്പിയശേഷം ചോദിക്കും:

" നീയ് അവിടെ വിപ്ലവം നടപ്പാക്കാൻ ശ്രമിച്ചോ?"

വൈകുന്നേരമായെങ്കിലും പൊള്ളാച്ചി- ഡിക്കൽ റോഡിലെ ചൂട് കുറഞ്ഞില്ല. ഇപ്പോൾ പി. ലീല പാടിയ ഭക്തിഗാനങ്ങളുടെ കാസറ്റാണ് സുധാകരൻ വെച്ചിരിക്കുന്നത്.

വിയിൽ ധാരാളം കാസറ്റുങ്കെിലും ചന്തുക്കുട്ടി അതൊന്നും വയ്ക്കാറില്ല. സംസാരത്തിനു തടസ്സമാകുമല്ലോ. കാറിൽ ഞാൻ മാത്രമാണ് ഉള്ളതെങ്കിൽ അവൻ തനിയെ ചില കാവ്യശകലങ്ങൾ മൂളും. വയലാറിന്റെയോ പി. ഭാസ്കരന്റെയോ.

ഏനാമ്മാവ്- പെരിങ്ങോട്ടുംകര റോഡന്നേറെ വിജനം, ഇരുന്നുപോയി വഴിയിൽ; നിദ്രയിലിമകൾ പാതിയടഞ്ഞു.

പി. ഭാസ്കരൻമാഷും ജോർജ്ജ് ചടയൻമുറീം കൂടീട്ട് ഞങ്ങടെ പെരേല് വന്നിട്ടു്, നാല്പത്തെട്ടില്. ഏക്കേജിനെകാണാൻ. അന്തിക്കാട്ട്ന്ന് നടന്നു വന്വാ രാളും. നട്ടപ്പാതി രാക്ക്. വന്നവശം ഭാസ്കരൻ മാഷ് കെടന്നു.

കനത്തശബ്ദം കാതിലിലയ്ക്കും.

ചടയന്മാരുടെ ശബ്ദം: തനിക്കുറങ്ങണമെങ്കിലുറങ്ങൂ, ഞങ്ങൾ തനിയെ പോകാം."

ഉടുമൽപേട്ട് പിന്നിട്ടപ്പോൾ ചായ കുടിക്കാൻവേസുധാകരൻ വി നിറുത്തി. ഇത്ര നാളും ഈ വഴി യാത്രചെയ്തിട്ടും ഇങ്ങനെഒരു ഹോട്ടൽ കണ്ണില്പെട്ടിട്ടില്ല. ടൗണിലെ തിരക്കിൽനിന്നെല്ലാം ഒഴിഞ്ഞുമാറിയിട്ട്. ഹോട്ടലാണെന്നു തോന്നുകയില്ല. വീടുപോലെയാണ്. മുളമ്പടിയുള്ള വേലികടന്ന്, സിമന്റിട്ട തളത്തിലൂടെവേണം അകത്തുചെല്ലാൻ. ചുമരിലെല്ലാം ദേവീദേവന്മാരുടെ വലിയ ചിത്രങ്ങളാണ്.

കാഷിലിരിക്കുന്ന തടിച്ച മനുഷ്യൻ സ്വീകരിച്ചു:

"വരൂ സ്വാമി. ഞങ്ങളും പകുതി മലയാളികളാണ്. വീട് കൊടുവായൂർ, പഴനി തീർത്ഥാടകർക്ക് അന്നം കൊടുക്കലാണ് ഞങ്ങളുടെ നിയോഗം. ഭക്തരിൽ ജാസ്തിയും മലയാളികളാണ്. മുരുകനെന്നാൽ മകൻ. മകനെപ്പോലെ അവൻ നമ്മളെ കാക്കും."

കുളിക്കാനും പല്ലുതേക്കാനുമുള്ള സൗകര്യങ്ങളു് അവിടെ. ഇലയിലാണു ഭക്ഷണം വിളമ്പുന്നത്. ഞങ്ങൾ ഇഡ്ഢലിയും വടയും കഴിച്ചു. കൈകഴുകാൻ പൂജയ്ക്ക് ഉപയോഗിക്കുന്ന തരം വാൽക്കിികളാണ് അരമതിലിൽ വച്ചിരിക്കുന്നത്.

വി വീും സ്റ്റാർട്ട് ചെയ്തിട്ട് സുധാകരൻ പറഞ്ഞു:


" എനിക്ക് ടാക്സിയുായിരുന്ന കാലത്ത് സ്ഥിരം മധുര, രാമേശ്വരം ട്രിപ്പുാകും. അപ്പൊ, ഈ വെങ്കിടേശ്വരാഹോട്ടലിൽ വന്ന് കുളിച്ചു പൊങ്കൽ കഴിക്കും. നല്ല പരിപ്പും കുരുമുളകും ഇട്ടത്. അതൊരനുഭവാ."

ചൂടുകുറഞ്ഞ വൈകുന്നേരം തമിഴ്നാട്ടിലൂടെയുള്ള യാത്ര സുഖമുള്ളതാണ്. വിജനമായ മുരിങ്ങതോട്ടങ്ങൾക്കു മുകളിൽ മങ്ങിയ അന്തിവെളിച്ചം വീഴും. വഴിവക്കത്ത് ചുണ്ണാമ്പു പൂശിയ ചെറിയ വീടുകളും

(ശേഷം പേജ് 27 ൽ)

സ്പോർട്സ്

# നാഗജി ഇന്റർ നാഷണൽ ക്ലബ്ബ് ടൂർണ്ണമെന്റ്



ഭാസി മലാപ്പറമ്പ്

ഇരുപത്തി ഒന്ന് വർഷങ്ങളുടെ 'ഇടവേള'യ്ക്കുശേഷം' നാഗ്ജി ഫുട്ബോൾ ടൂർണ്ണമെന്റ്'കോഴിക്കോട് കോർപ്പറേഷൻ ഇ. എം. എസ്. സ്റ്റേഡിയത്തിൽ വീും അരങ്ങേറിയപ്പോൾ അത് വിദേശക്ലബ്ബുകളുടെ മാത്രം 'കളിയരങ്ങാ'യി.- നാഗ്ജി ഇന്റർനാഷണൽ ക്ലബ്ബ് ടൂർണ്ണമെന്റ്! എട്ട് ക്ലബ്ബുകൾ അരങ്ങത്തെത്തി - നാലു ക്ലബ്ബുകൾ വീതമുള്ള രു ഗ്രൂപ്പുകളിൽ. ഗ്രൂപ്പ് ലീഗ് ഏകപാദ മത്സരങ്ങളായിരുന്നു - ഓരോ ഗ്രപ്പ് ലീഗിലും ആറു മത്സരങ്ങൾ. ഓരോ ഗ്രൂപ്പ് വിജയികളും ഇതര ഗ്രൂപ്പിലെ രാം സ്ഥാനക്കാരുമായി സെമിഫൈനലിൽ ഏറ്റുമുട്ടി; സെമിഫൈനൽ വിജയികൾ ഫൈനലിൽ ഗ്രോഫിക്ക് വേിയും പോരാടി.

ഗ്രൂപ്പ് ലീഗ് മത്സരങ്ങൾ ഏകപാദ മത്സരമായതു പോലെ സെമിഫൈനലുകളും ഏകപാദ മത്സരങ്ങൾ തന്നെ. അങ്ങിനെമൊത്തം പതിനഞ്ച് മത്സരങ്ങൾ!

ബ്രസീൽ, അർജന്റീന, ജർമ്മനി, ഇംഗ്ലണ്ട്, റൊമാനിയ, അയർല് എന്നി രാഷ്ട്രങ്ങളിൽ നിന്ന് ഒരോ ക്ലബ്ബ് വീതവും ഉക്രൈയിനിൽ നിന്ന് രു ക്ലബ്ബുകളുമാണ് വേദിയിൽ എത്തിയത്. ഈ രാഷ്ട്രങ്ങളിലെ ദേശീയ ലീഗുകളിലും വൻകര ക്ലബ്ബ് ഫുട്ബോൾ മത്സരങ്ങളിലും പ്രശസ്തി കൈവരിച്ച ക്ലബ്ബുകൾ തന്നെയാണ് രംഗത്തുായിരുന്നത്. ലോകക്ലബ്ബ് ഫുട്ബോൾ മത്സരവാർത്തകൾ പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങലിലും പിന്തുടരുന്ന മലബാറിലെ ഫുട്ബോൾ പ്രേമികൾക്ക് സുപരിചിതമായ ക്ലബ്ബുകൾ തന്നെ ഫിക്ചറിൽ സ്ഥാനം പിടിച്ചു.




ഡിനിപ്രോ ക്ലബ്ബ് (ഉക്രൈൻ) നഗ്ജി ട്രോഫിയുമായി

ഗ്രൂപ്പ് ലീഗ് മത്സര ഫലങ്ങൾ താഴെ ചേർത്ത വിധമായിരുന്നു.

ഗ്രൂപ്പ് : "എ"

1. അത്ലറ്റിക്കോ പെരാനൻസ് (ബ്രസീൽ) : 7 പോയിന്റ്
2. വാറ്റ് ഫോർഡ് എഫ്. സി. (ഇംഗ്ല്) : 4 ,,
3. എഫ്. സി. വോളിൽ ലുട്സ്ക്ക് (ഉക്രൈൻ) : 3 ,,
4. റാപിഡ് ബുക്കുറെസ്തി (റൊമാനിയ) : 1 ,,

ഗ്രൂപ്പ് : "ബി"

1. ഡിനിപ്രോ നിപ്രോ പെട്രോവിസ്ക്ക് എഫ്. സി.(ഉക്രൈൻ) : 7 പോയിന്റ്
2. ഷംറോക്ക് റോവേഴ്സ് എഫ്. സി. (അയർല്) : 6 ,,
3. ടി. എസ്. വി. 1860 മ്യൂണിക്ക് (ജർമ്മനി) : 4 ,,
4. അർജന്റീനഅർ - 23 (അർജന്റീന) : 0 ,,

സെമിഫൈനലുകളിൽ അത്ലറ്റിക്കോ പെരാനൻസ് (1 - 0) ഷംറോക്ക് റോവേഴ്സിനേയും, ഡിനിപ്രോ ക്ലബ്ബ് (3 - 0) വാറ്റ് ഫോർഡിനേയുംപരാജയപ്പെടുത്തിയപ്പോൾ കിരീട പോരാട്ടം ഡിനിപ്രോയും അത്ലറ്റിക്കോ പെരാനെൻസും തമ്മിലായി. ഫൈനൽ മത്സരത്തിൽ സ്റ്റേഡിയം ഗാലറികൾ നിറച്ച 35000 - ൽ പരം കാണികളെ ആവേശഭരിതരാക്കിക്കൊ് ഡിനിപ്രോ കാൽഡസൻ ഗോളുകൾക്ക് ബ്രസീൽ ടീമിനെപരാജയപ്പെടുത്തി ട്രോഫി നേടി.

1974 മുതൽ നാഗ്ജി ഫുട്ബോൾ കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷനാണ് സംഘടിപ്പിച്ചു വരുന്നത്. 1995 ലാണ് നാഗ്ജി അവസാനമായി സ്റ്റേഡിയം ഗ്രൗിൽ അരങ്ങേറിയത്. പിന്നീട് ഇന്റർനാഷണൽ ക്ലബ്ബു ടൂർണ്ണമെന്റ് എന്ന ലേബലിലാണ് ഇത്തവണ ടൂർണ്ണമെന്റിന്ന് സംഘാടകർ അരങ്ങേറ്റം നൽകിയത്.




അത്‌ലറ്റിക്കോ പെരാനൻസി ടീം

ഇന്ത്യയിൽ നിന്ന് ഒരു ക്ലബ്ബിനും 'എൻട്രി' നൽകിയില്ല– വിദേശ ക്ലബ്ബുകൾ മാത്രം രംഗത്തെത്തിയപ്പോൾ, പക്ഷെ കാണികൾ സ്റ്റേഡിയം നിറച്ചത് ഫൈനലിൽ മാത്രമായിരുന്നു.

സെമിഫൈനലുകളും ഗ്രൂപ്പ് ലീഗിലെ മൂന്നു മത്സരങ്ങളും ഒഴികെ മറ്റു ഒമ്പതു കളികൾക്കും ഗ്യാലറികളിലെത്തിയത് ശരാശരി മൂവായിരം (3000) കാണികൾ മാത്രമാണ്. സെമിഫൈനലുകളിലും സ്റ്റേഡിയം ഗ്യാലറി നിറഞ്ഞില്ല– 20,000ത്തിൽ താഴെയായിരുന്നു ശരാശരി കാണികൾ.

സ്വന്തം ടീം എന്ന നിലയിൽ ഒരു കേരള ക്ലബ്ബോ, അല്ലെങ്കിൽ ഒരു ഇന്ത്യൻ ക്ലബ്ബു തന്നെയോ ഫിക്ചറിൽ സ്ഥാനം കത്തൊതിരുന്നതാണ് കാണികൾ കുറയുവാൻ കാരണം എന്നതാണ് പൊതുവ്യാഖ്യാനം. പക്ഷെ യാഥാർത്ഥ്യം അതായിരുന്നില്ല. പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വിദേശ ക്ലബ്ബ് ഫുട്ബോൾ മത്സരങ്ങൾ പിന്തുടരുന്ന മലബാറിലെ 'ജ്ഞാനി'കളായ ഫുട്ബോൾ പ്രേമികൾക്ക് തീരെ 'പരിചയ'മില്ലാത്ത ടീമുകളെയാണ് സ്റ്റേഡിയം ഗ്രൗിൽ കാണുവാൻ കഴിഞ്ഞത്. ഓരോ ക്ലബ്ബിനെസംബന്ധിച്ചുമുള്ള വാർത്തകൾ എല്ലാവർക്കും അറിയാമായിരുന്നു.

ഉദാഹരണത്തിന് വാറ്റ്ഫ്രാർഡ് എഫ്. സി. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ കളിച്ചുകൊിരിക്കുന്ന സമയത്തുതന്നെയാണ് നാഗ്ജിയിലും അരങ്ങേറുന്നതായി വാർത്ത വന്നത്. ഒരു ക്ലബ്ബിന് രു രാഷ്ട്രങ്ങളിൽ ഒരേസമയത്ത് കളിക്കുവാൻ സാധിക്കില്ലല്ലോ– സിനിമയിൽ കാണുന്നതുപോലെ 'ഡബ്ബിൾ ആക്ട്' ഫുട്ബോളിൽ സാധ്യമല്ലല്ലോ! അപ്പോൾ യഥാർത്ഥ്യ വാറ്റ് ഫോർഡ് അല്ല ഇന്ത്യയിൽ എത്തുന്നത് എന്ന് കാണികൾക്കറിയാമായിരുന്നു. രാം നിരയോ മൂന്നാം നിരയോ യൂത്ത് ടീമോ എന്നു മാത്രമേ തിരിച്ചറിയുവാൻ ഉായിരുന്നുള്ളു.

രംഗത്തെത്തിയ എട്ടു ടീമുകളെ സംബന്ധിച്ചും ഇങ്ങിനെതന്നെ സ്ഥിതി എന്ന് കളിയുടെ ആദ്യം ദിവസം തന്നെ കാണികൾ മനസ്സിലാക്കി. അതിനനുസരിച്ച് അവർ പ്രതികരിക്കുകയും ചെയ്തു. മാധ്യമങ്ങളിൽ നിജസ്ഥിതി നൽകുവാൻ സംഘാടകർ തയ്യാറായില്ലെങ്കിലും ഫുട്ബോൾ വിശാരദന്മാരായ കോഴിക്കോടൻ കാണികൾക്ക് വഴി തെറ്റിയില്ല. 'തങ്ങളെ ആരും പഠിപ്പിക്കേ' എന്ന് അവർ പ്രഖ്യാപിക്കുകയായിരുന്നു, കളി ഉപേക്ഷിക്കുന്നതിൽ മത്സരിച്ചുകൊ്. സ്വാഭാവികമായും സെമിഫൈനലുകൾ ആര് ജയിക്കും, നോക്കൌട്ട് കളി ആണല്ലോ എന്നതിനാൽ സ്റ്റേഡിയത്തിന്റെ മൂന്നിലൊരു ഭാഗം നിറയ്ക്കുവാൻ അവർ തയ്യാറായി എന്നു മാത്രം!

വേത്ര 'സ്പോൺസർ'മാർ മുന്നോട്ടു വന്ന ടൂർണ്ണമെന്റിന് കാണികളെ കത്തുവാൻ കഴിയാതെ വന്നത് 'യഥാർത്ഥ' പെരാനെൻസിനേയും, 'യഥാർത്ഥ വാറ്റ്ഫോർഡി'നോയും 'യഥാർത്ഥ' 1860 മ്യൂണിക്കിനേയും 'യഥാർത്ഥ' ഡിനിപ്രോയേയും രംഗത്തെത്തിക്കുവാൻ സാധിക്കാത്തതു കൊു തന്നെയായിരുന്നു. 'കോഴിക്കോടൻ ഫുട്ബോൾ പ്രേമി'ക്ക്

'അറിവ് കൂടുതലാണ് എന്നതിനാൽ അവർ 'ആവശ്യമായ മത്സരങ്ങൾ' മാത്രം കാണുകയായിരുന്നു!

എം. ആർ. സി. ക്ലബ്ബിലെ ഡിക്രൂസും, കൊൽക്കത്ത മുഹമ്മദൻസിലെ അക്ബറും, ജലന്തർ ലീഡേഴ്സിലെ ഇന്ദർസിങ്ങും, ആർ. എ. സി. ബിക്കാനീറിലെ മഗൻസിങ്ങും, ഗ്ലോബ് സ്പോർട്സ് ക്ലബ്ബിലെ സോമനും, രാജസ്ഥാൻ ക്ലബ്ബിലെ കോഴിക്കോട് അബ്ദുറഹിമാനും പതിപ്പിച്ച കാൽപ്പാടുകൾ കറിഞ്ഞ കാണികൾ പന്തുകൊ് ഇന്ദ്രജാലം കാണിക്കുന്ന ഒരു കളിക്കാരനെയെങ്കിലും കത്തുെവാൻ പതിനഞ്ചു മത്സരങ്ങളിലും പരതിനോക്കിയെങ്കിലും അവർക്ക് ഒന്നും ലഭിച്ചില്ല. സിനിപ്രോ വിദേശ ഫുട്ബോളിന്റെ വീര്യവും പെരാനൻസ് യഥാർത്ഥ പെരാനെൻസിന്റെ കാൽഭാഗവും കളികീശയിൽ നിന്നെടുത്തപ്പോൾ ഫൈനൽ കാണികളെ രസിപ്പിച്ചു എന്നത് ഭാഗ്യമായി - അനുഗ്രഹമായി. ഇഹോർ കോഹൂട്ടും, ഡെനീസ് ബലാനൂയ്ക്കും, യൂറി വാക്കുൽക്കോയും കാണികളുടെ ഗോൾ ദാഹത്തിന് ശമനം നൽകിയതും കോഴിക്കോടിന്റെ ഭാഗ്യം! "ഷാഡോ ടീ"മുകളെ രംഗത്തിറക്കിയതിൽ തങ്ങൾ വഞ്ചിതരായി എന്ന ദുഃഖം എന്നിട്ടും അവരുടെ ഹൃദയത്തിൽ തറച്ചു നിന്നു!

അടിക്കുറിപ്പ് : 1952 ൽ യങ് ചാലഞ്ചേഴ്സ് ക്ലബ്ബ് പ്രസിഡായിരുന്ന ബാൽ ഇങ്ക് (ബാൽമഷി) ഉടമ ഗോവിന്ദപ്രഭു എന്ന മഹാൻ ക്ലബ്ബിനെസാമ്പത്തികമായി സഹായിച്ചിരുന്ന കോഴിക്കോട് നിവാസിയായിരുന്ന സേട്ട് നാഗജി എന്ന മറാത്തി വ്യവസായി ചരമമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സ്മാരകമായി ഒരു ടൂർണ്ണമെന്റ് ആരംഭിച്ചപ്പോഴാണ് സേട്ട് നാഗജി അമർസി സ്മാരക അഖിലേന്ത്യാ ടൂർണ്ണമെന്റ് ജന്മമെടുത്തത്. ക്ലബ്ബിന് പിന്നീട് സാമ്പത്തിക ഭാരം വഹിക്കുവാൻ സാധിക്കില്ല എന്ന് മനസ്സിലായപ്പോൾ അഡ്വ. പി. ഗോവിന്ദമേനോൻ ഒരു ട്രസ്റ്റ് സ്ഥാപിച്ച് ടൂർണ്ണമെന്റ് തുടർച്ചയായി നടത്തുവാൻ മുൻകൈ എടുത്തു. അദ്ദേഹം കോഴിക്കോട് മുൻസിപ്പൽ ചെയർമാനായി ഭരണ സാരഥിയായപ്പോൾ ടൂർണ്ണമെന്റ് കോഴിക്കോട് നഗരസഭ ഏറ്റെടുത്ത് നടത്തി. 1974 ൽ കോഴിക്കോട് ജില്ലാ ഫുട്ബോൾ അസ്സോസിയേഷൻ നഗരസഭയിൽനിന്നും ടൂർണ്ണമെന്റ് സംഘാടകത്വം ഏറ്റെടുത്തു തുടർച്ചയായി നടത്തുകയും ചെയ്തു. പക്ഷേ 1995 ഓടെ സാമ്പത്തിക ഭാരംകൊ് ടൂർണ്ണമെന്റ് മുടങ്ങി.

വീും ടൂർണ്ണമെന്റിന് പുനർജീവൻ നൽകുവാൻ കെ. ഡി.എഫ്.എ ക്ക് ഈ വർഷം കഴിഞ്ഞിരിക്കുകയാണ്. പ്രബുദ്ധരായ, വൈജ്ഞാനികരായ കാണികളെ തൃപ്തരാക്കുവാൻ യഥാർത്ഥ ടീമുകൾ തന്നെ വേണം, നിഴലുകൾ പോര എന്ന് തിരിച്ചറിയുവാൻ, പക്ഷേ, സംഘാടകർ മറന്നു!

അർജന്റീന അർ 23 ടീമിന്റെ കോച്ച് ഒലാർട്ടിക്കോഷ്യ എന്ന മുൻ ലോകകപ്പ് താരമായിരുന്ന - 1986 ൽ ലോകകപ്പ് നേടിയ ടീമിലെ മിഡ് ഫീൽഡർ. 1990 ൽ ജർമ്മനിയോട് ലോകകപ്പ് ഫൈനലിൽ പരാജയപ്പെട്ട അർജന്റീനയുടേയും മിഡ്ഫീൽഡർ തന്നെ. ഒലാർട്ടിക്കോഷ്യ ഒമ്പതു മത്സരങ്ങളിൽ അർജന്റീനജഴ്സിയണിഞ്ഞ് മെക്സിക്കോ, ഇറ്റലി, ലോകകപ്പ് വേദികളിൽ മൈതാനത്തിറങ്ങിയത് ഈ ലേഖകൻ റിപ്പോർട്ടു ചെയ്യുകയുായി.

കോഴിക്കോട് സന്ദർശനത്തിൽ ഈ കാര്യങ്ങൾ ഒലാർട്ടിക്കോഷ്യയുമായി ചർച്ച ചെയ്യുന്നതിനിടയിൽ ഈ ലേഖകൻ ഒരു ചോദ്യമുന്നയിച്ചു:


"മി. ഒലാർട്ടിക്കോഷ്യാ നാഗ്ജി കളിച്ച അർജന്റീന അർ 23 ടീം ഇത്ര മോശം പ്രകടനം നടത്തിയത് എന്തുകൊാണ്? യഥാർത്ഥ അർജന്റീനയുടെ നിഴൽപോലുമായില്ലല്ലോ ഈ ടീം. എന്തുകൊാണിത്?"

" ഇത് എന്റെ ട്രെയിനിങ്ങിലുള്ള നൂറിലേറെ അമേചർ കളിക്കാരിൽ ഒരുകൂട്ടം കളിക്കാർ എന്നു മാത്രമേയുള്ളു. ഇത് നാഷണൽ അർ 23 ടീം അല്ല - കോച്ചിങ്ങിനെത്തിയ കുട്ടികളിൽ ഒരുപറ്റം കളിക്കാർ മാത്രം"

അർജന്റീന അർ 23 എന്ന ലേബലിൽ കളിക്കുമ്പോൾ നാഷണൽ അർ 23 എന്ന് ചിന്തിച്ചവർക്ക് തെറ്റുപറ്റി എന്നു വ്യക്തമാക്കുകയായിരുന്നു ഒലാർട്ടിക്കോഷ്യ, അത് ഒരു കമ്പൈൻഡ് അർ 23 മാത്രമായിരുന്നുവെന്ന്!


**നീലാംബരി** സംഗീത നൃത്തവിദ്യാലയം

പാവങ്ങാട്, കോഴിക്കോട് - 21, ഫോൺ : (O) 9895156992, 9446372769, (R) 2392769



ശാസ്ത്രീയ സംഗീതം, ഭരതനാട്യം, മോഹിനിയാട്ടം,, കുച്ചുപ്പുടി,
നാടോടിനൃത്തം, കേരളനടനം, ഗിറ്റാർ , വയലിൻ(വെസ്റ്റേൺ), കീബോർഡ്




ആശംസകൾ
ഡയരക്ടർ , നീലാംബരി സംഗീത നൃത്തവിദ്യാലയം

ഉന്മേഷവും ഉത്സാഹവും, ആത്മവിശ്വാസവും ഉള്ളവരായി പുതുതലമുറ വളർന്നുവരട്ടെ.

ലേഖനം

# sNss¶ A\p-`hw tIc-fnse {][m\ \K-c-§ i p-m-Iptar




വിനോദ്കുമാർ ദാമോദർ

കേരളത്തിൽ വൻതോതിൽ നികത്തി വരുന്ന വയലുകളും തണ്ണീർതടങ്ങളും കേരള സംസ്ഥാനത്തെ മറ്റൊരു ചെന്നൈയാക്കി മാറ്റുമോ?. അതിന് അധികകാലം വേിവരില്ലയെന്ന് ഭരണകൂടങ്ങൾ മനസ്സിലാക്കേതാണെന്നാണ് ഇന്നത്തെ പോക്കിൽ നിന്നും തെളിയിയുന്നത്. പ്രത്യേകിച്ചും പ്രധാനനഗരങ്ങളായ എർണാകുളം, തിരുവനന്തപുരം, പിന്നെ ഒട്ടും പിന്നിലല്ലാതെ കോഴിക്കോടും. കൂടിയ ജനസംഖ്യയും നഗരങ്ങളുടെ കിടപ്പും കണക്കിലെടുക്കുമ്പോൾ കേരളത്തിലെ പ്രധാനനഗരങ്ങളുടെ സ്ഥിതി ചെന്നൈയിൽ നിന്നും വലിയ വ്യത്യാസമായ രീതിയിലല്ല കാണപ്പെടുന്നത്.

അതുമാത്രവുമല്ല, ഇപ്പോൾ നമ്മുടെ നഗരങ്ങൾ ചെന്നൈയിലുായതുപോലെയുള്ള ഒരു സാഹചര്യം നേരിടാനുള്ള സജ്ജീകരണങ്ങളുമായല്ല നിലകൊള്ളുന്നതെന്നുള്ളതാണ് മറ്റൊരു പ്രധാനവസ്തുത. നിലങ്ങളും വയലുകളും നികത്തികൊള്ള നാശത്തിൽ നിന്നും രക്ഷനേടാനുള്ള ഇളവ് ചെയ്ത് കൊടുക്കുകയാണ് ഭരണകൂടങ്ങളും ചെയ്ത് വരുന്നത്.

സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് പഠനമനുസരിച്ച് 7,797.43 ചതുരശ്ര കിലോമീറ്റർ സ്ഥലം കേരളത്തിൽ വൻ വെള്ളപ്പൊക്ക സാധ്യത പ്രദേശമാണ്. അതിൽ വൻതോതിൽ തണ്ണീർത്തടങ്ങൾ നികത്തപ്പെട്ട എർണാകുളം ജില്ലയിലെ 1600 ചതുരശ്ര കിലോമീറ്റർ മേഖലപെടും. തണ്ണീർത്തടം നികത്തലിന് വലിയ വിലയാണ് ചെന്നൈ നൽകി വന്നത്. 1900 കളിലെ ആദ്യ വർഷം മുതൽ അവിടെ



ദിവസങ്ങൾക്ക് മുമ്പ് ഇത് ചെന്നൈ നഗരം ക കാഴ്ചയായിരുന്നു.
ഇത് കേരളത്തിലെ നഗരങ്ങളിലും പ്രതീക്ഷാം

നികത്തേി വന്ന വൻ രീതിയിലുള്ള ശ്രോതസ്സുകളുടെ അനന്തരഫലമാണിപ്പോൾ അനുഭവിച്ചത്. ചതുപ്പു നിലമായ ഇടങ്ങൾ നികത്തി കെട്ടിടങ്ങൾ ഉാക്കിയപ്പോൾ അന്നുായിരുന്ന ഡ്രൈനേജ് മുഴുവൻ അടഞ്ഞു പോയതും ജലത്തിനൊഴുകാൻ സ്ഥലമില്ലാതായതും ചെന്നൈയിൽ തിരിച്ചടിയായി.

കേരളവും തങ്ങളുടെ അമൂല്യ സമ്പത്തായ തണ്ണീർത്തടങ്ങളെ നികത്തി കൊ് പത്തിരട്ടി അപകടം ക്ഷണിച്ചു വരുത്തിയിട്ടുന്നാണ് കേരളപരിസ്ഥിതിസംരക്ഷണവേദിയ്ക്ക് പറയാനുള്ളത്.

തിരുവനന്തപുരത്തെ ഒരു പ്രസിദ്ധ പരിസ്ഥിതി സ്നേഹ സർക്കാറേതര സംഘടനയായ തണലിന് പറയുവാനുള്ളത്കെട്ടിട നിർമ്മാണത്തിന് വേിയും മറ്റും നാമിന്ന് യാതൊരു നിയന്ത്രണവുമില്ലാതെ നികത്തുന്ന ഭൂമിയിൽ ജലമൊഴുകി പോകുവാനുള്ള എത്ര വഴികളുന്നെ് ചിന്തിച്ചു പ്രവർത്തിച്ച എത്ര പേർ കാണുമെന്നുള്ളതാണ്.

മാറി മാറി വരുന്ന സർക്കാറുകൾ അങ്ങോട്ടുമിങ്ങോട്ടും വൻ നിർമ്മാണത്തിനെതിരെ കുറ്റം പറയുമ്പോൾ ജലശ്രോതസ്സുകൾ ഇല്ലാതാകുന്നതി

വാസ്തു ജോത്സ്യം

# വാസ്തു



ജ്യോതിഷ ഭൂഷണം
തുറവൂർ സജിത്

എന്താണ് "വാസ്തു" എന്ന പദത്തിന്റെ അർത്ഥം? "വസ് " എന്ന സംസ്കൃത പദത്തിൽ നിന്നാണ് "വാസ്തു" എന്ന പദം ഉായത്. "വസ് " എന്നാൽ വസിക്കുക എന്നാണ് അർത്ഥം. ഭവനനിർമ്മാണത്തിന് അനുയോജ്യമായ ഭൂമി എന്നാണ് ഇതിന് ശരിയായ അർത്ഥം.

മർത്തരും അമർത്ത്യരുമായ മറ്റു ജീവികളും കുടികൊള്ളുന്നതാണ് വാസ്തു. ഇതിൽ പക്ഷികൾ മൃഗങ്ങൾ, വൃക്ഷലതാദികൾ തുടങ്ങിയവ മർത്ത്യ ഗണത്തിലും ദേവതകൾ ഉപ ദൈവങ്ങൾ, ആത്മാക്കൾ തുടങ്ങിയവ അമർത്ത്യ ഗണത്തിലും വരുന്നു. ഇവയെല്ലാം വാസ്തുവിൽ വസിക്കുന്നു.

വാസ്തു സംബന്ധമായ ചടങ്ങുകൾ ആരംഭിക്കുന്നത് ഭൂമി പൂജ ചെയ്തുകൊാവണം. ഇത് ചെറിയ ഒരു കുടിൽ നിർമ്മിക്കുന്നതിനും ബാധകമാണ്. വാസ്തുശാസ്ത്ര നിയമങ്ങൾ പൂർണ്ണമായി അനുസരിക്കുന്നവർക്ക് എല്ലാ ഭൗതിക ആത്മീയ നേട്ടങ്ങളും ഉാകും.

വീടുകൾ, കോളനികൾ, നഗരങ്ങൾ തുടങ്ങി രാജ്യങ്ങൾ വരെ നിർമ്മിക്കാനുള്ള മാർഗ്ഗങ്ങൾ ഈ പൗരാണിക ശാസ്ത്രം വിശദീകരിക്കുന്നു്. വാസ്തു നിയമം എവിടെയൊക്കെ ലംഘച്ചിട്ടുോ അവിടെയെല്ലാം ദോഷഫലങ്ങൾ ഉാകും. ഒരു വീടോ കെട്ടിടമോ നിർമ്മിക്കുന്നതിന് മുൻപ് വാസ്തു വിദഗ്ദന്റേ ഉപദേശം സ്വീകരിച്ചാൽ ആ വീട്ടിൽ എല്ലാ വിജയവും ഉാകും എന്നത് ഉറപ്പാണ്.

ഗൃഹത്തിന്റെ പടികൾ ഇടുന്നത് പലപ്പോളും തെറ്റായ രീതിയിലാണ് കുവരുന്നത്. തെക്കോട്ടും വടക്കോട്ടും മുഖമായ ഗൃഹങ്ങളിൽ വീട്ടിലേക്ക് കയറേത് കിഴക്ക്നിന്നോ പടിഞ്ഞാറ് നിന്നോ ആകണം. അല്ലാതെ തെക്കോട്ട് കയറുന്നതും ഇറങ്ങുന്നതും നല്ലതല്ല. അതുപോലെ പടികളുടെ എണ്ണം 2, 4, 6, 8, എന്നിങ്ങനെവരണം ഇരട്ട സംഖ്യയിൽ വരണമെന്നർത്ഥം.

ഗൃഹത്തിന് വെളിയിൽ നിർമ്മിക്കേതായ ഉപനിർമ്മിതികൾക്ക് പറഞ്ഞിട്ടുള്ള സ്ഥാനങ്ങളിൽ തന്നെ അവ വരേതാണ്. അതുപോലെ ഗൃഹാമദ്ധ്യങ്ങൾക്ക് ഒഴിവിടേതാണ്. കിഴക്ക് കുളിമുറിക്ക് സ്താനം ഉ് എന്നാൽ അവിടെ ടോയ്‌ലറ്റ് കൊടുക്കരുത്, അത് നല്ലതല്ല. അതിന് പറഞ്ഞിട്ടുള്ള മറ്റു സ്ഥാനങ്ങളിൽ ആണ് അത് കൊടുക്കേത്.

ഗൃഹം നിർമ്മിക്കുന്നത് ക്ഷേത്രം, പള്ളി, ആശ്രമം എന്നിവയുടെ അടുത്താണെങ്കിൽ അവിടെ പാലിക്കേ വിധികൾ പാലിക്കുന്നില്ല എങ്കിൽ അവിടെ വസിക്കുന്നവർക്ക് വലിയ ദോഷഫലങ്ങൾ ഉാകും. ഇവയിൽനിന്നും വാസ്തു ശാസ്ത്രം അനുശാസിക്കുന്ന അകലം കൃത്യമായി പാലിക്കേതാണ്.

നൊരു കുറവുമില്ല.

അഗസ്ത്യകൂടത്തിലോ മുല്ലപെരിയാറിലോ വൻ മഴ നിൽക്കാതെ പെയ്താൽ തിരുവനന്തപുരം ജില്ലയും വെള്ളത്തിലാഴുമെന്ന് പറയുമ്പോൾ പലരും ഇന്നും വിശ്വസിക്കുന്നില്ല.

വൻ വികസനം എന്ന് പറഞ്ഞ് ഇന്ന് നാം നിർമ്മിയ്ക്കുന്ന ബൈപാസുകൾ, ഷോപ്പിംഗ് മാളുകൾ എല്ലാം തന്നെ നശിപ്പിയ്ക്കുന്ന ജല ഒഴുക്കുകൾ മാസ്റ്റർ പ്ലാനുകളിലൊന്നും തന്നെ കാണാറില്ല.

ചെന്നൈ സംഭവത്തിൽ നിന്നും നാം എന്തെങ്കിലും പാഠം ഉൾകൊാൽ അത് നമുക്കും ഭാവി തലമുറയ്ക്കും വളരെയധികം ഗുണം ചെയ്തിരിക്കണം.

വളരെയധികം പാഠങ്ങൾ പഠിച്ചു തിരുത്തിയ ഒരു രാജ്യമാണ് നെതർലാൻഡ്സ് ഈ കാര്യത്തിൽ. തങ്ങളുടെ തണ്ണീർ തടങ്ങളും ചതുപ്പു നിലങ്ങളും നികത്തി കെട്ടിടങ്ങളും മറ്റും നിർമ്മിയ്ക്കുവാൻ വളരെ വ്യഗ്രത കാട്ടിയ ഇവർക്ക് ഇതിനുള്ള വൻ തിരിച്ചടി ഉാകുകയും ചെയ്തു. തങ്ങളുടെ രാജ്യത്ത് 3000 ത്തോളം ഇടങ്ങളിൽ സ്ഥിരം വെള്ളപ്പൊക്കം കാണുന്നതിന്റെ അടിസ്ഥാനത്തിൽ മഴവെള്ളത്തിനൊഴുകി പോകുവാനുള്ള വഴി വീും ഉാക്കികൊടുക്കുവാൻ തീരുമാനിച്ചുകൊാണ് അവർ ഈ വെള്ളപൊക്ക പ്രശ്നം പരിഹരിച്ചത്.

ഈ തരത്തിൽ ഒരു നേട്ടം കോഴിക്കോട് നേടി. കോഴിക്കോട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് വേി കോട്ടൂളി തണ്ണീർ തടത്തിൽ 13 ഏക്കർ സ്ഥലം നികത്തുവാനായ തീരുമാനം ചില പരിസ്ഥിതി സംഘടനകൾ ഹരിത ട്രിബ്യൂണലിനെസമീപിച്ചതു മൂലം റദ്ദ് ചെയ്യിക്കുവാൻ സഹായിച്ചു. കോഴിക്കോട് നഗരത്തിലെ അധിക ജലം സംഭരിയ്ക്കുന്ന പ്രധാനകേന്ദ്രമാണ് ഈ സ്ഥലം, അതും നഗരമദ്ധ്യത്തിൽതന്നെ.


ഇപ്പോൾ പുതുക്കിയ പദ്ധതിയനുസരിച്ച് പദ്ധതിപാർക്കിന് പുറത്തുള്ള സർക്കാർ സ്ഥലത്താണ് പുതിയ പദ്ധതിയ്ക്ക് സർക്കാർ ഭൂമി കത്തിയത്.



കോഴിക്കോട് ജില്ല സീനിയർ പവർലിഫ്റ്റിംഗ് ഓവറോൾ ചാമ്പ്യൻമാരായ കാലിക്കറ്റ് ബാർബൽ ക്ലബ് ടീം



കോഴിക്കോട് ജില്ല പവർലിഫ്റ്റിംഗ് മാസ്റ്റേഴ്സ്
വിഭാഗം സ്ട്രാംഗ് മാനായി തിരഞ്ഞെടുക്കപ്പെട്ട
കെ.കെ. ഗണേശൻ
കാലിക്കറ്റ് ബാർബെൽ ക്ലബ്ബ്





വെള്ളൂരിൽ നടന്ന നാഷ്ണൽ മാസ്റ്റേഴ്സ് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ
59 കി.ഗ്രാം വിഭാഗത്തിൽ സിൽവർ മെഡൽ നേടിയ എം.പി. അനിൽകുമാറും
ബ്രോൺസ് മെഡൽ നേടിയ ടി.ജെ. മാത്യൂ (കാലിക്കറ്റ് ബാർബൽ ക്ലബ് കുതിരവട്ടം)



## നക്ഷത്രരാജ്യം മാസിക 7–ാം വാർഷികവും

# അവാർഡ് സമർപ്പണവും

**2015 ഡിസംബർ 12ന് വൈകു. 7 മണി മുതൽ കോഴിക്കോട് ടൗൺ ഹാളിൽ വെച്ചു നടന്നു.**




യു.എ. ഖാദർ



പി.ആർ.നാഥൻ



എം.എസ് കുമാർ



സുകുമാർ കൂർക്കഞ്ചേരി



അനീഷ് നാട്യാലയ (കോറിയോഗ്രാഫർ)

**പ്രതിഭാശാലികളായ സാഹിത്യകാർക്കു വേി നക്ഷത്രരാജ്യം മാസിക കഥ, ലേഖനം, കവിത മത്സരം സംഘടിപ്പിച്ച തിൽ അവാർഡ് ജേതാക്കളായ സാഹിത്യകാരന്മാർക്കും കവികൾക്കും അവാർഡ്**

### കഥ



അശോകൻ മല്ലിശ്ശേരി (1st)




ടി.എ.മടക്കൽ (2nd)




ഫാത്തിമത്ത് സുഹ്റ (3rd)
ചെമ്പ്രത്തൊടി

### ലേഖനം



വാസു അരീക്കോട് (1st)



അശോകൻ മല്ലിശ്ശേരി (2nd)




സി.കെ..രാഘവൻ (3rd)

# കവിത


ടി.എ.മടക്കൽ (1st)


പരിമള.പി (2nd)


പ്രസന്ന പാർവ്വതി (2nd)


ഗിരീഷ് മൂഴിപ്പാടം (കാർട്ടൂണിസ്റ്റ്)


കൊടാപ്പിള്ളി രവീന്ദ്രൻ വൈദ്യർ


ബാലചന്ദ്രൻ–മ്രഞ്ചേരി

## സാഹിത്യം,നാടകം ശില്പശാലയും കവിയരങ്ങും

**പി.ആർ.നാഥൻ, എം.എസ്.കുമാർ, മലത്ത് അപ്പുണ്ണി, പൂനൂർ കെ.കരുണാകരൻ കൂടാതെ മലയാളത്തിലെ പ്രമുഖ സാഹിത്യകാരും കവികളും രാഷ്ട്രീയ നേതാക്കളും പങ്കെടുത്തു**


## പൊതുസമ്മേളനം

**യു.ഏ.ഖാദർ, പി.ആർ. നാഥൻ, മ്യാടി ദാമോദരൻ, മലയത്ത് അപ്പുണ്ണി, വാസു അരീക്കോട്, (കവി, സിനിമാഗാനരചയിതാവ്) സുനിൽ കുമാർ (സിനിമാ പിന്നണിഗായകൻ) തുടങ്ങിയ സാഹിത്യ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുത്തു.**


യു.ഏ.ഖാദർ


പി.ആർ നാഥൻ


മ്യാടി ദാമോദരൻ


മലയത്ത് അപ്പുണ്ണി


എം.എ നാസർ



മുഹമ്മദ് ബിൻ ഹമീദ്


വേദി


പൂനൂർ. കെ. കരുണാകരൻ

കഥ

# പ്രതിസ്പന്ദം



എം. എസ് കുമാർ

നോർത്ത് സ്റ്റേഷനിൽ നിന്ന് പടിഞ്ഞാറോട്ടുപോകുന്ന സ്ഥിരം യാത്രക്കാർ. ഞങ്ങൾ നാലു പേരും പുറമെ ധാരാളം പേരു്. ഇടിച്ചു കേറാൻ മിടുക്കുള്ള സ്റ്റീഫൻഫെർണാസാണ് ഞങ്ങളുടെ ലീഡർ. വാടാ ഇവിടെ– ഇവിടെത്തന്നെ. നാലുപേർക്കും ഒരുമിച്ചിരിക്കാവുന്ന സീറ്റ് അയാൾ തരപ്പെടുത്തിയിരിക്കുന്നു.

ഓടുന്ന വിയുടെ കുലുക്കവും യാത്രക്കാരുടെ അവ്യക്ത സംസാരങ്ങളും യാത്രയുടെ വിരസതയകറ്റി.

വട വടേയ്, പഴേയ്പഴം പഴംപൊരീ വിളിയോടെ ചെറുപ്പക്കാർ തലയിൽ ട്രേയുമായി വിയുടെ ആട്ടവും ചാട്ടവും ബാലൻസു ചെയ്തു നടന്നുനീങ്ങുന്നു. അപൂർവ്വം കുട്ടികളും മധ്യവയസ്കരും വടയും ചായയും കഴിക്കുന്നു്.

ഒരു മദ്ധ്യവയസ്കൻ 'ചായ ചായ' എന്നു വിളിച്ചു പറഞ്ഞു കൊ് ഒരാവേശവുമില്ലാതെ ഇടം കയ്യിൽ കെറ്റിലും തോളിൽ മാലയായി തൂക്കിയ ഫൈബർ ഗ്ലാസുമമായി നടന്നു നീങ്ങുന്നു. ഏതു ബഹളത്തിൽ നിന്നും ഉയർന്നു കേൾക്കാവുന്ന കനമുള്ള പരുക്കൻ ശബ്ദമാ അയാൾക്ക്.

നമ്മൾ യാത്രക്കാരിങ്ങനെസഞ്ചരിക്കുന്നത് കൊ് എത്ര കുടുംബങ്ങളിൽ അരി മേടിക്കുന്നുാവും അല്ലേ?

ആത്മഗതം പോലുള്ള എന്റെ ചോദ്യത്തിന് ജോൺ പരിഹാസത്തോടെ ഉത്തരം പറഞ്ഞു. ഊം. വെറുതെ ബ്ലിംഗു ചെയ്തു കൊിരുന്നാൽ പോരാ, ഓരോ ചായയോ പഴം പൊരിയോ ഞങ്ങൾക്കൊക്കെ വാങ്ങിത്തരണം. അവരീതൊയിട്ടു കീറുന്നത് മോക്ഷം കിട്ടാനൊന്നുമല്ല. ഇനി തൃശൂരെത്തുമ്പോൾ ഞങ്ങൾക്കെല്ലാം ഓരോ പഴംപൊരിയും ചായയും വാങ്ങിത്തന്നാലും മതിയാകും.

ഞാൻ വാങ്ങിത്തരണം അല്ലേ?. നിങ്ങൾക്കൊക്കെ കിട്ടുന്ന സാലറി ചാമയായിരിക്കും. എസ്ബിഐയും എസ്ബിടിയും കനറയുമൊക്കെ ദരിദ്രസ്ഥാപനങ്ങളായിരിക്കും അല്ലേ?

കൂട്ടുകാർ തമ്മിൽത്തമ്മിൽ തോളുരുമിച്ചിരിച്ചു.

ഓരോ സ്റ്റേഷനിലെത്തുമ്പോഴും ഇറങ്ങുന്നവരേക്കാൾ കൂടുതൽ ആളുകൾ കയറുന്നു്. ഞങ്ങൾ നാലുപേരും അടുപ്പിച്ചിരുന്നു.കുട്ടികൾ സീറ്റിനിടയിൽ കയറിനിൽക്കാൻ തുടങ്ങുന്നു.

തിരക്കിനിടയിൽ നിന്ന് വിളികളുയരുന്നു. ചായാ ചായാ.

ഇവിടെ നിന്നു തിരിയാൻ ഇടമില്ലാ. അതിന്റെ ഇടേലാ നിന്റെയൊരു ചായ കൊുപോടാ അവിടുന്ന്.

ഏതോ ഒരുഭാഗത്തുനിന്നൊരു കമന്റ്. വാസ്തവത്തിലിവിടെ ചായക്കാരനില്ലായിരുന്നു. തിരക്കിനുള്ളിൽ നിന്നാരോ പുളുവടിച്ചതാണ്.

ഒരു ചെറുപ്പക്കാരൻ തലയിലൊരു ട്രേയുമായി ഞങ്ങൾക്കരികിലൂടെ നീങ്ങുന്നു. പഴേ പഴം. പഴം പൊരീ. പഴേയ്പഴം. വടാ വട. അയാൾ വിളിച്ചു പറഞ്ഞുകൊിരുന്നു. ജയാനന്ദന് സ്വരം താഴ്ത്തി പറഞ്ഞു. പഴേ പഴം പഴേപഴം പൊരീ എന്ന്! മീൻസ് ഓൾഡ് ഫ്രൂട്ട്. വിൽപനക്കാരനത് കേട്ടോ സംശയം. അയാളൊന്നിടം കണ്ണിട്ടുനോക്കി. ജയൻ ഒരിളിഭ്യച്ചിരിയോടെ കണ്ണിറുക്കി തലകുനിച്ച് ഇരുന്നു.

രുകൈയിലും തോളത്തിട്ട സഞ്ചിയിലും പുസ്തകങ്ങളുമായി ഒരു യുവാവ് കൈമുട്ട് തുഴഞ്ഞ് ഞങ്ങൾക്കടുത്തെത്തി. ഓരോ സീറ്റിനകത്തും ഓരോ കെട്ട് പുസ്തകങ്ങളും വെച്ച് അയാൾ കംമ്പാർട്ടുമെന്റിൽ നിന്ന് കമ്പാർട്ടുമെന്റിലേക്ക്



യിൽനിന്നു കിട്ടിയ പത്തു രൂപയുടെ സ്വർണ്ണനിറമുള്ള കൊട്ടൻ അവളുടെ കൈവെള്ളയിൽ വെച്ചുകൊടുത്തു. നാണ്യം കൈയിലടക്കി എന്റെ കൈത്തലം മുതൽ മുട്ടുവരെ തഴുകി. ആകശ്മികമായ ഊഷ്മള ശീതള സ്പർശനത്തിൽ ഞെട്ടവെ, കുസൃതിച്ചിരി മായ്ക്കാതെ അവൾ വൃദ്ധന്റെ കൈപിടിച്ച് നിൽപ്പുകാരെ വകഞ്ഞുമാറ്റി മുന്നോട്ടു നീങ്ങി.

ഞാൻ തലതാഴ്ത്തി കൈയുഴിഞ്ഞ്കൊിരുന്നു. കൂട്ടുകാർ വാച്ചു നോക്കി. വിയുടെ സമയകൃത്യതയെ കുറിച്ച് സംതൃപ്തരായി. ഞങ്ങൾ ഷൊർണ്ണൂർ സ്റ്റേഷനിലിറങ്ങി. വേഗം നടന്ന് സ്റ്റാന്റിലെത്തിയാൽ എട്ട് മുപ്പതിന് പെരിന്തൽമണ്ണക്കുള്ള സൂപ്പർ എക്സ്പ്രസ്സ് കിട്ടും.

ഏതെങ്കിലും പ്രൈവറ്റ് ബസ്സാണെങ്കിൽ എനിക്കും രാജുവിനും പട്ടാമ്പിയിലിറങ്ങാം. സ്റ്റീഫനും ജയനും അടുത്ത ബസ്സുപുലാമന്തോൾ കിട്ടിയിട്ടു വേണം പുലാമന്തോളിലെത്താൻ. മിക്ക ദിവസങ്ങളിലും ഞങ്ങൾക്കൊരുമിച്ച് കെ എസ് ആർ ടി സിയിൽ തന്നെ പോകാൻ പറ്റാറു്.

സ്റ്റാന്റിൽ അബൂട്ടിയുടെ പെട്ടിക്കടക്കടുത്ത് ഞങ്ങൾ നിന്നു. അഞ്ചോ പത്തോ മിനിറ്റിനുള്ളിൽ സൂപ്പർ എക്സ്പ്രസ്സ് എത്തും.

കിഴക്ക് ഭാഗത്ത് കംഫർട്ട് സ്റ്റേഷനു മുന്നിലായി കുറച്ചുപേർ വട്ടമിട്ടു നിൽക്കുന്നു. കപ്പടാമീശയും താടിയും ചപ്രത്തലയുമുള്ള ഒരു കുറിയ മനുഷ്യൻ ഒരു സ്ത്രീയുമായി മൽപിടുത്തം നടക്കുന്നു. തൊട്ടപ്പുറത്ത് മുട്ടൻ വടിയോങ്ങി നിലത്തടിച്ചുകൊ് അന്ധനായ വൃദ്ധൻ. പെൺക്കുട്ടിയെ ഞങ്ങൾ തിരിച്ചറിഞ്ഞു. തോളത്തെ സഞ്ചി പിടി കൊടുക്കാതെ അവൾ അയാളെ തള്ളുകയും കൈവീശി അടിക്കുകയും പിച്ചുകയും ചവിട്ടുകയും ചെയ്യുന്നു്. അവൾ ഉറക്കെ ആക്രോശിയ്ക്കുന്നു.

“വിടെടാ പാറക്കാലാ. നിനക്കൊന്നും തരില്ലെടാ നായേ. പോടാ പോ. അയ്യോ അയ്യോ....."അവൾ വായിട്ടു കീറുന്നു....

ഒരു പൂര കാഴ്ച കാണുന്ന ലാഘവത്തോടെ ചുറ്റുപാടുള്ളവർ ആസ്വാദകരായി നോക്കിനിൽക്കുന്നു. മീശക്കാരന് അവളെ പിടിയിലൊതുങ്ങുന്നില്ല. അയാൾക്ക് ശരിയായി കാലുകളുറയ്ക്കുന്നുമില്ല. വികലമായ ഭാഷയിൽ അയാൾ ആക്രോശിക്കുന്നു്.

“അതിങ്ങു കൊുവാടി. നിന്നെ ഞാൻ വിടില്ലെടീ പൊലാ-” ചീറ്റും പോലെ അയാൾ ശബ്ദിച്ചുകൊ് പിടിവലി മുറുകുന്നു.

“അവനെരു പൊട്ടിക്കാൻ ഇവിടെ ആരുമില്ലേ? എന്തു തോന്ന്യാസമാണീ കാണിക്കണത്!” ഞാൻ ഒരടി മുന്നോട്ടു വെച്ചു. എന്റെ ശബ്ദമുയർന്നത് ആരൊക്കെയോ കേട്ടിരിക്കണം. ജയൻ കൈപിടിച്ച് പിറകോട്ടു വലിച്ചു: ‘സാറെ നമുക്കിലിതെന്തു കാര്യം മിാതിരി, അതാ ബസ്സ് വരുന്നു കേറിപ്പറ്റാൻ നോക്ക്”.

ബാക്ക് ഡോറിലൂടെ ഞങ്ങൾ ബസിൽ കയറി. തെരുവിൽ നിന്ന് “ഹ്രാ പ്രായ് ” എന്നൊരു ഭീകര ശബ്ദംമുയർന്നു. ഞങ്ങൾ തല ചെരിച്ചുനോക്കി. ആ പിടിച്ചുപറിക്കാരൻ നിലത്ത് മലർന്നടിച്ചുവീണു കിടക്കുന്നു. തലയിൽ നിന്ന് ചീറ്റിത്തെറിക്കുന്ന ചോര. തലയ്ക്കടുത്തായി വീും അടിയ്ക്കാനായി മുട്ടൻ വടിയോങ്ങുന്ന വൃദ്ധൻ. കാണികൾ ഓരോരുത്തരായി പിൻവാങ്ങുന്നു. ചിലരോടുന്നു. അങ്ങനെവേണം! കവരിലാരുടെയോ പ്രതിസ്പന്ദം.

ബസ്സ് സ്റ്റാർട്ട് ചെയ്യവേ അക്രമിയിൽ നിന്നു രക്ഷപ്പെട്ട പെൺകുട്ടി സ്റ്റാന്റിൽ തിരഞ്ഞുകൊ് ഞങ്ങളുടെ ബസ്സിനടുത്തെത്തി. സീറ്റിലിരിക്കുന്ന ഞങ്ങളെ രൂക്ഷമായി നോക്കി. സഞ്ചിയിൽ കൈയ്യിട്ട് ഒരു പിടിവാരി ഞങ്ങൾക്കു നേരെ വീശിയെറിഞ്ഞു. “ഫൂ ” എന്നൊന്നു നീട്ടി ഒരു തുപ്പ്.

ഞങ്ങളുടെ തലയിലും ഷർട്ടിലും അവളെറിഞ്ഞ വസ്തു

(ശേഷം പേജ് 27 ൽ)

നടന്നു പോകുന്നു. അയാൾ ഒരറ്റം വരെ സീറ്റുകളിൽ പുസ്തകങ്ങൾ

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ





**അർപണ സെന്റർ, കോവൂർ, കോഴിക്കോട്, ഫോൺ: 0495 2353022**

**സി.എം. സുന്ദരൻ - 9388412430**

*ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്*





സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956



ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും

# KODAPPALLY AYURVEDA PHARMACY



**29/1552 A2, Kottooli Centere,**
**Kozhikode - 16**
**Agency : KACOPS, KOTTOOLI**
**Mob : എം. കെ. രവീന്ദ്രൻ വൈദ്യർ**
**കൊടാപ്പള്ളി - 9747868041**





എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

# ശാരദ



## ഇൻഡസ്ട്രീയൽസ്




കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് - 673 007
**Mob: 9846412070**



# രാഗലയ മ്യൂസിക്കൽസ് & സ്ക്കൂൾ ഓഫ് മ്യൂസിക്ക്

Puthiyara road, Parayanchery Senguptha Public Library Building
opp. Govt. Girls H.S.School, Calicut-4, Ph: 9447445613, 7034325658




## ക്ലാസ്സുകൾ

**കർണ്ണാടക സംഗീത ക്ലാസ്, കീബോർഡ് (ഓർഗൺ), ഗിത്താർ, വയലിൻ (വെസ്റ്റേൺ), ഹാർമോണിയംതബല, ഡ്രം (ജാസ്സ്), ഓടക്കുഴൽ, കരോക്കെ കോച്ചിംഗ്, ഓർക്കസ്ട്ര കോച്ചിംഗ്, മുതലായവ**


**എല്ലാവിധ സംഗീത ഉപകരണങ്ങളും വിൽക്കുന്നു**

ഓർമ്മ

# ടി. സുധാകരൻ ഒരനുസ്മരണം



ജയശങ്കർ പൊതുവത്ത്



കോഴിക്കോടൻ നാടക വേദി മലയാള അരങ്ങിലേക്ക് നിരവധി അഭിനയ പ്രതിഭകളെ സംഭാവനചെയ്തിട്ടു്. നെല്ലിക്കോട് ഭാസ്ക്കരൻ, കുതിരവട്ടം പപ്പു, എം. കുഞ്ഞാി. കെ.പി. ഉമ്മർ, ബാലൻ കെ നായർ തുടങ്ങിയവർ. അവരിൽ അവസാനത്തെ ആളായിരുന്നു കഴിഞ്ഞ ജനുവരി നാലാം തിയ്യതി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ടി. സുധാകരൻ.പ്രശസ്ത മലയാള സിനിമാ നടൻ സുധീഷിന്റെ അച്ഛൻ എന്നതിലുപരി ഒരു നടൻ എന്ന നിലയിലായിരുന്നു അദ്ദേഹത്തെ മലയാള കലാപ്രേമികൾ ആരാധിച്ചിരുന്നത്. ഒരു നാടകക്കാരൻ എന്ന നിലയിൽ പൂർണ്ണമായും നാടകവേദിയ്ക്ക് സ്വയം അർപ്പിച്ച ഒരു കലാകാരനായിരുന്നു അദ്ദേഹം.

അറുപതുകളുടെ തുടക്കം മുതൽ 2015ന്റെ അവസാനം വരെ ഏകദേശം 45 കൊല്ലത്തിലധികം അദ്ദേഹം നാടകവേദിയിൽ നിറഞ്ഞു നിന്നു. അനാരോഗ്യത്തിന്റെ ചെറിയ ഇടവേള കഴിഞ്ഞ് വീും സജീവമാകുന്നതിനിടയിലാണ് അദ്ദേഹം നമ്മെ വിട്ടു പോയത്.

ആ കലാകാരന്റെ കലാസപര്യക്ക് മുമ്പിൽ നമസ്ക്കരിക്കട്ടെ.

സുധാകരനെകുറിച്ചുള്ള എന്റെ ഓർമ്മകൾ എഴുപതുകളിൽ തുടങ്ങുന്നു. ഡോക്ടർ ഇന്ദുകുമാറിന്റെ ഒരു നാടകത്തിലാണ് ഞാനദ്ദേഹത്തെ ആദ്യം കാണുന്നത്. രംഗത്തുടനീളം നിറഞ്ഞു നിൽക്കുന്ന ഒരു കഥാപാത്രത്തെയായിരുന്നു അദ്ദേഹം പ്രതിനിധീകരിച്ചിരുന്നത്. അന്ന് ഞാനും കോഴിക്കോടൻ നാടകവേദിയിൽ സജീവമായി ഇടപെടുന്ന കാലമായിരുന്നു. അന്നുതുടങ്ങിയ സൗഹൃദം അവസാനകാലം വരെ നിലനിന്നു.

പക്ഷേ, ഞങ്ങൾക്കൊരുമിച്ച് എന്റെ ഒരു നാടകം ചെയ്യാൻ കഴിഞ്ഞില്ല എന്നൊരു ദുഃഖം ഇപ്പോഴും ബാക്കിയു്.

കഴിഞ്ഞവർഷം അത്തരമൊരു സംരഭത്തിന് ഞങ്ങൾ ഒരുങ്ങിയതായിരുന്നു. അദ്ദേഹത്തിനു വേി ഞാനൊരു നാടകമൊരുക്കി. സുധാകരന്റെ പ്രായത്തിനും ശരീരപ്രകൃതിക്കും, അഭിനയസാധ്യതയ്ക്കും ഒത്തിണങ്ങിയ കഥാപാത്രം. നാടകം വായിച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിനാവേശമായി. എന്റെ വീട്ടിൽ വച്ചും വായനശാല ഹാളിൽ വെച്ചും നാടകവേദിയിൽ പ്രശസ്തരായ റംഗൂൺ റഹ്മാൻ തുടങ്ങിയ നടൻമാരോടൊപ്പം റിഹേഴ്സൽ ആരംഭിച്ചു. ആ നാടകത്തിൽ എന്നോടൊരുമിച്ച് നക്ഷത്ര രാജ്യം മാസികാ പത്രാധിപരും നാടകകൃത്തും ഗാനരചയിതാവും സംവിധായകനുമായ നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണനും സഹകരിച്ചു. നിർഭാഗ്യവശാൽ എന്റെ

മറ്റുചില ജോലിത്തിരക്കുകൾ കാരണം ആ നാടകം രംഗത്തവതരിപ്പിക്കാനായില്ല. കഴിഞ്ഞ ഡിസംബറിൽ എന്റെ ഒരു പുസ്തക പ്രകാശനത്തിന് ടൗൺ ഹാളിൽ വന്നപ്പോൾ അതു വീും ആരംഭിക്കണമെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ, അതിനിടയിലാണ് അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞത്. ഒരു നടൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ മഹത്വത്തെ തൊട്ടറിയുവാൻ എനിയ്ക്ക് പലപ്പോഴും അവസരം ലഭിച്ചിട്ടു്. ഒരിക്കൽ നെല്ലിക്കോട് ഭാസ്ക്കരേട്ടന്റെ അനുസ്മരണ പരിപാടിയ്ക്ക് വേി ഭാസ്ക്കരേട്ടൻ-ശാന്തേടത്തി പതിവായി അവതരിപ്പിച്ചിരുന്ന തിക്കോടിയൻ മാസ്റ്ററുടെ "പരകായ പ്രവേശം" ശാന്തേടത്തിയുടെ നേതൃത്വത്തിൽ പുനഃഅവതരിപ്പിച്ചു. ആ നാടത്തിൽ മുമ്പ് ഭാസ്ക്കരേട്ടൻ എടുത്ത കഥാപാത്രത്തെ സുധാകരൻ ആയിരുന്നു അവതരിപ്പിച്ചത്. എന്നെ സംബന്ധിച്ചിടത്തോളം ര് വ്യത്യസ്ത നടൻമാരെ ഒരു കഥാപാത്രത്തിലൂടെ താരതമ്യപ്പെടുത്തി നോക്കാനുള്ള അവസരം കൂടിയായിരുന്നു അത്. സംഗീതമോ വെളിച്ചനിയന്ത്രണമോ, മറ്റുവിദ്യകളോ ഒന്നും ഇല്ലാതെ ഏകദേശം ഒന്നരമണിക്കൂർ നേരം സുധാകരൻ ഭാസ്കരേട്ടന്റെ അതേ ലാഘവത്തോടെ രംഗത്തു നിറഞ്ഞാടി. രംഗവേദിയിൽ ഒരുനടൻ എന്ന നിലയിൽ താൻ നിൽക്കുന്നത് കാണികളുടെ മുമ്പിലാണ് എന്ന ബോധം അദ്ദേഹത്തിനുായിരുന്നു. താൻ രംഗത്തവതരിപ്പിക്കുന്ന കഥാപാത്രത്തെ അവർക്ക് ബോധ്യപ്പെടുന്ന രീതിയിൽ അവതരിപ്പിക്കണം എന്നദ്ദേഹത്തിന് നിർബന്ധമായിരുന്നു. അതിനുതക്ക കഴിവും ജന്മസിദ്ധമായി അദ്ദേഹത്തിനു ലഭിച്ചിരുന്നു. നടന്മാർ സാധാരണരീതിയിൽ രു തരത്തിലാണ് കഥാപാത്രങ്ങളെ സമീപിക്കാറ്. ഒരു കൂട്ടർ കഥാപാത്രത്തെ തന്നിലേക്ക് ആവാഹിക്കുമ്പോൾ ചിലർ കഥാപാത്രത്തിന്റെ ഉള്ളിലേയ്ക്ക് കയറും. രാമത്തെതരത്തിൽപ്പെട്ട നടനായിരുന്നു സുധാകരൻ. തനിയ്ക്ക് അവതരിപ്പിക്കേ കഥാപാത്രം തന്റെ ശരീരപ്രകൃതിക്ക് ഇണങ്ങുന്നതല്ലെങ്കിലും ആ കഥാപാത്രത്തെ തന്റെ ശാരീരിക പ്രത്യേകളിലേയ്ക്ക് മാറ്റി കാണികളെ ബോധ്യപ്പെടുത്തുവാൻ അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവുായിരുന്നു.

നാടകവേദിയോടൊപ്പം തന്നെ ചലച്ചിത്ര മേഖലയിലും സുധാകരൻ അദ്ദേഹത്തിന്റെ സംഭാവനകൾ അർപ്പിച്ചിട്ടു്. 1979ൽ "ഹൃദയത്തിൽ നീ മാത്രം" എന്ന ചിത്രത്തിലാണ് അദ്ദേഹം ആദ്യമായി അഭിനയിച്ചത്. ആ ചിത്രത്തിന്റെ അണിയറയിൽ ഞാനുമുായിരുന്നു. ചിത്രീകരണത്തിനു കോഴിക്കോട്ടെത്തിയപ്പോൾ സംവിധായകൻ ശ്രീ ഗോവിന്ദൻ കോഴിക്കോട് നാടകവേദിയിൽ നിന്ന് കഴിവുള്ളവർ ഉങ്കിൽ പരിഗണിയ്ക്കാം എന്നു പറഞ്ഞു. അതനുസരിച്ച് ശ്രീ ചേമഞ്ചേരി നാരായണൻ നായർ പി.കെ. ജയപാലൻ എന്നിവരോടൊപ്പം സുധാകരനും ഒരു വേഷം ചെയ്തു. തുടർന്നു നിരവധി സിനിമകളിൽ അദ്ദേഹം വേഷമിട്ടെങ്കിലും നാടകവേദിയെപ്പോലെ തന്റെ കഴിവിനനുസരിച്ചുള്ള ഒരുശ്രദ്ധേയ വേഷം അദ്ദേഹത്തിനു ചെയ്യാൻ കഴിഞ്ഞില്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. ഔദ്യോഗിക തിരക്കുകൾക്കിടയിൽ അദ്ദേഹം അതിനു ശ്രമിച്ചില്ല എന്നതാണു പ്രധാനകാരണം.

ഒരു നടനുവേ കൃത്യനിഷ്ഠ, കഥാപാത്രത്തിനു തന്റേതായ രീതിയിലുള്ള വ്യാഖ്യാനം കൊടുക്കൽ, മാത്രമല്ല തന്റെ വേഷത്തോടൊപ്പം നാടകത്തിന്റെ പൊതുവായ വിജയത്തിനു വേിയുള്ള അർപ്പണ മനോഭാവം എന്നിവ അദ്ദേഹത്തെ മഹത്വപ്പെടുത്തുന്നു.

രംഗബോധമുള്ള ഒരു സംവിധാകൻ കൂടിയായിരുന്നു സുധാകരൻ. ഒരു രചന കിട്ടിയാൽ അതിന്റെ രംഗപ്രയോഗം എങ്ങിനെഭംഗിയായി നിർവ്വഹിക്കാം എന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു. നാടകകൃത്തും സംവിധായകനും നടനുമായ ബാബു പറശ്ശേരി, റംഗൂൺ റഹ്മാൻ, സി. രത്നാകരൻ, നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ തുടങ്ങിയവരും അഭിനയ പ്രതിഭകളായ എം. എ. നാസർ, കുട്ട്യേടത്തി വിലാസിനി, സാവിത്രി ശ്രീധർ തുടങ്ങിയവരും ഈ കാര്യം പ്രത്യേകം എടുത്തു പറയാറു്. അതുല്ല്യ സിനിമ നടനായ ശ്രീ സുധീഷിനെ അച്ഛന്റെ നിര്യാണത്തിൽ മലയാള നാടകവേദി പ്രവർത്തകരുടെ അനുശോചനം അറിയിക്കട്ടെ. ഏതായാലും നാടകവേദി എന്നുമെന്നും ഓർമ്മിയ്ക്കപ്പെടുന്ന യശസ്സ് ഉാക്കി വച്ചിട്ടാണ് സുധാകരൻ ഇഹലോകം വെടിഞ്ഞത്. ജീവിതം മുഴുവൻ കലാസപര്യകൊ് ധന്യമാക്കിയ ആ കലാകാരന്റെ ഓർമ്മയിൽ ഒരിക്കൽ കൂടി നമിക്കുന്നു.

---

കവിത




അശോകൻ മല്ലിശ്ശേരി


# കാൽപ്പാടുകൾ

കൈനീട്ടൽ
അർത്ഥം പറയാതെ
കരുവാളിച്ച കണ്ണിൽ
മടക്കത്തിൽ
മണ്ണിന്റെ മമമേറ്റ
കാൽപ്പാടുകൾ
വേദനകളുടെ
കഥ പറയുന്നു
തൊട്ടങ്ങേൽ
ആളില്ലെത്തോതി
പിന്നെയുമെന്തിനലറുന്നു
സഹിക്കവയ്യാതെ
അവരുടെ പങ്കും കൈപ്പിടി
എന്നിട്ടുമയാളെന്നോട്
ചെറുനാക്കിൽ മുറുമുറുത്തു

ഇത്തിരിനേരംപൊയ്
അങ്ങേലത്തങ്ങേലൊരു
ദുർമുഖ ചിരിയുമായ്
മുറുമുറുത്തതെന്തിനാണന്നപ്പോഴാണ്....

# ആകാശത്തിന്റെ വേരുകൾ





അഷ്റഫ് നരിക്കുനി

വിശ്വനാഥൻ എന്ന വിശ്വേട്ടൻ കടൽ കടന്ന് ജപ്പാനിലേക്ക് പോകും മുമ്പ് തറവാടുമുറ്റത്ത് ഒരു മാവുനട്ടു. വിശ്വേട്ടൻ ജപ്പാനിലെത്തുമുമ്പ് തന്നെ മാവ് വളരാൻ തുടങ്ങി. ആകാശം മുട്ടേ വളർന്നു പൊങ്ങുന്ന മാവിന്റെ വളർച്ചക് വിശ്വേട്ടന്റെ അമ്മക്ക് ആദിയിൽ കൗതുകം തോന്നിയെങ്കിലും പിന്നീട് ഭയം തോന്നി തുടങ്ങി. അമ്മയുടെ ഭയം ദിനം തോറും വർധിച്ചു. ആകാശത്തു നിന്നും വല്ല ജീവികളും ഇറങ്ങിവരുമോ എന്ന ഭയം, അല്ലെങ്കിൽ കർക്കിടകത്തിൽ കാറ്റും മഴയും മാവിന്റെ ശിഖരങ്ങൾ അറുത്ത് പുരയിടം മുടിക്കുമോ എന്നഭയം... ആ ഭയത്തിലാണ് അമ്മ ആ തറവാട്ടിൽ ഒറ്റക്ക് ദിനരാത്രങ്ങൾ കഴിച്ചത്.

വിശ്വേട്ടന്റെ അച്ഛൻ മരിച്ചതിൽ പിന്നെ അമ്മഏറെക്കുറെ തനിച്ചായിരുന്നു. ഓർമ്മകൾ മാത്രം കൂട്ടിനെത്തുമ്പോൾ വിശ്വേട്ടന്റെ അമ്മയുടെ ലോകം വിശ്വത്തോളം വളരും. അമ്മക്ക് വീട്ടിൽ മിിയും പറഞ്ഞും നിൽക്കാൻ വീട്ടിൽ ആകെയുായിരുന്നത് ഒരു മകനാണ്. വിശ്വനാഥൻ.

അവനെകടൽ കടത്തി പഠനത്തിന് അയക്കേണ്ടെന്ന് അച്ഛനോട് പലവട്ടം അമ്മ പറഞ്ഞു നോക്കി. എന്നാൽ 'വിദ്യാധനം സർവ്വധനാൽ പ്രധാനം'എന്ന ഗുരുവചനം തലയിലേറ്റി നടക്കുന്ന അച്ഛന് അതിനപ്പുറം ഒന്നും ഉായിരുന്നില്ല. ആദ്യം പഠനം, പിന്നീട്, അവിടത്തുകാരിയെ വിവാഹവും കഴിച്ച് വിശ്വേട്ടൻ ജപ്പാനിൽ തന്നെ സ്ഥിരതാമസമാക്കി. അച്ഛന്റെ മരണം സംഭവിക്കുന്നതിന്റെ ഏതാനും മാസങ്ങൾക്ക് മുമ്പാണ് വിശ്വേട്ടൻ തിരിച്ചു വന്നത്. വിശ്വേട്ടന്റെ തിരിച്ച് വരവ് ഒരാഘോഷമായിരുന്നു. ജപ്പാൻക്കാരിയായ ഭാര്യ. അവളുടെ മൂക്കും വിശ്വട്ടന്റെ കണ്ണുകളുമുള്ള ര് പെൺകുട്ടികൾ..... തറവാട്ടുമുറ്റത്തും തുളസിത്തറയിലും അവർ ഓടിക്കളിക്കുന്നത് ക് അച്ഛന് വല്ലാതെ കോപം വന്നു. മലയാളിത്വം ഇല്ലാത്ത കുട്ടികളെ തന്റെ പേരമക്കളായി അംഗീകരിക്കാൻ അച്ഛന് കഴിഞ്ഞില്ല. ആ നെഞ്ചകം ഉരുകി.....ആ വേദനയിൽ ഒരു രാത്രി നെഞ്ച് വേദനയായി പരിണമിച്ചു. ഒരു തളർച്ച. ഒരു ഗ്ലാസ്സ് വെള്ളം അമ്മ കൊടുത്തു. അത് കുടിച്ച് തീരലും പിന്നോട്ടു മറിഞ്ഞു പോയ കണ്ണുകൾ പിന്നീട് തിരിച്ചു വന്നില്ല.

അച്ഛൻ മരിച്ചതിൽ പിന്നെ അമ്മക്ക് വല്ലാത്ത ഏകാന്തത അനുഭവപ്പെട്ടു. ജപ്പാൻകാരിയും കുട്ടികളും ജപ്പാനിലേക്ക് മടങ്ങി. അവർക്ക് അവിടെ ജോലി, കുട്ടികളുടെ സ്ക്കൂൾ.... അങ്ങിനെഒരുപാട് കാരണങ്ങൾ ഉായിരുന്നു. അങ്ങിനെതറവാട്ടിൽ വിശ്വട്ടനും അമ്മയും മാത്രം. അവർക്കിടയിൽ നിശ്ശബ്ദത ഭേദിക്കുന്ന സമയങ്ങൾ വളരെ ദുർലഭം.

അച്ഛൻ മരിച്ചതിന്റെ നാൽപതാം നാൾ വിശ്വേട്ടന് തന്റെ മക്കളേയും ഭാര്യയേയും കാണാൻ കൊതി തോന്നി. തിരിച്ച് ജപ്പാനിലേക്ക് പോകാൻ സമയവും ആയി. അമ്മയെക്കൂടി അവിടേക്ക് കൊുപോകാൻ ഒരു ശ്രമം നടത്തി. എന്നാൽ തന്റെ ഭർത്താവിന്റെ ആത്മാവ് നിറഞ്ഞു നിൽക്കുന്ന തറവാട് വിട്ട് പോകുവാൻ അമ്മ തയ്യാറായില്ല.

എന്തുചെയ്യണമെന്നറിയാതെ നടക്കുമ്പോളാണ് ആകാശം നോക്കി നടക്കുന്ന കുഞ്ഞിരാമനെ ക് മുട്ടിയത്. കുഞ്ഞിരാമൻ ചെറുപ്പം മുതലെ ആകാശം നോക്കി യാണ് നടക്കുക, കുഞ്ഞരാമനും വിശ്വേട്ടനും ഒരേ പ്രായക്കാരാണ്. എന്നാൽ വകയിൽ ഒരമ്മാവനാണ് കുഞ്ഞിരാമൻ. ഭൂമിയിലുള്ള ഒന്നും കാണാതെ . കുഞ്ഞിരാമ ദേശങ്ങൾ ചുറ്റി....... പല വഴികളിലൂടെ യാത്രക്കിടയിൽ വിവിധ ദേശങ്ങളിലെ ആകാശകാഴ്ചകൾ കു. സന്ധ്യാസമയങ്ങളിൽ പടിഞ്ഞാറൻ ചക്രവാളങ്ങളിൽ ദൈവം സ്വർഗത്തിൽ വിരിക്കാൻ പരവധാനികൾ നെയ്ത് ഉണക്കാനിടുമെന്നാണ് കുഞ്ഞിരാമൻ പറയാറ്. ആ കാഴ്ച പലദേശങ്ങളിലൂടെ സഞ്ചരിച്ച് കുഞ്ഞിരാമൻ കു. ആ യാത്രയിൽ വിവാഹം കഴിക്കാൻ കുഞ്ഞിരാമൻ മറന്നു. വീട് വെക്കാൻ മറന്നു. വിശ്വനാഥൻ എന്ന ബാല്യകാല കൂട്ടുകാരൻ മാത്രമാണ്. കുഞ്ഞിരാമനെജനിച്ച നാടുമായി ബന്ധിപ്പിച്ചത്.


കുഞ്ഞിരാമൻ നാട്ടിലെത്തി പത്താം നാൾ വിശ്വനാഥൻ തന്റെ പ്രശ്നം കുഞ്ഞിരാമനു മുമ്പാകെ അവതരിപ്പിച്ചു.

'കുഞ്ഞിരാമാ... എനിക്ക് ജപ്പാനിലേക്ക് തിരിച്ച് പോവണം. നീ ആകാശം നോക്കിയുള്ള നടത്തം നിർത്തി ഇവിടെയെങ്ങാനും നിൽക്കോ...'

'വിശ്വാ... നിന്റെ അമ്മ എന്റെ പെങ്ങളാണ്. പക്ഷെ എനിക്ക് ഒരു ദേശത്തും ഉറച്ച് നിൽക്കാൻ സാധിക്കില്ല... കാരണം പലതാണ്'കുഞ്ഞിരാമൻ പറഞ്ഞു. അതിനു ശേഷം തന്റെ തുണിസഞ്ചിയിൽ നിന്നു ഒരു പൊതിയെടുത്തു വിശ്വേട്ടന് നൽകി..

'നീ എന്ന് അമ്മയെ തനിച്ചാക്കി പോകുന്നുവോ അന്ന് ഈ പൊതി കഴിച്ച് തറവാടു മുറ്റത്ത് കുഴിച്ചിടുക.' അതും പറഞ്ഞ് കുഞ്ഞിരാമൻ ആകാശം നോക്കി യാത്രയായി...

ഭാര്യ, കുട്ടികൾ... ജോലി തുടങ്ങിയ ചിന്തകളു



## Yes Key Electricals & Engineering Works

***Puthiyapalam, Calicut***

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikrema Rectifiers etc.

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്ത്കൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunilkumar Mob: 9847390950
Ph: 0495-2702073, Resi: 9048594525

## HASBI TOURS & TRAVELS



***Meenchanda, Areekkad, Calicut - 27***
***Mob: Sahir - 9895999100***
***9895350141***

## ഡോക്ടേഴ്സ്

Γ₹┣∠⇊┣à⇌¶⊆┳

(കമ്പ്യൂട്ടറൈസ്ഡ് അനലൈസർ ക്ലിനിക്കൽ ലബോറട്ടറി)



വിജയബാങ്ക് ബിൽഡിംഗ്,
കാരപ്പറമ്പ്,
കോഴിക്കോട്
ഫോൺ : 8281735907

രോഗിയുടെ വീട്ടിൽ വന്ന് സാമ്പിൾ ശേഖരിക്കുന്നതാണ്

## മഹാത്മ കോളേജ്

ചെറുവണ്ണൂർ

**8, 9, 10 ട്യൂഷൻ**

**+1, +2 കൊമേഴ്സ്**

**ഹോളിഡേ ബാച്ച്**

**ഏപ്രിൽ ആദ്യവാരം ആരംഭിക്കുന്നു.**

ഫോൺ : 9388968863
0495 – 2483500

## പ്രോഗ്രസ്സ് ഓട്ടോസ്

എം. കെ. എച്ച്. ബിൽഡിംഗ്, നിയർ എൻഫീൽഡ് ഷോറൂം,
മിനി ബൈപാസ്സ് റോഡ്, കോഴിക്കോട് – 7



ഫോൺ : അരുൾദാസ് 9847701546, 9037516070

## OUR Gents & Ladies

**THE DRESS DESIGNERS & MAKERS**



Shamina Complex,
Ground Floor, Door No:1038,
Court Road, Calicut-1
Ph:0495-6510257
Mob: Appu- 9447262004

WE UNDERTAKES ALL KINDS OF ALTERATION WORKS

Urgent stitching: Shirt1Hr, Churidar & Blouse 1Hr, Pants2Hr

മായി വിശ്വേട്ടൻ ഒരു ഭാഗത്ത് മരിച്ച് പോയ ഭർത്താവിന്റെ കൂടെയുള്ള നല്ല ഓർമ്മകളുമായി അമ്മ മറുഭാഗത്തും ആയി ദിനങ്ങൾ തള്ളി നീക്കി....

പകൽ സമയത്ത് ഒരു സ്ത്രീവന്ന് ആഹാരങ്ങൾ ഉാക്കി വിളമ്പി പാത്രത്തിലാക്കി രാത്രിയാവും മുമ്പ് പോകും ആഹാരം കഴിച്ച് അമ്മയും മകനും ര് അകങ്ങളിലായി കുടിയേറും... ഈ ചര്യയിൽ ഒരു മാറ്റവും വന്നില്ല.

ഒരുനാൾ വിശ്വേട്ടൻ പുറ ത്തക്കിറങ്ങി. യാത്രക്കുള്ള എല്ലാ ഒരു ക്കങ്ങളും ശരിയാക്കി. അതിനുശേഷം അമ്മയോട് വിഷയം പറഞ്ഞു. "അവ ളോടും കുട്ടികളോടും ഇങ്ങ് പോരാൻ പറ വിശ്വാ. നിന്റെ കുട്ട്യോള് ഈ തറ വാട് വീട്ടിലല്ലേ താമസിക്കേത്"

"എങ്കിൽ അവരേയും കൂട്ടി വരാ" എന്ന് മാത്രം വിശ്വേട്ടൻ മറുപടി നൽകി.

അമ്മ ഒന്നും പറഞ്ഞില്ല. അങ്ങിനെവിശ്വേട്ടൻ വീും കടൽ കടക്കാൻ തീരുമാനിച്ചു.

യാത്രയുടെ തലേദിവസം കുഞ്ഞിരാമൻ തന്ന പൊതിയെടുത്തു. അതു തുറന്നു നോക്കി. അതൊരു മാങ്ങയുടെ "അി"യായിരുന്നു. കുഞ്ഞി രാമന്റെ ഓരോ തമാശകൾ... അവന് കൊടുത്ത വാക്കുകൾ തെറ്റിക്കേ... എന്നു കരുതി വിശ്വേട്ടൻ തറവാട്ട് മുറ്റത്ത് ഒരു കുഴിയെടുത്ത് അതിൽ അി യിട്ട് അൽപം മണ്ണിട്ടുമൂടി....കുറച്ച് വെള്ളവും ഒഴിച്ചു.

പിറ്റേന്ന് പുലർച്ചേ വിശ്വേട്ടൻ യാത്രയായി. പോകും മുമ്പേ കുഴിച്ചിട്ട സ്ഥലത്തേക്ക് നോക്കി. അവിടം ഒരാൾ പൊക്കത്തിൽ ഒരു മാവിന്റെ തൈ വളർന്ന് നിൽക്കുന്നത് കു.

ഒറ്റ ദിവസം കൊ് ഇത്രയും വളരുന്ന മാവിന്റെ തൈയോ.... വിശ്വേ ട്ടന് അത്തരം കാര്യങ്ങളൊന്നും ചിന്തി ക്കാൻ കഴിഞ്ഞില്ല. തന്റെ ഭാര്യ, മക്കൾ അവരെ കാണാനുള്ള ത്വരയായിരുന്നു ആ മനസ്സിൽ.

വിശ്വേട്ടൻ ജപ്പാനിലെത്തും മുമ്പ് ആ മാവ് വളർന്ന് ആകാശം മുട്ടേ... ദിവസങ്ങൾ എടുക്കും കടൽ വഴിയുള്ള ജപ്പാൻ യാത്രക്ക്. കടൽ കടന്ന് ജപ്പാനിലെത്തിയതോടെ വിശ്വേ ട്ടൻ വീും നാടു മറന്നു. അമ്മയെ മറ ന്നു.

തറവാട്ടു മുറ്റത്ത് വിശ്വേട്ടൻ കുഴിച്ചിട്ട മാവിന്റെ വളർമ്മയിൽ ഭയം തോന്നിയ അമ്മ അത് ആരോടും പറ ഞ്ഞില്ല. ആ ഭയം ആസ്ഥാനത്തായില്ല.

ഒരു സന്ധ്യാ സമയത്ത് വിളക്ക് തെളിയിച്ച് നാമം ജപിച്ചിരിക്കെ മുറ്റത്തെ മാവിന്റെ ശിഖരങ്ങളിൽ നിന്ന് ഒരു അനക്കം. ഒരു നിമിഷം അമ്മയ്ക്ക് വിശ്വസിക്കാനായില്ല. ഒരു കൊച്ചു സുന്ദരിപ്പെണ്ണ്. നക്ഷത്രത്തിന്റെ തിളക്ക

(ശേഷം പേജ് 41 ൽ)

**പ്രതിസ്പന്ദം** (21-ാം പേജ് തുടർച്ച)

ക്കൾ. കപ്പലിയും മിക്ചറും പൊരിയും ചില്ലറ നാണ്യങ്ങളും വീണു ചിതറി. എന്റെ നെറ്റിയിൽത്തട്ടി താഴേക്ക് തെറിച്ച നാണ്യം സൂക്ഷിച്ചു നോക്കി. പത്തു രൂപായുടെ സ്വർണനിറ മുള്ള കൊട്ടൻ!

ഇരമ്പി നീങ്ങുന്ന ബസ്സിന്റെ കർക്കശ ശബ്ദത്തെ അതി ജീവിച്ച് ആ പെൺകുട്ടിയുടെ പ്രതിസ്പന്ദനം എന്റെ കരളിൽ ചീളുകളായി തുളഞ്ഞു കേറി... ഫൂ...!

**മലമുകളിൽ ദൈവം** (11-ാം പേജ് തുടർച്ച)

അങ്ങാടിയും കാണാം. പുളിമരത്തിന്റെ ചുവട്ടിൽ ആളുകൾ കൂട്ടം കൂടിയിരിക്കും.

സുധാകരൻ പറഞ്ഞു:

" എന്റെ ടാക്സിക്ക് ക്ഷേത്രം ട്രിപ്പായിരുന്നു സാർ അധി കം. ഉടുപ്പി, മൂകാംബി, ധർമസ്ഥല, ഗോകർണം, ബേലൂർ, ഹലേ ബിഡ്, ശ്രാവണബല, ഗോള, സോമനാഥപുരം, പഴനി, മധുര, തഞ്ചാവൂർ, ശ്രീരംഗം, രാമേശ്വരം, ചിദംബരം, റൂട്ടൊക്കെ എനിക്കു കാണാപ്പാടാ. അമ്പലം സുധാന്നാ ആൾക്കാര് എന്നെ വിളിക്ക്യാ. ക്ഷേത്രത്തിലെ ഓരോ വഴിപാടും എങ്ങന്യാ, എപ്പ ഴാന്ന് എനിക്കു കാണാപ്പാടാ.

"സാറ് ഇത്തവണ വഴിപാട് ചെയ്യണം. മറുത്ത് പറയരു ത്. ഇത് എന്റെ ഒരാഗ്രഹമാണ്. ഞാനും സാറും ഈ വീം കൊറ ച്ചുകാലം ഒന്നിച്ചു കഴിയത്തല്ലേ?"

" വീനെനടയില് നിറുത്തീട്ട് ഒന്നു തൊഴീക്കണം. ലേശം ഒരു വിഘ്നം കാണണ്. ബാധ കൂടിയേക്കണപോലെ ഒരു വെറ യല്. പിന്നെ സാറിന്റെ പേരില് ഒരഭിഷേകം. അറുമുഖം സ്റ്റാളിന്ന് പൂജാസാമ്രഗ്രികള് വാങ്ങിക്കാം. നാളികേരം, കദളിപ്പഴം, ശർക്ക ര, കുങ്കുമം, അവില്, മലര്, കർപ്പൂരം, നെയ്യ്, ഭസ്മം, മയിൽപ്പീലി പിന്നെ ഒരു മൊന്ത പാലും.

ദാ നമ്മള് അടുക്കായി."ഞാൻ പുറത്തേക്കു നോക്കി. വഴിയിൽ നല്ല ഇരുട്ടാണ്. അകലെ പഴനിമലയിലെ വിളക്കുകൾ കുതുടങ്ങി.

**GLAMOUR GENTS WEAR**

Naluparambil Complex, Mankave, Calicut - 7
9847756569

*Pants, Jeans, Shirt, T-Shirts etc....*

**India's No - 1**
**AKSHAYA WATER PROOFING**

29/851, Kottoli, Mavoor Road,Kozhikode - 673016
*Mob : P.P. Pradeep - 9447312616, 9037940457*
*Email: aakshayawaterproof@gmail.com*

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

**Sree Lakshmi Enterprises**

24/1410-D, Thalikulangara, Mankave,
Calicut - 673 007Ph: Off: 9847140046
Mob: Ramesh : 9847005566
Dealers in
Johnson & Johnson, PEDI GREE (Dog & Cat Food)

**Highness Cool**
Refrigeration & Air Conditioning

NEAR POST OFFICE, MANKAVE, CALICUT-7
(Service for A/C, Fridge
Washing Machine, Spray Painting, etc.)
**Mob: 9349810003**

**P.V. ENTERPRISES**
DEALERS IN ELECTRICAL &
PLUMBING MATERIALS

17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

ഓം നമഃശിവായ
ദിനേശ് കെ.ടി - Mob : 9946309061
**നീലഗിരി പൂജാസ്റ്റോർ**
ദേരാബസാർ ബിൽഡിംഗ്
തളിറോഡ് കോഴിക്കോട് - 2
ഫോൺ : 0495 2702176
എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

**MANAMKULAM**
**ENTERPRISES**

Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf:
9847755130
WHOLE SALE DEALER OF ANCHOR PLYWOOD
Dealers: Plywoods, Laminated Sheets, Black Boards,
Aluminium Items, Hardware, Timbers etc.

**MANAMKULAM**
**TIMBERS**

Chalappuram P.O., Calicut-673 002, Kerala
Whole sale and Retail dealer of All types of Timber
logs & sizes, Nilotika sizes available
Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

**ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ**
**വർക്ക്ഷോപ്പ്**
മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്
കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

**വിനായക**
വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ
ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ - 9400741434

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്
**ടി.പി. ടീ സ്റ്റാൾ**
കുറ്റിയിൽതാഴം,
കോഴിക്കോട്
മനോജ് 9847915793

**CRAFT "N" STYLE**
Wood Designers
Manalody Compound, Mankave, Calicut -7
**CRAFT "N" STYLE**
Tool Grinding Centre, Kallai Road,Calicut-3
Mob:A.K.Ajayan
Email:ajayanwok06@gmail.com 9526368402,9539691872

കവിതകൾ

## സാന്ത്വനം തേടുന്നവർ



രാഗേഷ് പൂവ്വത്തിക്കൽ

ഓംകാര നാദം മുഴങ്ങുന്ന കോവിലിൻ
ചാരത്തൊരോടക്കുഴലുമായി
ആർക്കന്റെയാളുന്ന കോപം തടുക്കുവാൻ
അരയാൽ മരത്തിൻ ചുവട്ടിലായി
നീ പെറ്ററുണ്ണിക്കരികിലായ് വിരിയിട്ട
മഞ്ഞവിരിപ്പിലിരുന്നു കൊ്
കയ്യിലുള്ളോടക്കുഴലൊന്ന് മടിയാതെ
ചുടോടു ചേർത്തു പിടിച്ചുകൊ്
നീ പാടും പാട്ടുകൾ കരളിന്റെ കൂട്ടിലായ്
ആയിരം വട്ടം മുഴങ്ങിടുന്നു
ഇണയില്ല തുണയില്ല നിൻ ജീവയാത്രയിൽ
തുണയായി ഉള്ളതോരുണ്ണിമാത്രം
ഉണ്ണിതൻ കുഞ്ഞു വയറു നിറയുവാൻ
നിൻപശി നോക്കാതെ പാടിടുന്നു
എവിടെയോ കേട്ടുമറന്നൊരു രാഗത്തിൻ
പല്ലവി മാത്രം മുഴങ്ങിടുന്നു
ആരുമില്ലേ നിനക്കാരുമില്ലേ നിന്റെ
പിടിവള്ളി തേടും കരംപിടിക്കാൻ
അച്ഛനില്ലേ നിനക്കമ്മയില്ലേ
ക്കച്ച്യുതമായിട്ടിന്നൊന്നുമില്ലേ
എങ്ങനെനീ വന്നതേകയായീ വഴി-
ക്കേതൊരു ലക്ഷ്യവും കിടാതെ
എങ്ങനെനീയിത്ര രമ്യമായ് പാടുന്നു.
ഏതോ വിഷദമാം ശോകരാഗം
ഒരു കുഞ്ഞു മു വിരിച്ചതിൻ മുമ്പിലായ്
ചമ്രം പടിഞ്ഞു നീ പാടിടുമ്പോൾ
ഒരുനേരമന്നം കൊതിക്കും വയറിന്റെ
രോദനഗീതം മുഴക്കിടുമ്പോൾ
തിരിക്കാതിരിക്കുവാനാവില്ലെനിക്കെന്റെ
കണ്ണുകൾ കാതുകൾ നിന്റെ നേരെ
പട്ടിണി പോക്കാലമാടിയ നിന്നുടൽ
തേടുന്ന സാന്ത്വനം കിടാതെ.

## ശരീരങ്ങൾ



രജികുമാർ പുലാക്കോട്

കടൽക്കരയിൽ
തിരകൾക്കിടയിലെ ഏകാന്തതയിൽ
പരമാത്മാവിന്റെ അനന്തതയിൽ ദൃഷ്ടിയൂന്നി
ആത്മാവ് കാതരയായി.
കടൽ കരയെ പുണരുന്നു.
കൊടുങ്കാറ്റ് മലകളെ
നിലാവു രാത്രിയെ
മേഘങ്ങൾ നക്ഷത്രങ്ങളെ
മഴ മരങ്ങളെ.
അകരണനായ നിന്റെ നിസ്സംഗതയിൽ
ഞാൻ മാത്രമുരുൾപൊട്ടിയൊലിക്കുന്നു.
പൂക്കളിൽ വസന്തവും
വസന്തങ്ങളിൽ സുഗന്ധവും നിറയുന്നു
നക്ഷത്രങ്ങളിൽ സ്നേഹം
നിലാവായ് പരക്കുന്നു.
നീ മാത്രം ആശ്ലേഷത്തിന്റെ പരിമളങ്ങൾക്കു
നിഷ്ക്കാമിയായി പുറം തിരിഞ്ഞു നിൽക്കുന്നു.
ആത്മാവിന്റെ പരിഭവങ്ങളിൽ
പിടിച്ചു നിൽക്കാനാകാതെ
പരമാത്മൻ ഒരു നസീർച്ചിരി ചിരിച്ചു.
ആ, മീ..., നിന്റെ ഗിൽറ്റുകളും ലെയ്സുകളും
തുന്നിപ്പിടിപ്പിച്ച
ചാവേറുകൾ പടവെട്ടി മരിച്ച
അടിവസ്ത്രത്തിന്റെ നിലപാടുതറകൾ
ജീവരക്തത്തിൽ കഴുകിക്കളയുക.
പിന്നെ എനിക്കും നിനക്കുമിടയിൽ
നാം മാത്രം.

## അമ്മയുടെ മക്കൾ

**രാജഗോപാൽ എ.ജി**

ധരിത്രീ നിന്റെ മക്കൾ മത,
ഭ്രാന്തരോ...? നിന്റെ പാപമോ?
ജീവന്റെ തുടിപ്പുമായ്
പിറന്നൂ നിൻ മടിത്തട്ടിൽ
മാതൃ പിതൃ ഗുരു ദൈവമെന്ന
ചിന്തനം മറന്നൂ പോർ വിളിയ്ക്കുന്നു.
അഗ്നി ശരങ്ങളെയ്തു വീഴ്ത്തുന്നു
കാലവൈഭവം ജന്മമേകിയ
പുണ്യ ഗുരു വന്ദ്യരേ...
മാതൃ പിതൃ തുല്ല്യരേ...
എന്തിന്...? എന്തിനായ്-
പോരടിയ്ക്കുന്നു നമ്മൾ,
പുണ്യ ഭൂമി നമുക്കമ്മയല്ലോ?
ഈ പുണ്യഭൂമി നമുക്കമ്മയല്ലോ?
ഏകചിന്ത മനുഷ്യന്
മതം നന്മ ഭൂമിയായ്,
പുലരട്ടെ ലോകം...
പുഞ്ചിരി തൂകട്ടെ...!!

കവിത

പ്രസന്ന പാർവ്വതി.

# അനുസ്യൂതം



കൃത്യമായ അളവിൽ
നീ നിർമ്മിച്ചെടുത്ത
കൂളമോ കിണറോ ആണെന്നു
കരുതിയതു കൊണ്ട്
നീയിറങ്ങുമ്പോൾ കലങ്ങി മറിയുന്നതും
ശ്വാസം മുട്ടി ഗതികെട്ട്
ഒടുവിൽ കരയ്ക്കു കയറുന്നതും
കുന്നിൻ ചെരുവിൽ നിന്നൂർന്നിറങ്ങി
തടം നനച്ച് തരു തളിർപ്പിച്ച്
ലാസ്യമാർന്നൊഴുകുമൊരു പുഴയാണു ഞാനെന്ന്
തലയിട്ടുലയ്ക്കുന്ന പുൽക്കൊടിക്കറിയാം.
നീന്തിത്തുടിക്കും മീനുകൾക്കറിയാം.
ഒരുനാളുമറിയില്ല നീയീ ഓളപ്പരപ്പിനെ
കുളിരൊളിപ്പിച്ച തെളിമയുടെ ആഴത്തെ
തടയനെകെട്ടും നീ ഒഴുക്കടയ്ക്കും
പിന്നെയും പിന്നെയും ചോർന്നൊഴുകും
അലകളാൽ പുണരുന്ന കായൽ തേടി
തഴുകിത്തലോടുമൊരു ആഴിതേടി....

കവിത

# മൊഴിമാറ്റം




എ.എം. ബഷീർ

നിങ്ങളുടെ എല്ലും തോലുമായ ശരീരത്തിൽ
കോറി വരച്ച യൂദാസിന്റെ ചിത്രം
സത്യത്തെ തോൽപ്പിക്കുന്നതായിരുന്നു.
ഏതോ ഒരു മുജ്ജന്മപാപം പേറുന്ന
മുൾക്കിരീടം ഒരായുസ്സിനായ് കാത്തിരിക്കുന്ന കനലുകൾ
ശവദാഹം കഴിഞ്ഞ് തിരിച്ചെത്തിയ
ര് കണ്ണുകൾക്ക് വിശ്രമമില്ല
നാഡീവ്യൂഹത്തിലെ കുന്നുകളിലും, തടാകങ്ങളിലും
മരുപ്പച്ച തേടിയുള്ള യാത്രയിൽ എന്റെ
നഗ്നപാദങ്ങളെ ഭിന്നമാക്കിയ ഒരു രാപ്പകലുകൾ
എന്നോട് വിടപറഞ്ഞത് സഞ്ചയനം കഴിഞ്ഞ സന്ധ്യയിലായിരുന്നു.
മോഷ്ടിച്ചെടുത്ത ദർഭപ്പുല്ലും, ചിതാഭസ്മവും
എന്റെ ഹൃദയത്തിനേറ്റ മുറിവുണക്കാൻ ഞാൻ
ബന്ധസ്ഥനാക്കിയ ഒരു പരിചമാത്രം
സത്യവും, മിഥ്യയും വാഴുന്ന ലോകത്തിൽ ഏതോവഴിപോക്കന്റെ
അന്ത്യകുദാശ വിളിച്ചോതുന്ന നൂറ്റിയഞ്ചാം അദ്ധ്യായത്തിലെ
എഴുപത്തഞ്ചാം വാക്യം മൊഴിമാറ്റം നടത്തിയ യഹൂദികൾക്ക്
യേശുവിന്റെ അന്ത്യാഭിലാഷവും, അവസാനത്തെ അത്താഴവും.

കവിത

# മർത്ത്യരാകെ ഏകം



കൊടാപ്പള്ളി വൈദ്യർ

നേരെ നേരെ പോവുക
നേരറിഞ്ഞു നീങ്ങുക
നേട്ടമെന്ന ലക്ഷ്യമെത്താൻ
നേരെ നേരെ പോവുക.
തെറ്റു വന്നു പോകുമാ
ബാല്യ കാല ജീവിതം
നേരെ നേരെ യാക്കുവാൻ
ഗുരുക്കളാക കൂട്ടരെ!
നന്മ വിട്ടു തിന്മയുള്ള
പാത നോക്കി പോകലാ
ക്ഷിപ്ര നേട്ടം കിട്ടുവാനായ്
മൂല്യച്യുതിയാകലാ
യവ്വനത്തിൽ ശക്തിയെ
കറിഞ്ഞു നീങ്ങുക
നല്ലതിനായക്കരുത്ത്
പാരിനായി നൽകുക
വൃദ്ധനെനമിച്ചിടാതേ
വൃദ്ധയില്ലാ പാരിലായ്
ജീവിതത്തിൽ കർമ്മ ദോഷം
വന്നിടാതെ നോക്കണം
സ്നേഹമെന്ന നന്മയെ
കൈവിടാതെ നീങ്ങണം
മർത്ത്യരാകെയേകമെന്ന
തത്വമോടെ നീങ്ങണം

കവിത

# ചുംബനസമരം



ശിശിര. ആർ. കെ

ചൂടുള്ള ചുംബനം
ചീറ്റുന്ന ചോരയും
ചിറകറ്റുവീഴും
പക്ഷികിടാങ്ങളും
ഏതൊരു ചിന്തയിൽ
പൂതാണീ ഭ്രമം
ജീർണ്ണിച്ച തെരുവിന്റെ രൂപഭാവം
കേരള തനിമ മറക്കുവാനാവുമോ
കേവലം ചാപല്യമായൊരു ചേഷ്ടയിൽ
തുടുക്കുന്ന യൗവ്വനം
തുളുമ്പുന്ന രക്തവും
മദിക്കുന്നു രതിയിൽ
നെറ്റിലും നൈറ്റിലും
നിറകെട്ട സ്വപ്നവും
നിഴലായ് ജീവനും
നീതി തേടുന്നു ഇനിയിവിടെ
ഓർത്തു പോവുന്നു കഷ്ടം ശിവഃ ശിവഃ
കാവലാവേർ നിശ്ചലം! നിശ്ചലം!

(കവിത)

# ഭൂമിയുടെ രക്ഷകൻ



പ്രശാന്തി ചൊവ്വര

ഭൂമിയിലെ അൽപജീവിതത്തിൽ രേതസ്സിന്റെ
പഴുപ്പിൽ അവന്റെ
ഇനങ്ങളെ നൽകികൊയേിരുന്നു.
ആ മഹായാനത്തിന്റെ തണലിൽ
ജനനങ്ങൾക്ക് മൂലയൂട്ടി അവളും ഇരുന്നു.
കടൽപോലെ ആകാശം പോലെ പടർന്നു
പാടിക്കൊിരുന്നു.
ഭൂമിയിൽ രക്ഷകർ ധാരാളം പിറന്നു.
അവരുടെ ലോഹകളിൽ മനുഷ്യവസന്തത്തിന്റെ
ഉത്സവം കൊടികയറി.
കാലങ്ങൾ അവനെനക്കിത്തുടച്ചു.
ശരീര കോശങ്ങളിലെ പുരുഷ ഋതുവിൽ മാറ്റത്തിന്റെ
ദിനങ്ങൾ
വിടർന്നു നിൽക്കുന്ന കേസരങ്ങളെ വിസ്മരിച്ച്
നിശീഥിനികളിൽ
നിന്റെ ഉടൽപാളികളിൽ കുതിക്കുന്ന കുതിരകളെ
നിന്റെ വംശത്തിന്റെ വഴികളിലേക്ക് നയിക്കൂ.
മനുഷ്യവേരുകൾ നിറഞ്ഞുകവിഞ്ഞ് ഭൂമിയുടെ
അരഞ്ഞാൺ പള്ളിയിലാടുന്നവരെ ജനറൽ വഴി
കാണുന്നില്ലേ.
വസന്തത്തിന്റെ പല്ലുകൾ കാട്ടി ചിരിച്ചിട്ടുകാര്യമില്ല.
ഭാവികാലം വസിക്കാൻ ഇടമില്ലാത്ത തടവറയാകും
ചിന്തയുടെ അക്ഷയനിധിപോലെ ചിതറിയ തീരത്ത്
കതുറക്കൂ
ഇവിടെ തിളച്ചുമറിയുന്ന വരൾച്ചയുടെ, ഉപ്പുകിനിയുന്ന
കണ്ണീരുറവയുടെ
അറുതിക്കായ്... അനാജകമശ്രുവായ് ഭൂമിയുടെ
രക്ഷകനായ് കടന്നുവരൂ.

(കവിത)

# ചന്ദനത്തിരി പുകയുമ്പോൾ



സുലൈമാൻ കൊളപ്പുറത്ത്

നീ സുഗന്ധമായ് പുകയുമ്പോഴും
എന്നുള്ളിലുണരുന്നതെല്ലാം ശോകസ്മൃതികൾ
കണ്ണിൽ മൃതദേഹശയനവും
കരളിൽ വേർപ്പാടിൻ സ്പർശവും
കാതിൽ ഒട്ടിയ വയറിന്റെ രോദനം മുഴങ്ങുമ്പോഴും
കാഞ്ചനത്താലത്തിൽ കല്ലായ ദൈവത്തിന്
കാണിക്ക നിറഞ്ഞതും
തെരുവിന്റെ മാറിൽ മഞ്ഞു പുകയുമ്പോഴും
മണ്ണിനു മീതെ പട്ടു പുതപ്പിച്ച
ശവകുടീരങ്ങളുയരുന്നതും
രാവിന്റെ പാദങ്ങൾക്കു ചുവടുകൾ പിഴക്കുമ്പോഴും
ഉച്ചയുടെ നെറുകയിൽ ദീപം കൊളുത്തിയതും
ഉണരാതെ ഉറങ്ങുന്ന സമാധിക്കരികിൽ
വേദങ്ങളുടെ മൗനം വാചാലമാകുന്നതും.

(കവിത)

# പശുവിറച്ചിയിൽ ഞാൻ കാണുന്നത്



അനിൽ ചെങ്ങണാശ്ശേരി

പശുവിറച്ചിയിൽ ഞാൻ കാണുന്നത്
ഇവയൊക്കെയാണ്.
അതിന്റെ അമറലുകൾ
കണ്ണുകളിൽ നിന്നൂറിവരുന്ന
ദൈന്യതയുടെ നീർച്ചാലുകൾ
അകിടിലെ, ചുരത്താതെ കെട്ടിനിൽക്കുന്ന
മാതൃത്വത്തിന്റെ നുരകളും പതകളും
തോളിലെ പതുപതുപ്പ്
കുളമ്പുകളിലെ കരുത്ത്
ഭൂമിയോളം സഹനത
സർവ്വോപരി
അയവിറക്കപ്പെടുന്ന അതിന്റെ ഓർമ്മകൾ
ഓർമ്മകളിലെ താഴ്‌വരകളിൽ
നിന്നൊഴുകി വരുന്ന
ഒരിടയന്റെ വേണുനാദം.

(കവിത)

# മലയാളസർവ്വകലാശാല



പരിമള പി.


കയ്ക്കാത്ത കാഞ്ഞിരക്കൊമ്പിൽ വീും
പൈങ്കിളിപ്പൈതൽ പറന്നിറങ്ങി
തേ നൂറും ഭാഷയിൽ കൊഞ്ചിമെല്ലെ
**"'രാമായണങ്ങൾ' ഇനിയുമുോ?**
മധുരമാമീണത്തിൽ പാടിടാം ഞാൻ
**ഭാഷാപിതാവിനെവാഴ്ത്തിടാം ഞാൻ"**
നാണിച്ചു നിന്നു പരസഹസ്യം
മലയാളമേ നീയിന്നെങ്ങു പോയി?
മലയാള ഭാഷയെ വിറ്റു നമ്മൾ
**'ആംഗലേയ'ത്തെ വരിച്ചതെന്തേ?**
**'ആവണിപ്പാടം' നികത്തി നമ്മൾ**
**'ആതിര' നിലാവെങ്ങുപോയി?**
മുക്കൂറ്റിത്തുമ്പയും പോയതെങ്ങോ?
വിത്തും, വിതയും, വിഷുവുമെങ്ങോ?
അമ്മയെപ്പോലെ മഹത്തരമീ
അമ്മേ...യെന്നോതിയ മാതൃഭാഷ
ശാരികപൈതലെ. പോകരുതേ
മലയാള മണ്ണീന്നകലരുതെ
ഇവിടെ തളിർക്കും പുതുനാമ്പുകൾ
ഇവിടെ തെളിയും നിറദീപവും

കഥ

# ഓൺലൈൻ



ഫാത്തിമത്ത് സുഹറ
ചെമ്പ്രത്തൊടി



"ഹായ് ഡാ! "

"നീ എവിടെയിരുന്നാടി ഇപ്പോ ടൈപ്പ് ചെയ്യുന്നത് "

"ഞാനെന്റെ മാവിൻ കൊമ്പത്തുതന്നെയുടൊ"

"എന്തെടീ വിശേഷം"

"തിന്നാൻ കൊള്ളാവുന്ന വല്ലതും നിന്റെ പൊത്തിൽ ഉാേടാ? കടമായിട്ട് മതീ..."

"ഇച്ചിടി ഇച്ചിടി!"

"നീയെന്തടാ പൊട്ടാ ചിരിച്ചു കളഞ്ഞത്?!"

"ചിരിക്കാതെ പിന്നേ...?! മാമ്പഴക്കാലത്ത് മാവിൻ കൊമ്പത്തിരുന്ന് കടം ചോദിക്കുന്ന നിന്നെയോർത്ത് ഞാൻ പിന്നെ കരയണോടീ...?!"

"അതുശരി! ഞാനിരിക്കുന്നത് മാവിൻ കൊമ്പിൽത്തന്നെയാണ്. പക്ഷെയീ മാവിൽ പോയിട്ട് മാഞ്ചപ്പുപോലും ഇല്ലെടാ. കാർബൺ ഇട്ട് പഴുപ്പിച്ച് വലിയ വിലക്ക് വിൽക്കാൻ ആ വിവരമില്ലാത്ത മനുഷ്യർ മാങ്ങയുടെ അി ഉറക്കുന്നതിനുമുമ്പുതന്നെ അത് മുഴുവനും പറിച്ചുകൊുപോയെടാ."

"അല്ലെങ്കിലും നിന്റെ വർഗ്ഗം മനുഷ്യരെകുറിച്ച് ഒരിക്കലും നല്ലതുപറയാറില്ലല്ലോ."

"എന്തിനാ ഞങ്ങൾ മനുഷ്യ വർഗ്ഗത്തെ ബഹുമാനിക്കേത്? അവർക്ക് ഞങ്ങളോട് അമിതമായ വെറുപ്പാണ്. നിങ്ങളെ കൂട്ടിലടച്ച് പാലും പഴവും തന്ന് വളർത്തുന്നതുപോലെ ഞങ്ങളെ വളർത്താറില്ലല്ലോ. അവരുടെ വീടിന്റെ പരിസരത്തുപോലും ഞങ്ങളെ അടുപ്പിക്കാറില്ല. ആട്ടിയോടിക്കാറാണ് പതിവ്."

"നിന്റെ വർഗ്ഗത്തിന്റെ കൗശലം മനുഷ്യർക്ക് പിടിക്കാത്തതുകൊായിരിക്കുമെടീ."

"ഞങ്ങളവരോട് ഒരു ദ്രോഹവും ചെയ്യാറില്ലല്ലോ. അതവർക്കുതന്നെ അറിയാം. മാത്രമല്ല, ആദ്യമായി ഖബർ കുഴിച്ച് കാണിച്ചുകൊടുത്തത് ഞങ്ങളാണെന്നാണ് അവരിൽ ചിലർ പറയുന്നത്. അവർ കൈകൊട്ടി വിളിക്കുമ്പോൾ ഞങ്ങൾ പറന്നുചെന്ന് ബലിച്ചോർ കൊത്തിത്തിന്നില്ലെങ്കിൽ മരിച്ചവരുടെ ആത്മാവിന് ശാന്തി ലഭിക്കില്ലെന്ന് മറ്റു ചിലരും വിശ്വസിക്കുന്നു്."

"അതവിടെ നിൽക്കട്ടെ, നിന്റെ വിശപ്പിന്റെ കാര്യമെന്തായെടീ...?! നിനക്ക് മറ്റേതെങ്കിലും മാവിലേക്കൊന്ന് പറന്നുനോക്കിക്കൂടേടീ?'

"പറക്കാം. പക്ഷെ, എനിക്ക് സുഖമില്ലെടാ."

"എന്തുപറ്റിയെടീ...?!"

"ഫങ്കസ്."

"ഇച്ചിടി ഇച്ചിടി. വായിൽപുണ്ണ് എന്നൊക്കെ ഞാൻ കേട്ടിട്ടു്. ഫങ്കസെന്ന് ആദ്യമായാ കേൾക്കുന്നത്. എവിടെ നിന്ന് കിട്ടിയെടീ...?!"

"നെറ്റിയിൽ കതാണെടാ."

"നീയതൊന്ന് വിവരിക്കെടീ..."

"അത് പിന്നെ വിവരിക്കാം. ആരോ കൈകൊട്ടിവിളിക്കുന്ന ശബ്ദം കേൾക്കുന്നു്. ബലിച്ചോറ് തരാനായിരിക്കും."

"എന്തിനെടീ നീ ബലിച്ചോറിന്റെയൊക്കെ പിന്നാലെ പോകുന്നത്?! പട്ടിണിയിലാണെങ്കിലും നിന്റെ കയ്യിലും ലാപ്പു്; എന്റെ കയ്യിലും ലാപ്പു്. നിനക്കത് നന്നായി കൈകാര്യം ചെയ്യാനറിയാം; എനിക്കുമറിയാം. നമുക്കീ സൗകര്യങ്ങളൊക്കെ ഉപയോഗപ്പെടുത്തി മനുഷ്യരെപോലെ ഓൺലൈനിൽ അത് തുടങ്ങിക്കൂടേടീ...?!"

"ഓൺലൈനിൽ അത് തുടങ്ങാൻ ഞാൻ തത്തയോ മൈനയോ ഒന്നമല്ലല്ലോടാ എന്റെ അണ്ണാക്കൊട്ടാ...?!.
വെറുമൊരു കാക്കച്ചിയായിപ്പോയില്ലേടാ...?!".

"തത്തയോടും മൈനയോടുമൊക്കെ പോകാൻ പറയെ

ടീ. വെറും അരമണിക്കൂർ സമയം മതി നിന്നെയൊരു മയിലാക്കി മാറ്റിയെടുക്കാൻ. അതിനുള്ള സാധനങ്ങളൊക്കെ ഓൺലൈനിൽത്തന്നെ ലഭ്യമാണ്. അല്ലാതെ ഖബ്ബർ കുഴിച്ചു കാണിച്ചു കൊടുത്തതിന്റേയും ബലിച്ചോർ കൊത്തുന്നതിന്റേയുമൊക്കെ പ്രശസ്തിയുമായി മാത്രം നടന്നാൽ ഇക്കാലത്തെ പത്രാസിനൊത്ത് ജീവിക്കാൻ സാധിക്കുമോടീ...?!".

"അതിനുവേിയാണ് നീയെന്നെ ഇത്രയും കാലം ഇങ്ങനെസ്നേഹിച്ചതെങ്കിൽ നിന്റെയാഗ്രഹംതന്നെ നടക്കെട്ടെടാ."

"അതാണെടീ പ്രാക്ടിക്കൽ. ഇനിയധികം ചാറ്റ് ചെയ്ത് സമയം കളയേ. നീ പെട്ടെന്നുതന്നെ എന്റെ പൊത്തിരിക്കുന്ന പ്ലാവിലേക്ക് പറക്ക്. പൊത്തിലുള്ളതൊക്കെ കൊത്തിത്തിന്ന് നീയവിടെ അല്പം കിടന്നുറങ്ങിക്കോളൂ. അപ്പോഴേക്കും ഞാനവിടെ എത്തിക്കോളാം. എന്റെകൂടെ ഒരു ഓൺലൈൻ സുഹൃത്തുമാകും. ഇനി പ്ലാവിൽ വെച്ചു കാണാം. ഓക്കേ..."

# അമ്മ



സബിത കോടി നല്ലളം

അമ്മതൻ ഉദരത്തിൽ ജന്മമെടുത്തൊരുണ്ണി
അമ്മിഞ്ഞപ്പാലൂട്ടി വളർത്തി ജനനി
മാതാവിൻ ചെറുവിരൽ പിടിച്ചു പിച്ചവെച്ചു.
ഗുരുവായ് അമ്മ ആദ്യാക്ഷരം പഠിപ്പിച്ചു.
ആദ്യമായ് വിളിച്ചു പഠിപ്പിച്ചു അമ്മയെന്ന പദം
മധുര്യമേറുമാ അമ്മതൻ സ്നേഹം
അമ്മിഞ്ഞപ്പാലിൻ പകർന്നുണ്ണിയെ വളർത്തി
ഉണ്ണിതൻ വളർച്ചയിൽ അമ്മയെന്ന പദം
വെയിലത്ത് സൂക്ഷിച്ച ഹിമകണം പോലെയായി
കാലത്തിൽ വാർദ്ധക്യമേറിയ ചുളിവും തരയും
അമ്മതൻ ജീവിതമൊരു മുറിയുടെ മൂലയിലൊതുങ്ങി
കാലൊടിഞ്ഞ ചാരുകസേല മൂലക്കിടുന്നപ്പോൾ
അവൻ അമ്മയെ തള്ളി വൃദ്ധസദനത്തിലേക്ക്
അമ്മതൻ മാറിലെ നീരുറവ ഊറ്റിക്കുടിച്ച മക്കൾ
അമ്മയെ തെരുവിൽ വലിച്ചെറിയുന്ന കാലം
മാതൃത്വം എന്തെന്നറിഞ്ഞിടുക മർത്ത്യാതീ.
ഇന്നു ഞാൻ നാളെ നീ എന്നപദം
ആവർത്തിക്കാതിരിക്കാൻ അമ്മയെ അറിയുക മർത്ത്യാ നീ.

കവിത

# മധുരസ്മരണകൾ



ജോസഫ് പൂതക്കുഴി

സ്നേഹത്തിൻ നിറകുടമാകുമമ്മ
എൻ ഹൃദയ ശ്രീകോവിലിൽ
നിറദീപമായ് ജ്വലിച്ചു നില്പൂ.

സ്നേഹമൂർത്തിയാം തായയിന്നില്ല
ധരയിലെന്നാകിലുമുൻഹൃത്തിൽ
ചിരിതൂകിനിൽപ്പൂ മാർഗ്ഗദീപമായ്.

സ്നേഹദുഗ്ധം പകർന്നുതന്നമ്മ
നെഞ്ചേറ്റിയോമനിച്ചുമ്മ തന്നു
ഇന്നുമുൻ ചുിലായുമ്മതൻ മധുരം.

അമ്മയെന്നെയോമനിച്ചിടുമ്പോ-
ലമ്മതൻ നേത്രത്തിൽ കളിയാടിനിന്ന
നിർവൃതി ഞാനിന്നുമോർമ്മിടുന്നു.

പൂർണ്ണേന്ദുപോലുമ്മറവാതിലിൽ
പള്ളിക്കൂടം വിട്ടു ഞാൻ വരുന്നതും നോക്കി
അമ്മ നിന്നതു മോർത്തിടുന്നിന്നലെയെന്നപോൽ.

പാരാവാരത്തിരയിലെൻജീവിതനൗക
വഴിതെറ്റാതെതുഴഞ്ഞീടുവാനുമാരത്തി-
ലെൻസ്നേഹസ്വരൂപിണിയമ്മയെൻ കൺക ദൈവം.

(കവിത)

# വേദനയുടെ അർത്ഥ വിന്യാസങ്ങൾ



ബി.കെ. ഇബ്രാഹിം മൂർഖനാട്

മതഭ്രാന്തന്മാർ തെരുവിൽ
മാരകായുധങ്ങളുമായി താണ്ഡവമാടിയപ്പോൾ
മനുഷ്യരക്തപുഴ ഒഴുകിയപ്പോൾ
കബന്ധങ്ങൾ കൈകാലുകളിട്ടടിച്ചപ്പോൾ
ആവിഷ്കാര സ്വാതന്ത്ര്യത്തിന് മേൽ
കഠാരകൾ ഉയർത്തിയപ്പോൾ
എഴുത്തുകാരുടെ നെഞ്ചിലേക്ക്
വെടിയുകളുതിർത്തപ്പോൾ
മതംമാറി കല്യാണം കഴിച്ചവനെ
നടുറോഡിൽ വെട്ടി നുറുക്കിയപ്പോൾ
ഗോമാംസം ഭുജിച്ചെന്നാക്ഷേപിച്ച്
ഒരുത്തനെതലക്കടിച്ചുകൊന്നപ്പോൾ
നിങ്ങൾക്കന്നേരം വേദനിച്ചില്ലല്ലോ...
പശിയടക്കാൻ പശുവിനെകൊല്ലുമ്പോൾ
നിങ്ങൾ വല്ലാതെ വേദനിക്കുന്നുവല്ലേ?...
അപ്പോൾ പശു ദേവതയാകുമല്ലേ?...
വേദനകയറ്റാനായിരിക്കാം നിങ്ങൾ
പിന്നെ മനുഷ്യന്റെ കഴുത്തറുക്കുന്നത്.

കഥ

# (1921 – മലബാർ കലാപത്തിലെ പൂക്കോട്ടൂർ യുദ്ധ സ്മരണ) കനലെരിയുന്ന വഴിയരികിൽ ...!



ടി. എ. മടക്കൽ

കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ മലപ്പുറം ജില്ലയിലെ ഏതോ ഗ്രാമത്തിനടുത്ത് വെച്ചാണ് കാർ പെട്ടെന്ന് നിന്നത്. പാലക്കാട്ടുള്ള എഞ്ചിനീയറിംഗ് കോളേജിൽ മകൾക്ക് അഡ്മിഷൻ കിട്ടിയതുകൊ് കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിലെ കുടംബ വീട്ടിൽ നിന്നും അതിരാവിലെ കുടുംബസമേതം യാത്ര തിരിച്ചതാണ്. അതിനിടയിലാണ് ആരോ പിടിച്ചുനിർത്തിയതുപോലെ കാർ പണിമുടക്കിയത്. മുൻ വശത്തെ ബോണറ്റുയർത്തി വിശദമായ പരിശോധനനടത്തിയ ശേഷം മടങ്ങിവന്ന് നിരാശയോടെ ഡ്രൈവർ പറഞ്ഞു " സർ; ഒന്നുരു മണിക്കൂർ കഴിയുമെന്ന് കോളേജിൽ ഒന്നു വിളിച്ചുപറയേിവരും..., മലപ്പുറത്തോ കൊടോട്ടിയിലോ പോയി വർക്ക്ഷാപ്പിൽ ആളെ കൊുവരാതെ രക്ഷയില്ല..." ഡ്രൈവറുടേത് ആധികാരികമായ പ്രസ്താവനയാണ്. മാനിക്കാതെ നിർവ്വാഹമില്ല. വേത് ചെയ്യാൻ നിർദ്ദേശം നൽകി റഹിം പതുക്കെ കാറിൽനിന്നും ഇറങ്ങി ചുറ്റുപാടുകളിൽ നിരീക്ഷണം നടത്തി. ഒട്ടും പരിചയമില്ലാത്ത സ്ഥലം. പാതക്കു സമീപത്തുതന്നെയുള്ള വയലുകളിൽ നിന്ന് വീശുന്ന കാറ്റിന്റെ മർമ്മരത്തിലും തേങ്ങലുകൾ വിതുമ്പുന്നതായി റഹീമിന് തോന്നി. ഡ്രൈവർ ഏതോ വിയിൽ കയറി അപ്രത്യക്ഷനായിരിക്കുന്നു. ഏതായാലും അവൻ പറഞ്ഞ സമയം എരിഞ്ഞടങ്ങുന്നതുവരെ കാത്തു നിൽക്കുകതന്നെ. കാറിലേയ്ക്ക് തിരിഞ്ഞുനോക്കിയപ്പോൾ പുലർച്ചക്ക് കരുതിവെച്ച വിഭവങ്ങളിൽ ഏതോ എടുത്ത് പങ്കിടുന്ന ഭാര്യയേയും മക്കളേയും കു. കാറിൽ എ.സി ഓണാക്കിവെച്ചതുകൊ് അവരിനി മറ്റൊന്നും ശ്രദ്ധിക്കണമെന്നില്ല. സമയം കൂടുംതോറും നിദ്രയുടെ ദൈർഘ്യം കൂടുമെന്നു മാത്രം.

യാത്രാക്ഷീണമകറ്റുന്നതിനുവേി കൈകൾ രും മേലോട്ടുയർത്തി കൂട്ടിപ്പിടിച്ച് ശരീരമൊന്ന് ഞെരിച്ചുകൊ് റഹീം റോഡിന്റെ മറുഭാഗത്തേയ്ക്ക് നോക്കി. വന്ന വഴിയിൽ കുറച്ചു പുറകിലായി ആധുനികവൽക്കരണത്തിന് മടിച്ചു നിൽക്കുന്ന അഞ്ചാറു ചെറുകടകളുടെ കൂട്ടം. കുറച്ചു കൂടി മുൻപിലായി പാതയോരത്ത് തന്നെ കൽപ്പടവ് കൊ് ചെറിയ ഉയരത്തിൽ കെട്ടി വേർതിരിക്കപ്പെട്ട സ്ഥലം. സമീപത്തുതന്നെ കണ്ണുകളടച്ച് നിശ്ചലമായി നിൽക്കുന്ന വയോവൃദ്ധനേയും ഒട്ടി നിൽക്കുന്ന അഞ്ചാറു വയസ്സ് മതിക്കാവുന്ന കുട്ടിയേയും കു. ഇരുഭാഗങ്ങളിലേയ്ക്കും കുതിച്ചുകൊിരിക്കുന്ന വാഹനങ്ങളെ ശ്രദ്ധിച്ച് റോഡ് മുറിച്ചുകടന്ന് അവർക്കരുകിലെത്തി പതുക്കെ ചോദിച്ചു.

"ഈ സ്ഥലം ഏതാ ... വല്ല്യുപ്പാ..."?

മറുപടിക്ക് അൽപം കാത്തിരിക്കേിവന്നെങ്കിലും പതുക്കെ കണ്ണുതുറന്ന് വിറയാർന്ന ശബ്ദത്തിൽ വല്ല്യുപ്പ പറഞ്ഞു

"ഇത് പിലാക്കലാണ്... ങ്ങള് എവിടുന്നാ..." ?

സ്ഥലവും കാറ് കേടുവന്നതടക്കമുള്ള കാര്യങ്ങൾ സവിസ്തരം പറഞ്ഞുകഴിഞ്ഞപ്പോഴാണ് തൊട്ടരുകിൽ സ്ഥാപിച്ച ബോർഡിലെ വരികൾ റഹീം ശ്രദ്ധിച്ചത്.

"1921ലെ പൂക്കോട്ടൂർ യുദ്ധത്തിൽ രക്തസാക്ഷികളായ ദേശാഭിമാനികളുടെ കബറിടം !"

ഒരായിരം മിന്നൽപിണരുകൾ മനസ്സിനെഭേദിച്ചുകൊ് തലച്ചോറിൽ വന്ന് പതിച്ചതുപോലെ റഹീമിനു തോന്നി!! ദേശീയ സ്വാതന്ത്യസമര രണാങ്കണത്തിൽ ചുടുചോരകൊ് ചരിത്രം രചിച്ച പൂക്കോട്ടൂർ കലാപം നടന്ന മണ്ണ്...!!. പുസ്തക താളുകളിൽ അക്ഷരങ്ങളെ അറിവുകളായി പരിചരിച്ച കാലം മുതൽ ചരിത്ര സത്യങ്ങളെ ആവാഹിച്ച് വെച്ച ആവനാഴിയിലെ പൊൻതിളക്കമായി മനസ്സിൽ സൂക്ഷിച്ചുവെച്ച ഏട്. മലബാർ കലാപത്തിന്റെ രക്തപങ്കിലമായ ജ്വലിക്കുന്ന സത്യങ്ങൾ...! പൂക്കോട്ടൂർ കലാപവും വാഗൺ ഗ്രാജഡി ദുരന്തവും!! 1921ലെ മലബാർ കലാപ കാലത്ത് മലപ്പുറം ഡിവിഷണൽ ആഫിസർ "ആസ്റ്റിന് " സഹായത്തിനുവേി ക്യാപ്റ്റൻ മെക്കൻ റോയിയുടെ നേതൃത്വത്തിൽ കോഴിക്കോട് നിന്നും വന്ന ബ്രിട്ടീഷ് പട്ടാള വ്യൂഹത്തെ നേരിടുന്നതിനു വേി ധീരദേശാഭിമാനികളായ മുവ്വായിരത്തോളം മുസ്ലിം സഹോദരങ്ങൾ ഒരുമിച്ച് അണിനിരന്ന് പടപൊരുതുകയും നാന്നൂറിൽ പരം ആളുകൾ ധീര രക്തസാക്ഷിത്വം വരിച്ച് ത്യാഗോജ്വലമായ പടയണി തീർക്കുകയും ചെയ്ത മണ്ണ്...!!

റഹീമിന് ശരീരമാകെ ഒരു വിറയൽ അനുഭവപ്പെട്ടു. മനസ്സിലാകെ പടർന്ന ജിജ്ഞാസയുടെ പന്തലിപ്പ് താനെപൊട്ടിയമരുകയാണ്. ശബ്ദം താഴ്ത്തി വീും ചോദിച്ചു.

"അപ്പോ... ഈ പൂക്കോട്ടൂർ എവിടെയാ...." ?

"ങ്ങളിപ്പം വന്ന വഴിയില് തന്നെ. തൊട്ടപ്പുറത്ത് ക ചെറിയ അങ്ങാട്യാ... എന്തേയ് അവടെ കുടുംബക്കാര് ആരെങ്കിലും ോ..." ?

വല്ല്യുപ്പയുടെ ചോദ്യത്തിന് ഇല്ലാ എന്ന തലയാട്ടലിൽ ഉത്തരം ഒതുക്കി. യാത്രാമയക്കത്തിനിടയിൽ തൊട്ടപ്പുറത്തുള്ള ചെറിയ അങ്ങാടി ശ്രദ്ധയിൽ പെട്ടില്ലെങ്കിലും ആ മണ്ണിൽ

തന്നെയാണ് നിൽക്കുന്നതെന്ന് മുന്നിൽ സ്ഥാപിച്ച ബോർഡ് ഉറപ്പിച്ച് വിളംബരം ചെയ്യുന്നു. മനസ്സിലെ ജിജ്ഞാസ കൂമ്പാരത്തിൽ നിന്നുയർന്നുവരുന്ന തീഷ്ണമായ സംശയങ്ങൾക്കുള്ള ഉത്തരങ്ങൾ മാത്രമായിരുന്നു റഹീമിന് ആവശ്യം. പുസ്തകതാളുകളിലൂടെ അറിഞ്ഞു ജ്വലിക്കുന്ന വീരചരിതത്തിന്റെ ശേഷിപ്പ് ഭാണ്ഡവും പേറിയാണ് ഈ മഹാരഥൻ മുന്നിൽ നിൽക്കുന്നതെന്ന സത്യം ഒരു കൊള്ളിമീൻപോലെ മനസ്സിൽ പതിഞ്ഞു. ഉത്തരങ്ങൾ പ്രവാഹമായി വിരിയിക്കാൻ കെൽപ്പുവർക്ക്. വെപ്രാളംകൊ് എന്താണ് ചോദിക്കേത് എന്ന് പോലും പെട്ടെന്ന് മറന്നുപോയി. തോളിലുായിരുന്ന ടർക്കിതുണി എടുത്ത് ഇളം വെയിലടിച്ച് വാടിയ മുഖമൊന്ന്തുടച്ച് നെടുവീർപ്പിട്ട് ഊന്നുവടിയും കയ്യിലെടുത്ത് വല്യുപ്പ പതുക്കെ നീങ്ങാൻ തുടങ്ങുകയാണ്. അനുസരണയുള്ള ആട്ടിൻകുട്ടി തള്ള ആടിനോടൊപ്പം നീങ്ങുന്നതുപോലെ മുട്ടിയുരുമ്മി കൊച്ചുമകനും കൂടെ നീങ്ങുന്നു.... റഹീം പെട്ടെന്ന് അവർക്ക് സമീപം എത്തി നേരിയ ഉൾഭയത്തോടെ ചോദ്യശരം വീണ്ടും തൊടുത്തുവിട്ടു.

“ങ്ങള്പ്പം ഇവിടെ നിന്ന് പ്രാർത്ഥിച്ചത് ആർക്ക് വേയിട്ടാ... വല്ല്യുപ്പാ....” ?

“ചോദ്യം കേട്ട ഉടനെവല്ല്യുപ്പ പെട്ടെന്ന് തിരിഞ്ഞു നോക്കി. ആരെടാ... ചോദിക്കാൻ...? ” എന്ന പൂക്കോട്ടൂർ ഗ്രാമത്തിന്റെ ശൗര്യ ഭാവംതന്നെയാണ് ഈ പ്രായത്തിലും മുഖത്ത് മിന്നി മറഞ്ഞത്. പിന്നെ പതുക്കെ മുഖം ശാന്തമായിത്തീരുന്നത് റഹീം കു. ഒന്നുകൂടി സൂക്ഷിച്ചുനോക്കുക മാത്രം ചെയ്തുകൊ് ഉത്തരം ഒരു നെടുവീർപ്പിൽ ഒതുക്കുകയായിരുന്നു. ചോദ്യത്തിന്റെ ആവർത്തനവിരസത ഒഴിവാക്കാൻ റഹീം പതുക്കെ പറഞ്ഞു

“വല്ല്യുപ്പാക്ക് പ്രയാസം തോന്ന്ണ കാര്യങ്ങളാണെങ്കില് പറയ... അറിയാനുള്ള കൊതി മൂത്ത് ചോദിച്ചതാ...“

വല്ല്യുപ്പയുടെ മുഖത്തെ സംശയനിഴൽ പാടേ അലിഞ്ഞുപോകുന്നത് റഹീം കു. വിറപൂ ഇടതുകൈ തോളിലേക്കിട്ട് ചേർത്ത്പിടിച്ചു പറഞ്ഞു.

“അറിയാനാണെങ്കില് കൂടെ ബരീ... ആ മരത്തറയില് ഇരിക്കാ... ഏതായാലും ആള് വന്ന് വി നന്നാക്കേ...? അപ്പം കൊറച്ച് സമയം”

വല്യുപ്പയുടേയും കൊച്ചുമകന്റേയും കൂടെ നടക്കുമ്പോൾ ഒരു മഹാദുരന്തത്തിന്റെ നേർകാഴ്ചയായി മനസ്സിന്റെ സ്ക്രീൻ പാകപ്പെടുത്തുകയായിരുന്നു റഹീം.

ഫോണിലേക്ക് മിസ്ഡ്കാൾ ഒന്നും വരാത്തതുകൊ് ഭാര്യയും മക്കളും നിദ്രയിൽ തന്നെ എന്ന് ഉറപ്പായി. റഹീമും വല്യുപ്പയും ഓരംപറ്റി ചെറുമകനും തണൽമരത്തിനു ചുറ്റും കെട്ടിയ സുരക്ഷാതറയിലിരുന്നു. പിന്നെ വല്യുപ്പ ഓർമ്മചെപ്പിന്റെ അടപ്പ് പെട്ടെന്നു തുറന്നു.

“ന്റെ വാപ്പയും വല്ല്യാപ്പയും ഉണരാത്ത ഉറക്കത്തില് കെടക്ക്ണ മണ്ണാണത്....!!”

ഇത്രയും കാലം മനസ്സിനുള്ളിൽ നെരിപ്പോടുപോലെ നീറിപുകഞ്ഞുകൊിരുന്ന ചരിത്രസത്യങ്ങളുടെ ദുരന്തകവാടം തുറന്ന് 93 വർഷം പിറകിലേയ്ക്ക് കാലത്തെ പ്രവഹിപ്പിക്കുകയായിരുന്നു വല്ല്യുപ്പ. 1921 ആഗസ്റ്റ് 26-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 8 മണി മുതൽ നടന്ന ധീരോജ്ജ്വലമായ പൂക്കോട്ടൂർ യുദ്ധത്തിന്റെ വിവരണം!! ഒരു ദേശത്തെ ജനവിഭാഗം കൂട്ടമായ് ചേർന്ന് ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടത്തെ ചെറുത്ത് തോൽപ്പിക്കാൻ, പിറന്ന നാടിന്റെ സ്വാതന്ത്ര്യപുലരിക്കുവേി ചുടുനിണം ചാലിച്ചെഴുതിയ പോരാട്ട കഥ!!. നേരത്തെ ക കെട്ടി വേർതിരിക്കപ്പെട്ട ആ ഖബ്ബർസ്ഥാനം അന്ന് റോഡരുകിലെ ഒരു കുളം മാത്രമായിരുന്നുവത്രേ....!!. ആഗസ്റ്റ് 26 വെള്ളിയാഴ്ച നടന്ന യുദ്ധത്തിൽ പിടഞ്ഞു വീണ് മരിച്ചവരെ ആചാരവിധിപ്രകാരമുള്ള അന്ത്യകർമ്മക്രിയകൾ പോലും ചെയ്യാതെ കൂട്ടമായി തള്ളിനിറച്ച് കുളം മണ്ണിട്ടു മൂടുകയായിരുന്നു...!!!. യുദ്ധത്തിന് ശേഷം ആതിക്രമങ്ങളാണ് അതിലേറെ ഭീകരം. പട്ടാളക്കാർ ഗ്രാമത്തിലെ ഓരോ വീടും അരിച്ചുപെറക്കി കാണിച്ച പരാക്രമങ്ങൾക്ക് കയ്യും കണക്കുമില്ല. ഉമ്മമകൾ വ്യത്യാസമില്ലാതെ അനുഭവിക്കേിവന്ന പൈശാചിക പീഢനങ്ങളുടേയും കാട്ടാള മർദ്ദനമുറകളുടേയും പുറംലോകമറിയാത്ത സത്യങ്ങളുടെ കൂമ്പാരങ്ങൾ...!!!. യുദ്ധത്തിന് ശേഷം പട്ടാളക്കാരുടെ നരനായാട്ടിന്റെ ഭാഗമായി ഗർഭിണിയായ ഉമ്മയെ ഒറ്റചവിട്ട്ന് മയ്യത്താക്ക്ണത് കഭീകരാനുഭവം...!!!. പറക്കമുറ്റാറായപ്പോൾ പത്തേമാരിയിൽ സിലോണിലേക്ക് കടന്നതും പിറന്ന നാടിന് സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി വിടർന്നപ്പോൾ തിരിച്ചുവന്നതും, പിന്നെ വിവാഹ ശേഷം കുടുംബജീവിതം നയിച്ച് വിതുമ്പുന്ന ഓർമ്മകൾ മനസ്സിന്റെ കാണാക്കയത്തിൽ സൂക്ഷിച്ച് ജീവിച്ചുകൊിരിക്കുന്ന സ്മരണകളുടെ കഥ...!!!.

പ്രായത്തിലും മങ്ങാത്ത ഓർമ്മകളിലെ മുത്തുമണികൾ കോർത്തിണക്കി ഒതുക്കിനിരത്തുന്ന ശ്രമകരമായ ജോലി നിറവേറ്റുമ്പോഴും അൽപ്പമൊന്ന് കിതച്ചതല്ലാതെ ശബ്ദത്തിന് യാതൊരു പതർച്ചയുമില്ലാതെ വയോവൃദ്ധനായ വല്ല്യുപ്പ ആവേശത്തോടെ തുടർന്നു.

“ ന്റെ ഏഴാമത്തെ വയസ്സിലാ ആ മഹാദുരന്തം അരങ്ങേറിയത്;..... ഞാനന്ന് മദ്രസ്സയിൽ പോകാൻ ഒരുങ്ങി ചായ കുടിക്കുമ്പോഴാ പള്ളീന്ന് ‘നകാരം’ അടിക്കുന്നതിന്റെ നിർത്താതെയുള്ള മൊഴക്കം കേട്ടത്. ബ്രിട്ടീഷ് പട്ടാളം പൂക്കോട്ടൂരിനടുത്ത് എത്തിയതിന്റെ അറിയിപ്പായിരുന്നു അത് എന്ന് പിന്നെയാ ഞമ്മക്ക് മനസ്സിലായത്. ‘നകാര’ത്തിന്റെ അടി കേട്ടപാടെ ന്റെ ബാപ്പയും വല്ല്യാപ്പയും കുടിലിന്റെ അകത്ത് നിന്ന് കവുങ്ങിൽ പണിത കൂർത്ത കുന്തവുമായി പുറത്തുവന്നു. ന്നെ ചേർത്ത് പിടിച്ച് ര്പേരും ഇരുവശത്തും നിന്ന് ഒരുമിച്ച് മുത്തം നൽകി. മുറ്റത്തേക്ക് ഇറങ്ങി വന്ന ന്റെ ഉമ്മാനെസ്നേഹപൂർവ്വം ഒന്നു നോക്കുക മാത്രമെ വാപ്പ ചെയ്തൊള്ളൂ. ന്റെ തൊണ, അഞ്ചുമാസത്തെ വളർച്ചയും വെച്ച് ഉമ്മാന്റെ വയറ്റില് കിടക്കണ നേരം. രാളും പെട്ടെന്ന് പുറത്തേക്ക് പോണത് ക ഉമ്മാക്ക് ബേജാറ് വന്നെങ്കിലും

കരുത്തരായി പട ജയിച്ച് വര ണേന്ന് കൈനീട്ടി പ്രാർത്ഥിക്കണ താണ് ഞമ്മള് കത്. വാപ്പാക്കും വല്ല്യാപ്പാക്കും പുറകേ ഉമ്മാന്റെ കണ്ണുവെട്ടിച്ച് പാത്തും പതു ങ്ങിയും വിശാലമായ തെങ്ങിൻതോപ്പിലൂടെ കടന്ന് ഞാനും യുദ്ധഭൂമിയ്ക്കരികിൽ എത്തിയിരുന്നു...."

സംസാരത്തിലെ ആവേശം ചുമയായും കിത പ്പായും ശല്ല്യം ചെയ്തെങ്കിലും അത് വകവെയ്ക്കാതെ വല്ല്യുപ്പ കുറച്ച് ദൂരെ കാണുന്ന പ്രദേശം ചൂി പറഞ്ഞു.

"ഈ റോഡില് തന്നെ 26ാം മൈലില് പടിഞ്ഞാറ് ഭാഗത്ത് ചെറിയ ഒരു കുന്നും റോഡിന് സമീപത്ത് കൂടെ വടക്കു നിന്ന് പടിഞ്ഞാറോട്ട് ഒഴകണ ഒരു തോട്ട്. സമരക്കാർ ആ തോട് കിട ങ്ങായിട്ട് ഉപയോഗിച്ചു. തോട്ടിൽ നിന്ന് വെടിവെയ്ക്കുന്നവരെ ബ്രിട്ടീഷ് സൈന്യത്തിന് കാണു വാനോ തിരിച്ച് വെടിവെക്കാനോ കഴിയാതിരിക്കാനാണ് അവർ ആ വിദ്യ പ്രയോഗിച്ചത്. കൂടാതെ പട്ടാളക്കാരെത്തിയാൽ അടുത്ത കുന്നിൽ നിന്നും വീടുകളിലും തോട്ടിലും നിന്നും മരത്തിന്റെ മുക ളിൽ നിന്നുപോലും ആക്രമിക്കാ നുള്ള പദ്ധതിയായിരുന്നു ആസൂ ത്രണം ചെയ്തിരുന്നത്. കുന്നിൻ ചെരുവില് പതുങ്ങികിടന്ന് ഞമ്മള് അതൊക്കെ ഈ കണ്ണോ് കതാ...., ചെന്നായക്കൂട്ടം പോലെ എത്തിയ പട്ടാളവി കതും തീരുമാനിച്ചുറച്ച പോലെ വെടി ആരംഭിച്ചു. പക്ഷേ വെടി ചെന്നുകൊത് വീന്റെ ബോണറ്റിലായിരുന്ന്. വെടി വന്ന സ്ഥലം നോക്കി പട്ടാളക്കാര് ശക്തിയേറിയ പീരങ്കി കൊ് തീ തുപ്പിയപ്പം നിക്കപ്പൊറുതിയി ല്ലാതെ മൂവ്വായിരത്തോളം വരുന്ന പടയാളികള് തിരിച്ചോടാൻ തുട ങ്ങി. കിട്ടിയ അവസരം കളയാതെ ചെകുത്താന്മാരായ പട്ടാളക്കാര് തുരുതുരാ വെടി ഉതിർത്ത് അവരെ വീഴ്ത്തി. അവരുടെ കയ്യി ലുള്ള പഴഞ്ചൻ തോക്കും വെടിയും നെഞ്ചൂക്കും വെള്ളക്ക ഴുകന്മാരുടെ പീരങ്കികൾക്കു മുമ്പിൽ ഒന്നുമല്ലായിരുന്നു. കയ്യിൽ കരുതിയ കത്തിയും വാളും അറ്റം കൂർപ്പിച്ച കുന്തവു മായി അവർ പട്ടാളക്കാർക്കെതിരെ തിരിഞ്ഞ് പാഞ്ഞടുക്കകയും ഈയാം പാറ്റകളെപ്പോലെ വെടിയേറ്റ് വീഴുകയും ചെയ്തു കൊിരുന്നു. പോലീസ് സൂപ്ര് ലങ്കാസ്റ്ററും അഞ്ചാറ് പട്ടാള ക്കാരും ആ ഭാഗത്ത് മരിച്ചു വീണു. ഉരുക്കിന്റെ കരുത്തു യിരുന്ന ന്റെ വാപ്പയും വല്ല്യാ പ്പയും അന്ന് വെടികൊ് മയ്യ ത്തായി വീണത് നേരിട്ട് ക ഭാഗ്യംകെട്ടോനാ മോനേഞമ്മ ള്....."

സംസാരത്തിൽ വിതു മ്പൽ വന്നതാകാം വല്ല്യുപ്പ സംസാരം നിർത്തി. തോളിലെ ടർക്കി എടുത്ത് മുഖം ഒന്നു കൂടെ തുടച്ച ശേഷം വീം തുടർന്നു.


"ഏകദേശം അഞ്ച് മണിക്കൂർ നീ യുദ്ധം കഴി ഞ്ഞപ്പം 400ൽപരം പോരാളിക ളുടെ ജഢങ്ങൾ പല സ്ഥലങ്ങ ളിലായി ചിതറികിടക്കുകയായി രുന്നു. മറ്റൊരാളെയും ആ പ്രദേശത്ത് അടുപ്പിക്കാതെ ജഢങ്ങളെല്ലാം വലിച്ചിഴച്ച് കൊുപോയി കുളത്തിലിട്ട് മണ്ണിട്ട് മൂടി. കുറേ എണ്ണം അടു ത്തുള്ള വീട്ടിലിട്ട് കത്തിച്ച് ചാമ്പലാക്കി. അവരെ കൂട്ടമറവ് ചെയ്ത ആ പുണ്യസ്ഥലത്താ ഞമ്മള് നിന്നത്. ഓർമ്മവെച്ച നാൾ തൊട്ട് നാട്ടിലുാവണ എല്ലാ കൊല്ലവും ആഗസ്റ്റ് 26ാം തിയ്യതി ഞമ്മള് ഇബടെ വരും. ഇവിടെ നിത്യനിദ്രയിൽ കഴി യിണ വാപ്പാക്കും വല്ല്യാ പ്പാക്കും കൂടെ പൊലിഞ്ഞ ധീര ന്മാർക്കും വേി അള്ളാഹുവി നോട് പ്രാർത്ഥിക്കും. വയസ്സ് 100 കഴിഞ്ഞേ.... ഞി വരാൻ പറ്റ്വോന്നും അറിയൂല... ഞാൻ മയ്യത്തായാലും ഇത് തുടരാൻ വേീട്ടാ മകന്റെ മോനേം കൂട്ടി വരണത്...."

വല്ല്യുപ്പയുടെ അണമു റിയാതെയുള്ള കടഞ്ഞെടുത്ത സത്യങ്ങൾ കണ്ണികൾ പൊട്ടാതെ ഒഴുകിവരുന്നത് കേട്ട് റഹീം അന്തം വിട്ട് നിന്നു. 93 വർഷം മുമ്പ് നടന്ന ദുരന്ത സ്മരണയും പേറി 2014ന്റെ ആഗസ്റ്റ് 26നും അന്ന് ദുരന്തം നടന്ന രാവിലെ 8 മണിക്കു തന്നെ ഈ ഖബർസ്ഥാനിൽ വന്നുനിൽക്കുന്ന വല്ല്യുപ്പയെ ആരോട് സമം ചേർത്ത് ഉപമി ക്കണം? ഒരു ജനതയും സമൂ ഹവും തലമുറകളിൽ നിന്ന് തല മുറകളിലേക്ക് പകരേ അറി വിന്റെ ഭണ്ഡാരമാണ് വല്ല്യുപ്പ തുറന്നു വെച്ചത്. വല്ല്യുപ്പയുടെ സംസാരത്തിന് കുഴച്ചിൽ വന്നു തുടങ്ങിയിരിക്കുന്നു. അല്ലെങ്കിൽ ഇനി എന്തിന് അധികം പറ യണം? കൊടിയ ത്യാഗത്തി ന്റേയും ചങ്കുറപ്പുള്ള ധീരതയു ടേയും കരുത്തിന്റേയും കൊടിയ ദുരന്തത്തിന്റേയും പ്രാകൃത പീഢനങ്ങളുടേയും അധിനിവേ ശത്തിനെതിരെയുള്ള നില ക്കാത്ത പോരാട്ടങ്ങളുടേയും കനലുകൾ എരിയുന്ന സാക്ഷ്യ പത്രമായി നിൽക്കുന്ന ഈ ഖബർസ്ഥാൻ, ഈ ഗ്രാമം തലമു റകളിൽ നിന്ന് തലമുറകളിലേക്ക് പൊൻതിരി നാളമായ് കൈമാറു ന്നതിനുവേി പേരമകനെയും കൂട്ടി ഉണക്കച്ചുള്ളിപോലുള്ള ശരീരവും പേറി വന്നു കൊിരി യ്ക്കുന്ന വല്ല്യുപ്പയ്ക്ക് എത്ര കാലം ഇത് തുടരാൻ കഴിയും....? കൊച്ചു മകനെപോലുള്ള ഇളം ചങ്ങലക്കണ്ണികൾ എന്നുമുതൽ ഈ പുണ്യസ്ഥലം മനസ്സിലിട്ട് ആരാധിക്കുവാൻ തുടങ്ങും?

നിർത്താതെയുള്ള ഹോൺ മുഴക്കം കാറ് നന്നായ തിന്റെ സൂചനയാണ്. ഒരു ദുരന്ത ചരിത്രത്തിന്റെ അവശേഷി ക്കുന്ന കണ്ണിയായ് നിൽക്കുന്ന ആ മഹാരഥനെമനസ്സിൽ നമിച്ചു കൊ് അറിവിന്റെ അക്ഷയഖനി യിലേക്ക് ഒരു വൈരമുത്ത് കിട്ടിയ ചാരിതാർത്ഥ്യത്തോടെ പതുക്കെ കാറിനടുത്തേക്ക് മട ങ്ങുമ്പോൾ കെട്ടിവേർതിരിക്ക പ്പെട്ട സ്ഥലത്തേക്ക് ഒന്നുകൂടെ നോക്കി. കൊടിയ പീഢനം ഏറ്റു വാങ്ങിയ ഒരു ഗ്രാമത്തിന്റെ ഗദ്ഗ ദങ്ങൾ കാറ്റിൽ ലയിച്ച് തേങ്ങ ലായി വിതുമ്പുന്നതിന്റെ മർമ്മരം പതുക്കെ കാതിൽ വന്നലച്ചതു പോലെ റഹീമിന് തോന്നി...!!! നന്നാക്കിയ കാറിലേക്ക് പതുക്കെ കയറുമ്പോഴും മന സ്സിന്റെ തിരശ്ശീലയിൽ 1921 ആഗസ്റ്റ് 26 വെള്ളിയാഴ്ച രാവിലെ 8 മണിക്കുള്ള കാഴ്ച മറയാതെ നിൽപ്പായിരുന്നു....!!!

(FICTION)

# MISS UNIVERSE



C. K. RAGHAVAN

There are two billionaires living at Losangels city of California state in USA. They are Edison and Newton. Both of them are at their midfifties now. From their childhood days onwards, they had been very close friends. Now they used to meet at least once in every month.

Edison earned his huge assets from business, while Newton made his fortunes from acting in Hollywood films. Each of these billionaires now owns a wealth of more than 30 billions (USD). Another similarity between them is that both during their school days were wished to be scientists when grown up. But their destiny compelled them to travel along another two different career paths. But even now they have been keeping their love for science in their minds. On a day during their usual meeting, they discussed about running a science awareness organisation to propogate science temper among common people across the globe. After one month an organisation titled 'global science in action' has been formed. The organisation is under a director board consisting of 10 members. All these directors were from various business and arts domains. Edison is the chairman and newton is vice chairman of the organisation. At first they wished to conduct a Miss universe beauty contest, to raise money reguired for their noble cause. But later many board members sugested that it was better to proceed step by step. So they dicided to conduct a 'Miss Losangels' beauty contest at first. In the month of januvary 2015 under the banner of 'globel science in action' ' Miss Losangels' beauty contest has been organised in a very grand manner. It brougt a huge amout of money to the organisers than they had expected. They started to distribute finacial aid to various NGO'sand governmental organisations engaged in promoting, science awaraness activities among people worldwide. After their first beauty contest programme is over, the director board of globel science in action is expanded by inducting 5 new members more. All these new directors were from various science domains. One member is PRO. Andy who is a world famous cosmo logist.

Then 'global science in action conducted other wider beauty contests Miss California, Miss USA,Miss North America respectivly at various cities in USA. All these events were very successfull. After these grand events, the director board of 'global science in action' once again convened, for a discussion about their future plans, at Losangels. As the meeting is going on, Edison put forth his proposal to conduct a 'Miss universe' contest during the month of December 2015. But now cosmologist Andy strongly opposes the idea of organising a Miss universe event. He started to explain the scientific facts behind his objection. "Being an orgainisation engaged in radiating scientific facts across the world, we cannot resort to a imaginary claim like 'Miss universe'. It is a fact that there are billions of billions earth like planets in our universe. As basic laws are same every where across this universe, most of this earth like planets would permit human life on their surface.so there should have females also there. At present we have no vehicle for to and fro travel as far as these planets are concerned . Even then we have such vehicles which travels at the speed of light, it would take billions of light years to reach

(കവിത)

# മോഹം




ടി.പി. ശിവദാസൻ നെന്മാറ

നഗരം– നാഗരികതയെല്ലാം വിട്ട്
നാട്ടുമ്പുറത്തങ്ങു കൂടാൻ മോഹം!
ഫ്ളാറ്റ്– ഷോപ്പിംഗ് കോപ്ലെക്സിവയെല്ലാം വിറ്റ്
വയൽ... വരമ്പ്... ചായ്പിന്നും മോഹം!
ബാലവേല– പീഢന– പെൺവാണിഭങ്ങൾ
ഇല്ലാത്തകാലം വന്നെത്താൻ മോഹം!
ചതി– കളവൊളി ക്യാമറകൺമുന്നിൽ
പെട്ടുപോകാത ജീവിതമോഹം!
നാടോടുമ്പോൾ നടുവെയോടാനൊത്തൊരു
കെൽപുമുത്സാഹവും കിട്ടാൻ മോഹം!
ഗ്യാസടുപ്പിന്റെക്ഷനിവകൾ വെടിഞ്ഞ്
വിറകടുപ്പു– തീക്കൊഴൽ മോഹം!
കുക്കർ– സ്റ്റീലലുമിനിയപ്പാത്രം വോ...
മൺചട്ടി– കവ്ടിക്കിണ്ണത്തിൽ മോഹം!
അത്താഴമു കിടന്നുറങ്ങാൻ കട്ടിൽ,
മെത്ത, കമ്പിളിപ്പുതപ്പും വർജ്യം.!
ആത്മസംതൃപ്തിയ്ക്കുതകും വിധമൊരു
തിണ്ണ– പുൽപായ്– തലയിണമോഹം!

(കവിത)

# അറിയുക, അണിചേരുക, അണയാതെ സൂക്ഷിക്കുക!




കെ. രഘുനാഥൻ പിള്ള

നാടുനീളെ പെരുകുന്ന വൃദ്ധസദനങ്ങളെ നോക്കി
പല്ലിളിക്കുന്ന യുവതലമുറയുടെ
സാമൂഹ്യബോധത്തെക്കുറിച്ച് ഒരു ചർച്ച.
സഹായത്തിനു കേഴുന്ന സഹോദരിയുടെ
മുഖത്തേക്ക് നോക്കാൻ പോലും മോനക്കെടാതെ
മൊബൈലിൽ കളിക്കുന്ന സഹയാത്രകരുടെ
നിസ്സംഗതയെ കുറിച്ചൊരു വിശകലനം.
മദ്യലഹരിയിൽ മകളെ തിരിച്ചറിയാത്ത മദോത്മത്തന്റെ
ലീലാവിലാസത്തെക്കുറിച്ചൊരു സമഗ്രാന്വേഷണം!
പ്രതിജ്ഞ നിറവേറ്റാൻ പ്രതിജ്ഞാബദ്ധമെന്ന
പല്ലവിക്കൊരനു പല്ലവി.
അഴിമതിക്ക് പര്യായം ചമയ്ക്കാനൊരു പര്യായഞ്ജരി.
ജനാധിപത്യത്തിന്റെ ജനകീയ മുഖങ്ങൾക്കുള്ളിൽ
ഒളിഞ്ഞിരിക്കുന്ന കുടിലതന്ത്രങ്ങളുടെ
പൊരുളറിയാനൊരു പോരാട്ടം!
മജ്ജയും മാംസവും നഷ്ടപ്പെട്ട പോരാട്ടങ്ങൾക്ക്
വീര്യം പകരാൻ അവസരങ്ങളുടെ അന്ധിവർഷം.
അറിയുക! അണിചേരുക!! അണയാതെ സൂക്ഷിക്കുക!!!

(കവിത)

# സത്യം



കരിങ്കോവിൽ വിജയകുമാർ

തന്നിലേക്കു മടങ്ങുക
തന്നേ അറിയുക
അന്ധിയോ മണ്ണോ ജലവുമല്ല
പഞ്ചഭൂതങ്ങള് ഒന്നുമല്ല
ഉള്ളിൽ വിളങ്ങുന്ന അറിവാണു ഞാൻ
തന്നെ അറിയുന്ന അറിവാണു ഞാൻ
കൺകൊുകാണാൻ കണ്ണുകൾ പോരാ
അറിയുന്ന അറിവായ് താൻതന്നെ വേണം
ജീവനിൽ ജീവനായ് താൻതന്നെ വേണം
അറിവായിരിക്കുന്ന താൻതന്നെവേണം.
ഉള്ളിലിരിക്കും അറിവാണ് സത്യം
അവനാൽ ചലിക്കുന്നു പ്രപഞ്ചങ്ങളെല്ലാം
അറിയുക തന്നേ അറിയുക.
ഈ ദുഃഖ സാഗരം നീന്തികടക്കുക.
താൻതന്നെ ബ്രഹ്മം
താൻതന്നെ സത്യം.


കവിത

# എന്റെ വിദ്യാലയം



സൂര്യ ഇ.

ആദ്യമായി പോകുന്ന എൻ വിദ്യാലയത്തിൽ
ആരെയുമറിയില്ല, ഭയന്നുപോയി ഈ ഇളം പൈതൽ
അമ്മ പോകുമ്പോൾ പിറകേ പോയിട്ട്
അമ്മയെ വാരിപുണർന്നു കരഞ്ഞു.
പിന്നേയും എന്നെ ബെഞ്ചിലിരുത്തീട്ട്
ഉമ്മ വച്ചു എൻ കവിളുകളിൽ
ഒരുപാടു കുട്ടികളെ കു, അവരുമായി
കഥപറഞ്ഞു ഞങ്ങൾ കൂട്ടുകാരായി.
പിന്നെ പിരിയാൻപറ്റാത്ത മിത്രങ്ങളായവർ
ഒരു നല്ല നാളുകൾ നേടിത്തന്നെൻ വിദ്യാലയം
ഒരുപാട് അറിവുകൾ കിട്ടി, അവിടുന്ന്
ഒരുപാടു സമ്മാനങ്ങളും ഞാൻ കൈപ്പറ്റി.
ഒരു കൊച്ചു മിടുക്കിയായി വളരട്ടെ എന്ന
ഉപദേശവുമായി ഗുരുക്കൻമാരും
പിന്നെ മറക്കാൻ പറ്റാത്ത ചില ഗുരുക്കൻ –
മാരും എന്നോ എൻ മനസ്സിൽ ഇടം നേടി.
വളരുന്നു ഞാനിനിയും ഒരുപാട് ഉയരങ്ങളിലേക്ക്
എന്നും ഒരു മിടുക്കിയായി ഒരു നല്ല കുട്ടിയായി
ശത്രു കൈകളിൽ കുരുങ്ങി ഞാൻ ഒരിക്കൽ
അന്നും തടസ്സങ്ങളിൽ ഉയർന്നെഴുന്നേറ്റു – ഞാൻ
ഒരു പാട് ഓർമ്മകളും ചിന്തകളും എന്നെ
എന്നും ഉണർത്തട്ടെ എന്നെ ഇവിടെ



രത്നാകരൻ ചെറുവത്ത്

മേടമാസത്തിലെ പൊള്ളുന്ന വെയിൽ. ഉച്ചയ്ക്ക് ഊണു കഴിഞ്ഞ് ഞങ്ങൾ വീടിന്റെ ചാരുപടിയിൽ ഇരിയ്ക്കുകയാണ്. ഞങ്ങളെന്ന് പറഞ്ഞാൽ ഞാനും, അമ്മയും, അനിയന്മാരും. ആകെ നാലു പേർ.

അപ്പോഴാണ് പടിയ്ക്കൽ അവന്റെ തല പ്രത്യക്ഷപ്പെട്ടത്. പിന്നീട് അവൻ പടി കയറി പരിസരം ആകെ ഒന്നു ശ്രദ്ധിച്ചു.

പടിക്കൽ നിന്ന് വീട് വരെയെത്താൻ പതിനഞ്ചു വാരയെങ്കിലും ദൂരം കാണും. രു, മൂന്നു തെിപ്പട്ടികൾ അവനെനോക്കി കുരച്ചു. അവർക്കും അവനെപരിചയമില്ലെന്നു തോന്നുന്നു. അവൻ അവയെ ഗൗനിച്ചില്ല! അവരുടെ ശല്യം സഹിക്കാതായപ്പോൾ അവന്റെ ഭാവം മാറി. ഒരു മൃഗരാജന്റെ ഗൗരവം സ്ഫുരിക്കുന്ന കണ്ണുകളെകൊ് ഒന്ന് നോക്കി. നീ തിളങ്ങുന്ന പല്ല് പുറത്ത് കാണിച്ച് മേൽചു് പൊക്കി ഒന്നു കുരച്ചു. അവിടമാകെ മുഴങ്ങിയ ആ ശബ്ദം കേട്ട് ആ തെിപ്പട്ടികൾ വാലും ചുരുട്ടി അടിയറവ് പറഞ്ഞ് ഓടിപ്പോയി.

ഒന്നും സംഭവിക്കാത്തപ്പോലെ മന്ദം മന്ദം എന്നാൽ ഗൗരവം വിടാതെ നടന്നു വന്നു. പറമ്പിൽ പുല്ലരിഞ്ഞുകൊിരുന്ന സ്ത്രീ ഒന്ന് നിവർന്ന് നിന്ന് അവനെനോക്കി. അവൻ സൂക്ഷിച്ചു നോക്കി കൊ് ഒന്നു മുരു. അവൾ ഭയന്നു വിറച്ചു അവന്റെ കണ്ണിൽപ്പെടാതെ മാറി.

അവൻ മുറ്റത്ത് വന്നു നിന്നു. ഞങ്ങളെ നാലുപേരേയും സൂക്ഷിച്ചു നോക്കി. ഇപ്പോഴവന്റെ കണ്ണുകളിൽ മറ്റുള്ളവരെ വിരട്ടിയ ഭാവമില്ല! ചിരപരിചിതരായവരോടുള്ള സൗഹൃദവും, സ്നേഹവും മാത്രമേയുള്ളു!

രര അടിയോളം ഉയരവും, നല്ല നീളവും, തടിയും അവന്റെ പ്രൗഢിയ്ക്ക് നിറം കൂട്ടി. മഞ്ഞയിൽ അല്പം തവിട്ടു നിറം കലർന്ന പുറവും തലയും. കഴുത്തിന്റേയും വാലിന്റേയും ഇടയ്ക്കുള്ള കീഴ്ഭാഗം മഞ്ഞ കലർന്ന വെളുപ്പ്. ഒടിഞ്ഞു തൂങ്ങിയ വലിയ ചെവികൾ. തിരിച്ചറിവ് വ്യക്തമാക്കുന്ന ആലോചനയിലാ കണ്ണുകൾ. നല്ല നീളമുള്ള രോമം നിറഞ്ഞ വാല്. അവന്റെ ഓരോ ചലനത്തിലും നല്ല തറവാടിത്തം തുളുമ്പി നിന്നു!

പരിഭ്രമമോ ഭയമോ കൂടാതെ അവൻ നേരെ കോലായിൽ കയറി നിന്നു.

രനിയന്മാരും ഭയന്നിരുന്നു. എങ്കിലും അവനോട് വിരലുകൾ ഞൊട്ടിക്കൊ് സ്നേഹം പ്രകടിപ്പിച്ചു. "വാ" എന്നു പറഞ്ഞു. ഒരു അങ്കലാപ്പുമില്ലാതെ സ്വന്തം വീട്ടിലെ അംഗത്തെപ്പോലെ പടിയിൽ ചാടിക്കയറി ഞങ്ങളുടെ ഇടയിൽ കയറി കിടന്നു.

ഉള്ളിൽ അല്പം ഭയമുങ്കെിലും അവന്റെ മിനുത്ത പുറത്തും തലയിലും തലോടി. അനുസരണയുള്ളവനായി അവൻ കിടന്നു. എന്റെ കാലുകളിൽ നക്കി. ആ കണ്ണുകളിൽ സ്നേഹവും ദുഃഖവും കാണാമായിരുന്നു. അവന്റെ കൺകോണുകളിൽ കൂടെ കണ്ണുനീർ ചാലുകളുായി. അമ്മയും അനിയന്മാരും ആ അഥിതിയെ തടവി.

ഉച്ച ഭക്ഷണം കഴിഞ്ഞതുകൊ് അടുക്കളയിൽ ഒന്നും അവശേഷിച്ചിട്ടുാവില്ല!. അവന് എന്ത് കൊടുക്കും? ഞങ്ങൾ തമ്മിൽ ചോദിച്ചു. അവന് കാര്യം മനസ്സിലായെന്ന് തോന്നുന്നു. കണ്ണിറുക്കി തലയാട്ടിക്കൊ് നിഷേധാർത്ഥത്തിൽ ഞങ്ങളുടെ ഉദ്യമത്തിൽനിന്നും വിലക്കി.

എന്തെല്ലാമോ പറയണമെന്ന്. അവന്റെ നിസ്സഹായവസ്ഥ അവന് നന്നായി അറിയുകയും ചെയ്യും. കണ്ണുകളിലെ ഭാവപ്പകർച്ചയിൽ കുറെയൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞു.

പിന്നീട് എഴുന്നേറ്റ് വീടിന്റെ നാലുഭാഗത്തയ്ക്കും, മച്ചിലേയ്ക്കും നോക്കി. മച്ചിൽ മാറാല കെട്ടിയിരിയ്ക്കുന്നു. അവിടവിടെ കഴുക്കോൽ ദ്രവിച്ച് ഏതു നിമിഷവും ഓട് നിലം പതിക്കാം. ചുമരുകളിലെ കുമ്മായം ചിലഭാഗങ്ങളിൽ അടർന്നു വീണിരിയ്ക്കുന്നു.

വീുമവൻ ഞങ്ങളുടെ ഇടയിൽ ചാടിക്കയറി കിടന്നു.

ഞങ്ങളുടെ തലോടലിൽ അവൻ അതീവ സുഖം അനുഭവിയ്ക്കുന്നുന്ന് തോന്നി.

മരിച്ചുപോയ നമ്മുടെ ഏതെങ്കിലും ആൾക്കാരുടെ പുനർജന്മമാണ് തീർച്ച. അമ്മ പറഞ്ഞു.

അവൻ അമ്മയുടെ മുഖത്തേയ്ക്ക് തറപ്പിച്ചു നോക്കി.

എന്റെ മനസ്സിൽ മരി

ച്ചുപോയ കാരണവന്മാരുടെ ലിസ്റ്റ് നിരന്നു. അച്ഛൻ. അച്ഛൻ മരിച്ചിട്ട് പതിനഞ്ചു വർഷമായി. മൂന്ന് അമ്മാവന്മാർ. അവരും പതിനഞ്ചിനും ഇരുപതിനും ഇടയ്ക്ക് വിടപറഞ്ഞവരാണ്.

ഇവരിൽ ആർക്കാണ് ഒരു നായയായി പുനർജനിക്കേി വന്നത്? എന്തുകൊ് പരിണാമത്തിൽ മുന്നോട്ടു പോകേതിനു പകരം പിന്നോട്ടടിച്ചു? കർമ്മഫലമാണ് നമ്മെ തിര്യക്കുകളും മറ്റു മിാപ്രാണികളും, മനുഷ്യനും , അവതാരങ്ങളുമൊക്കെയായി ജനിപ്പിയ്ക്കുന്നതെന്ന് കേട്ടിട്ടു്!

ആരാണിദ്ദേഹം? ഒരു നായയായി ജനിയ്ക്കാൻ ചെയ്ത കർമ്മം എന്ത്? ചോദ്യം മനസ്സിനെഅസ്വസ്ഥമാക്കി.

അച്ഛൻ ദൈവ ഭക്തനൊന്നുമായിരുന്നില്ലെങ്കിലും, പരോപകാരിയും, മറ്റുള്ളവർക്ക് വേി എന്ത് ത്യാഗം വേണമെങ്കിലും സഹിയ്ക്കുമായിരുന്നു. അല്പം മദ്യപാനവും, കുസൃതികളുമൊക്കെയുങ്കിലും ഹീനമായ പ്രവർത്തികൾ ചെയ്തതായി അറിയില്ല!

മറ്റൊരാൾ ഏറ്റവും മൂത്ത അമ്മാവനാണ്. പേര് നാണു. നാണുക്കുട്ടൻ എന്നു വിളിയ്ക്കും. നല്ലവനായിരുന്നുവെന്നാണ് അമ്മയും വലിയമ്മയും പറഞ്ഞു കേട്ടത്! വെള്ളക്കാരന്റെ പോലീസിൽ ഹെഡ്ഡ് ആയിരുന്നു. പെൻഷൻ പറ്റിയത് നിലമ്പൂരിൾ വെച്ചാണെന്ന് തോന്നുന്നു. ചുവന്ന പട്ടുകൊു തുന്നിയുാക്കിയ കൂർത്ത തൊപ്പിയും, മുട്ടോളമെത്തുന്ന ട്രൌസറും ധരിച്ച് കറുത്ത് ഉയരം കൂടിയ ഒരു ദീർഘകായൻ.

മൂന്നാമത്തെ ആൾ ശങ്കരൻകുട്ടി അമ്മാവൻ. അഞ്ചര അടി പൊക്കവും കാരിരുമ്പിന്റെ ദൃഢതയുള്ള പേശിയുള്ള അദ്ദേഹം ഒരു ആനഇടഞ്ഞു വന്നാൽ പോലും കുലുങ്ങാത്ത ധൈര്യശാലി. അന്നത്തെ കാലത്ത് കൊടും കാട്ടിൽകൂടെ ഒറ്റയ്ക്ക് നടന്ന് പതിനെട്ടുകൊല്ലം മല ചവിട്ടിയ അയ്യപ്പൻ.

മാല അഴിച്ചു കഴിഞ്ഞാൽ പിന്നീട് തികഞ്ഞ ആഞ്ജനേയ ഭക്തൻ. സേവയിൽ കൂടെ ഹനുമാനെപ്രത്യക്ഷപ്പെടുത്തിയിട്ടുന്നൊണ് നാട്ടുകാരുടെ സംസാരം.

ഹനുമാൻ സേവനകാലത്ത് അദ്ദേഹം നാടൻ ചാരായം കുടിച്ചു. ഹനുമാന് ഇഷ്ടപ്പെടാത്ത കോഴിയിറച്ചിയും കഴിച്ചു. ഹനുമാൻ പഴങ്ങളല്ലേ കഴിയ്ക്കൂ. മൂപ്പർക്കതിഷ്ടപ്പെട്ടില്ലെന്നു തോന്നുന്നു. ഭക്തന് സ്വല്പം ഭ്രാന്ത് പിടിച്ചു.

ചാരായം അകത്താക്കി റോഡിൽ കൂടി ആടിവരുന്ന അമ്മാവനെവെള്ളക്കാരന്റെ പോലീസ് ജീപ്പ് തടഞ്ഞു നിർത്തി. ഇൻസ്പെക്ടർ തെറിവിളിച്ച് പിടിച്ച് ജീപ്പിൽ കയറ്റാൻ നോക്കി. ഇൻസ്പെക്ടറുടെ കരണത്ത് ആ ഉരുക്ക് കൈ പതിച്ചു. ഇൻസ്പെക്ടർ ദൂരെ തെറിച്ചു ബോധം കെട്ടു. ചാടിയിറങ്ങി വന്ന പോലീസുകാരനെഒരൊറ്റ തീ പാറുന്ന നോട്ടം കൊ് സ്തംഭനാക്കി. ഒന്നും സംഭവിക്കാത്തപോലെ അമ്മാവൻ ഇടവഴിയിൽ കൂടെ രക്ഷപ്പെട്ടു!

നിരന്തരം പോലീസ് അന്വേഷിച്ചുകൊിരുന്നു. വീടിന്റെ പടിഞ്ഞാറു ഭാഗം ഒരു വലിയ കോട്ടയും, നടുവിൽ ഒരു വലിയ പൊട്ട കിണറുമു്. കിണറ്റിൽ വലിയ ഗുഹയും വള്ളികളും മരങ്ങളുമു്.

ഉച്ചയ്ക്ക് പോലും കോട്ടയ്ക്കകത്തേക്ക് സൂര്യപ്രകാശം കടക്കുകയില്ല. അമ്മാവൻ മരപ്പൊത്തിലും ഗുഹയിലുമായി കറേകാലം ജീവിച്ചു.

നാലാമത്തെ വ്യക്തി ചെറിയമ്മാവൻ എന്നു വിളയ്ക്കുന്ന ചേന്നുക്കുട്ടിയമ്മാവൻ. കാഴ്ചയിൽ ചെറുപ്പം. സൽസ്വഭാവിയും എല്ലാവരേയും സ്നേഹിക്കുകയും ചെയ്യുന്നു.

ഞാൻ അവനെഒന്നു സംശയദൃഷ്ടിയോടെ നോക്കി. അവൻ എന്നേയും. എന്തൊക്കെയോ അവന് അറിയിക്കണമെന്നു്. അത് കഴിയാത്തതിലുള്ള സങ്കടം ഒരു ഞരങ്ങലിലൂടെ അവൻ വ്യക്തമാക്കി. "പറയാനുള്ളത് പറയാൻ കഴിയാതെ വന്നാലും, കേൾക്കാൻ ആഗ്രഹിച്ചത് കേൾക്കാൻ കഴിയാതെ വന്നാലും ഉാകുന്ന മാനസിക സമ്മർദ്ദം" ഒന്നാലോചിച്ചു നോക്കൂ!

അവന്റെ സ്നേഹമുള്ള പെരുമാറ്റം ചെറിയമ്മാവന്റേത് പോലെ തോന്നിയ്ക്കും! മറ്റുനായ്ക്കളെ കപ്പോഴും, പുല്ലരിയുന്ന സ്ത്രീയോടുള്ള അവന്റെ ശൗര്യവും ശങ്കരൻക്കുട്ടിയമ്മാവന്റെ തനിപ്പകർപ്പ്! പോലീസുകാരൻ അമ്മാവന്റെ ഗാംഭീര്യവും, ചുവന്ന തൊപ്പിയിട്ട തല ഉയർത്തി ചുറ്റും വീക്ഷിക്കുന്നതിന് സാമ്യമു് അവന്റെ എഴുന്നേറ്റ് നിന്നുള്ള മറ്റു ചേഷ്ഠകൾ.

ഞങ്ങളോടുള്ള സ്നേഹപ്രകടനം, മമത്വം! ഒന്നു ചേരാൻ ആഗ്രഹിയ്ക്കുന്ന മനസ്സ് അത് അച്ഛന്റേത് പോലെ തോന്നിയ്ക്കും!

വിധാതാവിന്റെ കാഴ്ചപ്പാടിലുള്ള പുണ്യവും, പാപവും, തെറ്റും, ശരിയും മനുഷ്യന് വ്യാഖ്യാനിക്കാൻ കഴിയുമോ? ഇന്നത്തെ ശരി നാളത്തെ തെറ്റും, പിന്നീടത് ശരിയും, തെറ്റുമല്ലാതായി അറിയാതെ പോകുന്നു!

എല്ലാറ്റിന്റേയും വേരുകൾ ഏതോ നിഗൂഢതയിൽ ചെന്ന് അവസാനിയ്ക്കുന്നു!

അവനാരെന്നറിയാതെ ചിന്തയിലാു. അവൻ കയറി വന്നിട്ട് ഒന്നരമണക്കൂർ കഴിഞ്ഞു.

അവൻ മെല്ലെ എഴുന്നേറ്റു.

അടുത്ത പരിപാടി എന്താണെന്നറിയാനുള്ള ആകാംക്ഷയോടെ ഞങ്ങൾ നോക്കിയിരുന്നു!

അമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അമ്മയുടെ മുഖത്തേയ്ക്കും ഞങ്ങളുടെ കണ്ണുകളിലേയ്ക്കും നോക്കി. പടിയിൽ നിന്ന് നിലത്തേയ്ക്ക് ചാടിയിറങ്ങി. ഒന്നു മൂരി നിവർന്ന് ഒരു ഞരക്കത്തോടെ നോക്കി. രോമം നിറഞ്ഞ വാല് മെല്ലെ ആട്ടിക്കൊ് അവൻ മുറ്റത്തേയ്ക്കിറങ്ങി. നടുമുറ്റത്ത് ചെന്ന് നിന്ന് വീും അവൻ തിരിഞ്ഞു നിന്നു. യാത്ര പറയുന്നത് പോലെ അവൻ കണ്ണു ചിമ്മി. ആ കണ്ണുകളിൽ തിരിച്ചുപോക്കിന്റെ ദുഃഖം നിറഞ്ഞു. വീും ഒന്നു ഞരങ്ങി തിരിഞ്ഞ് ദൃഢമായ കാൽവെപ്പുകളോടെ നിശ്ചയദാർഢ്യത്തോടെ തല ഉയർത്തിപ്പിടിച്ച് നടന്നു പടിയിറങ്ങി.

അവൻ ദൃഷ്ടിയിൽ നിന്നും മറഞ്ഞു....

ഞങ്ങൾ പരസ്പരം ഒന്നും സംസാരിക്കാതെ ഞങ്ങളിൽ നിന്ന് ഒരാൾ ഇറങ്ങിപോയപോലെ സ്തബ്ധരായി നിന്നു.

കുറെക്കാലം ഉച്ചഭക്ഷണം കഴിഞ്ഞ് പടിയിൽ അവന്റെ പുനർ ആഗമനം പ്രതീക്ഷിച്ച് ഞങ്ങൾ നാലുപേർ ഇരുന്നു.

അവൻ പിന്നീടൊരിക്കലും വന്നില്ല!

**MISS UNIVERSE**
(37-ാം പേജ് തുടർച്ച)

some of such planets. At present we have no communication facility to make any contact with these planets dwellers. More over there may be human presence even on some natural satellite of our solar system planets. Now we have neither such vehicles to travel to such planets nor communication methods to make any contacts with the humans living on such satellites. So briefly now we are not in a position, even to conduct a miss solar system or much wider Miss milky way contest.'' Disclosing these things Pro: Andy concluded his briefing. All the directors including Edison and Newton have been seen satisfied with Andys these explanations- so the director board of 'global science in action' resolved to abandan their plan to organise a miss universe contest instead they passed resolution to conduct a Miss world event; in the month of December 2015. They organised very successfully the contest Miss world. In that event a young lady from South Africa has been crowned as Miss world. Now globel science in action can very easily in crease the aid to various NGO's and GOs many more times. The organisation global science in action is going to conduct Miss world competition in every year coming at various cities acrose the globe

(27-ാം പേജ് തുടർച്ച)

മുള്ള കണ്ണുകൾ നിലാവിന്റെ ശോഭയുള്ള സൗന്ദര്യം. തിമിരം കയറിയ അമ്മയുടെ കണ്ണുകളിലേയ്ക്ക് ആ രൂപം അടുത്തു വന്നു.

"നീ ആരാ മോളെ...." അമ്മ ചോദിച്ചു.

എന്നാൽ ഒരു പുഞ്ചിരി മാത്രം സമ്മാനിച്ച് കൈകൂപ്പി അവൾ അമ്മയുടെ അടുത്ത് വന്നിരുന്നു നാമം ജപിക്കാൻ തുടങ്ങി. നാമം ജപിച്ച് എഴുന്നേൽക്കാൻ ശ്രമിച്ച അമ്മക്ക് കഴിയുന്നില്ല. അവൾ തന്റെ വലത് കൈകൾ അമ്മയ്ക്ക് നേരെ നീട്ടി. ആ കൈകളിൽ പിടിച്ചു അമ്മ പതുക്കെ നിവർന്നു. അവർ ഇരുവരും പുറത്തേയ്ക്ക് ഇറങ്ങി....മാവിന്റെ ചെറിയ ശിഖരങ്ങളിൽ ചവിട്ടി അമ്മയും അവളും ഉയരത്തിലേക്ക് കയറിപോകുമ്പോൾ താഴെ വളരെ അകലെ ജപ്പാനിലെ ഒരു ചെറു നഗരത്തിൽ തന്റെ മകൻ വിശ്വനാഥൻ അവന്റെ രു കുട്ടികളോടും ഭാര്യയോടും തമാശകൾ പറഞ്ഞ് ചിരിച്ച് രസിക്കുന്നത് ഒരു കറുത്തപൊട്ട് പോലെ അമ്മ കു. അവരുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. മാതൃത്വത്തിന്റെ സ്നേഹത്തിൽ ചാലിച്ച പുഞ്ചിരി....

കവിത

# അനാഥ ശിൽപ്പങ്ങൾ



ബാലകൃഷ്ണൻ തുവ്വൂർ

കണ്ണിനു കാഴ്ച കുറഞ്ഞു
കാതിനോ കേൾവി കുറഞ്ഞു
നാവിനോ രുചി കുറഞ്ഞു
നാഡികളോ തളരുന്നു.
കൈകാലുകളിൽ കടപ്പ്
നടന്നീടുംമ്പോൾ കിതപ്പ്
ഇങ്ങിനെ; വാർദ്ധകൃത്തിൻ
പടവുകൾ കയറുന്നു,
മക്കളോ അതി വിശിഷ്ടർ
പേരമക്കൾ അതി ശ്രേഷ്ഠർ
ഭാര്യയോ വിരൂപയായി
ഒടിഞ്ഞ ഓട്ടു ചട്ടകം
വൃദ്ധ ദമ്പതികൾ ഇവർ, ഒട്ടും
ആർക്കും വോത്തവർ
ജീവിതമോ വെറും വ്യർത്ഥം
നാഥനില്ലാത്ത ശിൽപ്പങ്ങൾ.
മരുമകൾ പുലമ്പുന്നു
ഭക്ഷണം വിഷമാണത്രെ
മകനോ അതു പിന്നീടാ
ശരി തന്നെ ഓതിടുന്നു.
വൃദ്ധ സദനത്തിൽ പോകാൻ,
സമ്മതിക്കില്ല ഇക്കൂട്ടർ
ബാദ്ധ്യത ഇവരോട് ഒട്ടും,
ആർക്കുമേ ഇല്ല തരിമ്പും
തങ്ങൾ തൻ ജീവനും സ്വത്തും
തൽ മക്കൾക്കു പങ്കു വെച്ചോർ
തങ്ങൾ തൻ സ്നേഹം മുഴുവൻ
മക്കൾക്കായ് പങ്കു വെച്ചവർ
ഇവർ തൻ അസ്ഥികൂടത്തിൽ,
തുടിയ്ക്കും പ്രാണൻ നിൽക്കെ
ഇവരെല്ലാം ഒരു പിടി
ചാരമായ് അവശേഷിക്കും
മുമ്പേ നടക്കുമീവർക്കു,
പിന്നിലായ് നിങ്ങളെത്തീടും,
ഇതാണ് പ്രപഞ്ച സത്യം-
ഇതാണ് കാല പ്രമാണം.

# ഒരുമ
## റെസിഡൻസ് അസോസിയേഷൻ
രജി : S 23/11, ഈസ്റ്റ് കൊമ്മേരി, കോഴിക്കോട്-7



കൊമ്മേരി ഈസ്റ്റ് ഒരുമ റെസിഡൻസ് അസോസിയേഷന്റെ 5-ാം വാർഷിക ആഘോഷം പ്രസിഡ് എം. ശ്രീധരന്റെ അദ്ധ്യക്ഷതയിൽ പ്രശസ്ത സിനിമ സംവിധായകൻ വി. എം. വിനു ഉൽഘാടനം ചെയ്തു. കോഴിക്കോട് കോർപ്പറേഷൻ നഗരാസൂത്രണം സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ എം. സി. അനിൽകുമാർ മുഖ്യാഥിതിയായിരുന്നു. ചടങ്ങിൽ കവിത അരുൺ, ടി. പി. കോയമൊയ്തീൻ, എം. മുഹമ്മദ് ബഷീർ, വി. എം. മോഹൻദാസ്, ടി. ഷീജ, മുക്കണ്ണിയിൽ ചന്ദ്രൻ, കെ. സി. പത്മരാജൻ, എൻ. രാധാകൃഷ്ണൻ, ആഷിക് സി, സുനിതാ രാജശേഖരൻ, ടി. വി. പരമേശ്വരൻ, ഒ. എം. അശോകൻ, യു. ബിനു എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു,

വി. എം. വിനുവിനെഇ. ജയരാജൻ പൊന്നാട അണിയിച്ചു. ഉൽഘാടകൻ, മുഖ്യഥിതി, സി. രജീന്ദ്രകുമാർ തുടങ്ങിയവർക്ക് വി. ശ്രീധരൻ നായർ, അഡ്വ: എ. സി. അംബിക, വി. രവീന്ദ്രൻ നായർ എന്നിവർ ഒരുമയുടെ സ്നേഹാദരവ് നൽകി. തുടർന്ന് വിവിധ കലാപരിപാടികൾ നടന്നു. മജീഷ് കാരയാട് (പേരാമ്പ്ര) അവതരിപ്പിച്ച നാടൻപാട്ടും ഉായിരുന്നു. ഒരുമ കുടുംബാംഗങ്ങൾക്ക് വീവാ കേറ്ററിംഗിന്റെ ഗിഫ്റ്റും നൽകി.

ജനകീയ മുക്ക് അങ്ങാടി (6-ാം പേജ് തുടർച്ച)

. അവരിലൂടെയാണ് തമിഴ്നാട് ബന്ധം അറ്റുപോകാതെ മുനിയാി നിലനിർത്തുന്നതത്രെ. കല്യാണ പ്രായത്തിലെത്തുന്ന മകളെ ഒരാക്ക് പിടിച്ചേൽപ്പിക്കണമെങ്കിൽ തായ്കുലത്തിന്റെ വേരമ്പേഷണം ആവശ്യമാണല്ലോ. മുനിയായിയെപ്പോലെ കാമാക്ഷിയമ്മയും മകൾക്കൊരു നല്ലബന്ധം വേണമെന്നാശിക്കുന്നു. തയ്യൽക്കടയിൽ ജോലിയുള്ള ഏട്ടന് ചികിത്സക്കുള്ള പണം കടയിൽനിന്ന് കിട്ടില്ലെന്നുമറിയാം. കണ്ണിൽ കുസൃതിയും ആരേയും തന്നിലേക്കാകർഷിക്കുന്ന പെരുമാറ്റവും മധുരമുള്ള ചിരിയുമായി പാർട്ടിയാപ്പിസിലെ ചുറ്റുവട്ടം നിറയെ പകൽ വേളകളിൽ ഉല്ലാസ പൂർവ്വം ജീവിക്കുന്ന ദമയന്തി. പാർട്ടിയാപ്പിസിന്റെ പിന്നാമ്പുറത്തെ കിണറ്റും കരയിൽ വെള്ളംനിറച്ച ക്കുടം എളിയിൽ ചുമന്നു നിൽക്കുന്ന പെണ്ണിന്റെ ചിത്രം ബാല്യത്തിന്റെ കുസൃതി പ്രേരണയിൽ ഒരുനാൾ വരച്ചു. അക്കാലത്ത് പാർട്ടിയുടെ നേതൃത്വത്തിൽ കളിക്കുന്ന നാടകത്തിനുള്ള അണിയറ ചിത്രങ്ങൾ വരക്കുകയായിരുന്നു നിയോഗം. പാർട്ടിയാപ്പിസിന്റെ അടുക്കള ഭാഗത്തെ ഒഴിഞ്ഞമുറിയിൽ ചിത്രരചനക്കുള്ള കോപ്പുകൾ അണിനിരത്തിയിട്ടു. വെള്ളം കോരുന്ന നാടൻ കന്യകയുടെ മോഡലായി ദമയന്തി മനസ്സിൽ കയറിക്കൂടി. കിണറ്റുവക്കിലെ പെണ്ണിൻെറ കയ്യും പിടിച്ച് അകത്തേക്കു കയറ്റുന്നതുകു അവിടെ പ്രത്യക്ഷപ്പെട്ട മറ്റൊരു സഖാവ്. പിന്നീട് അന്വേഷണങ്ങൾ അച്ചടക്ക ലംഘനത്തിനുള്ള നടപടിക്രമങ്ങൾ. പാർട്ടിയാപ്പിസിൽ കയറരുതെന്ന വിലക്ക്. അതിനെമറികടക്കാൻ ദമയന്തിയുടെ വീട്ടിലെ കോലായിലേക്ക് കയറിചെല്ലൽ. അച്ഛൻ പുറത്തേക്കുപോയ നേരം. അമ്മ വളവില്പ്പനക്കായി പലവീടുകളിലായി അലയുന്ന ദിവസം. ഒരു നോക്ക് കാണാനും കെട്ടിപ്പിടിക്കാനും കെട്ടിപ്പുണരാനും കൊതിപ്പിക്കുന്ന പെണ്ണ്. പാർട്ടിയുടെ സ്ഥാനാർത്ഥി അംഗത്വം മാത്രമുള്ളവന്റെ ചെറുപ്പം വരുത്തിവെച്ച അപകട ചെയ്തികൾ. കുഞ്ഞിരാമൻ സഖാവ് ബോദ്ധ്യപ്പെടുത്തുകയായിരുന്നു. തമിഴ്നാട്ടിൽ നിന്നും ജീവിതം തേടി വന്നെത്തിയവരാണ്. പാർട്ടിയെ സ്നേഹിച്ചും വിശ്വസിച്ചും ഇവിടം കളിഞ്ഞുകൂടുന്നവരാണ്. ആ കുടുംബത്തിലേക്കുള്ള ഈ കടന്നു കയറ്റം...

അയാൾ തുടർന്നുപറഞ്ഞതെന്താണെന്ന് അറിയാനവിടെ കുറച്ചു നേരംകൂടി നിൽക്കണമായിരുന്നു. ഞാനതു ചെയ്തില്ല. തൊട്ടടുത്ത ദിവസം ജനകീയമുക്കിലെ ബീഡിക്കടയിൽ ചെന്നപ്പോൾ ബീഡിമുറം മടിയിൽവെച്ച് ബീഡി തെറുക്കുന്ന കൂട്ടു സഖാക്കൾ താക്കീതു നൽകി. 'പാർട്ടിക്ക് ചീത്തപേരുാക്കരുത്. നമ്മൾ സംഘടനയിലേക്ക് പുതുതായി വന്നെത്തിയവരാണ്. നമ്മുടെ പ്രവർത്തനം കൊ് ചീത്തപ്പേര്...

ജനകീയമുക്കിലെ വർത്തമാനങ്ങൾക്കും ഞാൻ കാതോർത്തില്ല. വീും കോതത്തറ കയറ്റത്തിലെ നാദസ്വരവാദ്യക്കാരൻ മുനിയായിയുടെ വീട്ടിൽ കയറിച്ചെന്നപ്പോൾ...അതിയന്റെ പരിഹാസവാക്കുകളിലെ മുള്ളുകൾ ഇപ്പോഴും മനസ്സിൽ പോറലേല്പ്പിക്കുന്നുല്ലോ. അവർ പരിഹസിച്ച് തള്ളിയ പഴയ അങ്ങാടി മുക്കിലെ 'കച്ചറപിച്ചറക്കൂട്ടർ' പ്രസ്ഥാനത്തിന്റെ ഭാഗമായവർ അവരെല്ലാം നാട്ടിന്റ പല സ്ഥലങ്ങളിലും ഇപ്പോഴും സജീവമാണല്ലോ.

പതുക്കെ പതുക്കെ പുതിയ നഗരത്തിന്റെ ശബ്ദപ്പെരുക്കങ്ങളിലൂടെ ഞാൻ നടന്നു. പാലത്തിന്റെ സിമന്റുതൂണുകളിന്നില്ല. പുതിയപാലത്തിന്റെ ഒടുവിലത്തെ തിരിവിലായി ഉയർന്നുകാണായ ഇരുനിലമാളികയുടെ മുകൾനില മുഴുവൻ ഞാൻ കു. അവിടെ നിരങ്ങനെചുകന്ന പ്രതലത്തിൽ വെളുത്ത അക്ഷരങ്ങൾ... ആപ്പിസിന്റെ മേൽവിലാസവിളമ്പരം. തൊട്ടുകിഴക്കേയതിരിൽ ഉയർന്ന പറമ്പിൽ, ഇല്ല നാദസ്വരവാദ്യക്കാരനും കുടുംബവും വേറെയിടങ്ങളിൽ ചേക്കേറിയിരിക്കാം. അനിയൻ പരിഹസിച്ചത് വെറുതെ. കോതത്തറക്കയറ്റം അവന്റെ ദുസൂചനകൾക്കുമപ്പുറം. മനപ്പൂർവ്വം ഒന്നും കില്ലായെന്നു നടിയ്ക്കുന്നവന്റെ കാഴ്ചകൾക്കുമപ്പുറം.....

**Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly. DTP Bhavana Graphics Thali, Printed at Geethanjali Offset Prints, Kundayithode, Kozhikode**